
ജനകീയാസൂത്രണം

# വികസന രേഖ

















## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്


കേരള സംസ്ഥാനം
തൃശ്ശൂർ
എറണാകുളം
ഇടുക്കി ജില്ല
കോട്ടയം
പത്തനംതിട്ട

58-6

# ജനകീയാസൂത്രണം

## വികസന രേഖ



## പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## രേഖ തയ്യാറാക്കിയവർ

1. വി. എസ്. രവീന്ദ്രൻ
2. എം. എൻ. മോഹനൻ
3. കെ. പി. ചെറിയാൻ
4. ചുനക്കര രാജൻ
5. സുമതി രാമകൃഷ്ണൻ
6. സാന്റി ജോസഫ്
7. കെ.ബി. വരദരാജൻ
8. എം. സി. ജയപ്രകാശ്
9. റോയി ജോസഫ്
10. വത്സവാസുദേവൻ
11. ഏ. ഏ. ഡേവിഡ്
12. ടി. കെ. രാജൻ
13. ഇ. പി. ദേവസിക്കുട്ടി

## ഉള്ളടക്കം



| | | | |
|---|---|---|---|
| I | | ആമുഖം | 7 |
| II | | ഗ്രാമപഞ്ചായത്ത്, പൊതുവിവരണം | 8 |
| III | | സാമൂഹ്യ-സാംസ്കാരിക ചരിത്രം | 9 |
| IV | 1. | കൃഷിയും, ജലസേചനവും | 11 |
| | 2. | മൃഗസംരക്ഷണം | 15 |
| | 3. | വിദ്യാഭ്യാസം | 17 |
| | 4. | കുടിവെള്ളവും പൊതുജനാരോഗ്യവും | 21 |
| | 5. | വ്യവസായം | 24 |
| | 6. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 25 |
| | 7. | പാർപ്പിടവും സാമൂഹ്യക്ഷേമവും | 30 |
| | 8. | സംസ്കാരം | 33 |
| | 9. | വനിത | 35 |
| | 10. | സഹകരണ മേഖല | 37 |
| | 11. | പട്ടികജാതി, പട്ടികവർഗക്ഷേമം | 39 |
| | 12. | വിഭവസമാഹരണം | 42 |
| | V | ഉപസംഹാരം | 44 |


☆ ☆ ☆ ☆ ☆

# പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീ. എ. കെ. ദാസപ്പൻ
വൈസ് പ്രസിഡന്റ്



ശ്രീ. എ. എസ്. പെല്ലദുരൈ
പ്രസിഡന്റ്



ശ്രീ. കെ.സി. വരദരാജൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ




ശ്രീ. കെ.പി. കുഞ്ഞുമോൻ



ശ്രീ. സാന്റി ജോസഫ്



ശ്രീമതി ടെസ്സിവർഗീസ്




ശ്രീ. എസ്. കെ. വിജയൻ



ശ്രീമതി ശിരോമണി പരമശിവൻ



ശ്രീമതി പി.കെ. പ്രസന്നകുമാരി



ശ്രീ. കെ. വി. ആന്റണി
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

### ഗ്രാമപഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ

1. ശ്രീ. എസ്. എൻ. രാജശേഖരൻ നായർ
2. ശ്രീ. വി. എസ്. ശശിധരൻ
3. ശ്രീ. കെ.ജെ. ജോസഫ്
4. കുമാരി വി. അന്നമ്മ
5. ശ്രീ. വി.കെ. സുകുമാരൻ
6. ശ്രീ. എ. സുബ്രഹ്മണ്യൻ
7. ശ്രീമതി കെ.ഒ ത്രേസ്യാമ്മ
8. ശ്രീമതി കെ. എ. എലിസബത്ത്
9. ശ്രീ. ജി. മാരിയപ്പൻ
10. ശ്രമതി പി. എ. ഷീല

## സന്ദേശം

സുപ്രഭാതം പൊട്ടിവിടർന്നു
ഒരായിരം കതിരവരുയർന്നു.
ഉണർന്നണിയ്ക്കു തൊഴിലാളികളെ-
യുവാക്കളെ....കർഷകരെ.....

രാഷ്ട്രപിതാവും ഗാന്ധിജിയോതിയ
ഗ്രാമോദ്ധാരണ വിപ്ലവമന്ത്രം
പാഞ്ചജന്യമുയർത്തിയുണർത്തി-
ഉയരുകയായ് ജനകീയാസൂത്രണമായ്


സുതാര്യ സുന്ദര പദ്ധതികൾ,
വികേന്ദ്രീകരണമാമധികാരങ്ങൾ,
നവ പഞ്ചവത്സര പദ്ധതിയിൽ
മമ സ്വപ്ന സാക്ഷാത്കാരം.

ഉണരാമുയരാമൊന്നായ്-
നാടിൻ മോചന രണാങ്കണേ,
അഭിമാനിയ്ക്കാമഭിനന്ദിയ്ക്കാം
ഭൂവിന്നു മാതൃകയായീടാം!!

ചുനക്കര രാജൻ



"പ്രകൃതിയിൽ നിന്നും കുട്ടയിലേയ്ക്ക്"
പാകമായ തേയില വിളവെടുപ്പ്



രാഷ്ട്രപിതാവ്

എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും.

# ആമുഖം

1953-ൽ പള്ളിവാസൽ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. ശ്രീ. ടി. ജി. നാരായണൻ നായരായിരുന്നു ആദ്യത്തെ പ്രസിഡൻറ്. വെള്ളത്തൂവൽ, അടിമാലി പഞ്ചായത്തു പ്രദേശങ്ങൾ അന്ന് ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു.

സമുദ്രനിരപ്പിൽ നിന്നും ഏതാണ്ടു രണ്ടായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ആനവിരട്ടിമുതൽ അയ്യായിരം അടി ഉയരത്തിൽ കിടക്കുന്ന ലക്ഷ്മി മുടിവരെ ഈ ഗ്രാമ പഞ്ചായത്തിൽപ്പെടുന്നു.

വടക്കുലക്ഷ്മി മുടിയും, തെക്ക് വെള്ളത്തൂവൽ പഞ്ചായത്തിൻെറ കൂടി അതിർത്തിയായ കൂമ്പൻപാറ എല്ലക്കൽ റോഡും, കിഴക്ക് മൂന്നാർ. ബൈസൺവാലി പഞ്ചായത്തുകളുടെ കൂടി അതിർത്തിയായ പുലിപ്പാറയും, പോതമേടും. പടിഞ്ഞാറ് കൂമ്പൻ പാറയും ഇതാണ് ഇന്നത്തെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിൻെറ അതിരുകൾ. കല്ലാറും മുതിരപുഴയാറും ഈ പഞ്ചായത്തിലൂടെ ഒഴുകി പെരിയാറ്റിൽ പതിക്കുന്നു. ഏലം, കാപ്പി, കുരുമുളക് എന്നിവയാണു പ്രധാനകൃഷി. പഞ്ചായത്തിൻെറ കിഴക്കുഭാഗം തേയിലത്തോട്ടങ്ങളാണ്. തെങ്ങ്, കുമുക്, കൊക്കൊ എന്നിവയും കൃഷിചെയ്യുന്നുണ്ട്. ഇഞ്ചി, മഞ്ഞൾ, കപ്പ എന്നിവ ഇവിടത്തെ പ്രധാന ഹ്രസ്വകാല വിളകളാണ്. ഏത്തവാഴക്കൃഷി വ്യാപകമായിക്കൊണ്ടിരിക്കുന്നു.

ചതുരശ്രകിലോമീറ്ററിൽ 246 ആണു ജനസാന്ദ്രത. 1991ലെ സെൻസസ് അനുസരിച്ച് 16,585 ആണ് ജനസംഖ്യ.

ചരിത്രപ്രസിദ്ധമായ പള്ളിവാസൽ പവർഹൗസ്, പാണ്ഡവർമല, ചിത്തിരപുരം, ശ്രീപട്ടംതാണുപിള്ള മണ്ണൊലിപ്പുതടയുന്നതിനുവേണ്ടി കോണ്ടൂർലൈൻ നിർമ്മിച്ചു മണ്ണു സംരക്ഷണ പദ്ധതിക്കു തുടക്കം കുറിച്ച കൂമ്പൻപാറ, ഇതെല്ലാം പള്ളിവാസൽ ഗ്രാമപഞ്ചായത്തിലാണ്. ദക്ഷിണ കാഷ്മീർ എന്നറിയപ്പെടുന്ന മൂന്നാർ സുഖവാസകേന്ദ്രത്തിനു തൊട്ടുതാഴെകിടക്കുന്ന ഈ പഞ്ചായത്ത് ഇന്നും ടൂറിസ്റ്റുകൾക്കു ഹരമാണ്.

1997-98 മുതൽ 2002-03 വരെ ഒമ്പതാമതു പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടമാണല്ലൊ. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കാൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. നാളിതുവരെ ഉണ്ടായ ആസൂത്രണ പ്രക്രിയ മുകളിൽ നിന്നും താഴെയ്ക്കായിരുന്നുവെങ്കിൽ ഒമ്പതാം പദ്ധതിയിൽ താഴെ നിന്നും മുകളിലേയ്ക്കാണ്. പരമ്പരയായി നില നിന്നു പോന്ന മാമൂലുകൾ മാറ്റിമറിക്കപ്പെടുകയാണ്. സ്വന്തം വീടിൻെറ ആസൂത്രണത്തിൽ മാത്രം താത്പര്യം കാണിച്ചിരുന്ന സാധാരണക്കാരൻ രാഷ്ട്രത്തിൻെറ ആസൂത്രണ പ്രക്രിയയിൽ പങ്കുചേരുന്നു. ജനപ്രതിനിധികളെ ഇക്കാര്യത്തിൽ സർവാത്മനാ സഹായിക്കുകയും അവരോടു സഹകരിക്കുകയും ചെയ്യുന്നു.

15-9-96നു കല്ലാർ ഗവ:യു.പി. സ്ക്കൂളിൽ വച്ചു നടന്ന പ്രാദേശികതല പരിശീലന ക്യാമ്പോടുകൂടിയാണ് ഈ ഗ്രാമ പഞ്ചായത്തിൽ ജനകീയ ആസൂത്രണത്തിനു വേണ്ടിയുള്ള ഒരുക്കങ്ങൾ ഔപചാരികമായി ആരംഭിച്ചതെന്നു പറയാം. ഏകദിന പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരും വാർഡ് മെമ്പർ മാരും, ബഹുജനപ്രസ്ഥാനങ്ങളുടെ പ്രവർത്തകരും ഒത്തു ചേർന്ന് പഞ്ചായത്തിലാകെ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി. അതിൻെറ ഫലമായി സാധാരണ ജനങ്ങൾ ഗ്രാമസഭകളിലെത്തി തങ്ങളുടെ പ്രദേശത്തിൻെറ പ്രശ്നങ്ങൾ അവതരിപ്പിച്ചു.


29-9-96 മുതൽ 6-10-96 വരെയുള്ള ദിവസങ്ങളിൽ ഒമ്പതു വാർഡിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. അജണ്ട ഒന്നേ ഉണ്ടായിരുന്നുള്ളൂ. 9-ാം പദ്ധതി. ജനകീയ ആസൂത്രണത്തിൻെറ ഒന്നാം ഘട്ടം ആവേശകരമായ ഗ്രാമസഭകളോടെ പൂർത്തിയായി.

രണ്ടാംഘട്ടത്തിൻെറ പൂർണതയ്ക്കുവേണ്ടിയാണ് നാം ഇവിടെ എത്തിച്ചേർന്നിരിക്കുന്നത്. പന്ത്രണ്ടു ഗ്രൂപ്പുകളിലായി ഗ്രാമസഭയിൽ നടന്ന ചർച്ചക്കുശേഷം ഓരോ ഗ്രൂപ്പിൽ നിന്നും വികസന സെമിനാറിലേക്കു തെരഞ്ഞെടുക്കപ്പെട്ട ഈരണ്ടു പേരാണ് ഈ സെമിനാറിലെ പ്രധാന പ്രതിനിധികൾ. ഓരോ വാർഡിനെയും പ്രതിനിധീകരിച്ച് ഇരുപത്തിനാലുപേർ. സംസ്ഥാന തലം മുതൽ പ്രാദേശിക തലംവരെ പരിശീലനം ലഭിച്ചവരും ഉദ്യോഗസ്ഥപ്രധാനികളും വിദഗ്ദ്ധന്മാരും അടങ്ങിയ ഈ സഭയ്ക്കു മുമ്പാകെ സമർപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ രേഖയ്ക്കു നിർമാണത്തിൽ വളരെയേറെ ആളുകളുടെ അശ്രാന്ത പരിശ്രമം ഉണ്ടായിട്ടുണ്ട്.

വലിയ വലിയ ആളുകൾ ചെയ്യേണ്ട രാഷ്ട്രത്തിൻെറ വികസന പ്രക്രിയയിൽ സാധാരണക്കാരന് എന്തു കാര്യം? ഇത് തങ്ങളുടെ അധികാരത്തിൽ കൈകടത്തുവാനുള്ള ശ്രമമല്ലേ? എന്നിങ്ങനെ പോകുന്ന ചില സംശയങ്ങൾ ഇതിൻെറ ആരംഭഘട്ടത്തിൽ പല ഭാഗത്തുനിന്നും ഉണ്ടാകാതിരുന്നില്ല. എന്നാൽ വികസന പ്രക്രിയയിൽ ജീവിതത്തിൻെറ നാനാതുറകളിലുള്ളവർ ഏകമനസോടെ സഹകരിക്കുന്നകാഴ്ചയാണ് ഈ രണ്ടാംഘട്ടവേളയിൽ കാണാൻ കഴിഞ്ഞത്.

സ്വയം സമ്പൂർണമായ വ്യക്തികൾ. അവർ ഉൾക്കൊള്ളുന്ന സ്വയം സമ്പൂർണമായ ഗ്രാമം. അത്തരം ഗ്രാമങ്ങൾ കൊണ്ടു നിറഞ്ഞ സ്വയം സമ്പൂർണമായ സംസ്ഥാനം. സ്വയം സമ്പൂർണമായ നാട്. ഗാന്ധിജിയുടെ സ്വപ്നത്തിന് 1997 സാക്ഷ്യം വഹിക്കാൻ പോവുന്നു. ഭാരതത്തിൻെറ ശക്തി അവളുടെ ശ്രമങ്ങളാണെന്ന് നാം ബോദ്ധ്യപ്പെടുത്താൻ പോവുകയാണ്.

ഗാന്ധിജിയുടെ സ്വപ്ന സാക്ഷാത്ക്കാരത്തിൽ കേരളത്തിലെ സർക്കാർ വഴികാട്ടിയാകുന്നു. നാം അതിനുള്ള കർമസേനയായിമാറുകയാണ്. ഭാരതം കാതോർക്കുന്ന, ചരിത്രത്തിൻെറ ഈ ദശാസന്ധിയിൽ നമുക്കുപ്രതിജ്ഞചെയ്യാം; ''രാഷ്ട്രത്തിൻെറ നിർമാണ പ്രക്രിയയിൽ പങ്കുകൊള്ളാൻ കിട്ടിയിരിക്കുന്ന ഈ അവസരം നാടിൻെറ വികസനത്തിനുവേണ്ടി നാം ഫലപ്രദമായി വിനിയോഗിക്കും. ഇതിനെ ഒരു യജ്ഞമായി ചരിത്രം നാളെ വിശേഷിപ്പിക്കും.''



## ഗ്രാമപഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | : പള്ളിവാസൽ ഗ്രാമപഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന വില്ലേജുകൾ | 1. പള്ളിവാസൽ<br>2. ആനവിരട്ടി<br>3. കുഞ്ചിത്തണ്ണി. |
| 3. | ബ്ലോക്ക് പഞ്ചായത്ത് | : അടിമാലി |
| 4. | താലൂക്ക് | : ദേവികുളം |
| 5. | അസംബ്ലിമണ്ഡലം | : ദേവികുളം |
| 6. | വിസ്തീർണ്ണം | : 67.47. ച. കി. മി. |
| 7. | അതിരുകൾ | : കിഴക്ക്-പുലിപ്പാറ, പോതമേട്<br>തെക്ക് - കൂമ്പൻ പാറ, എല്ലക്കൽ റോഡ്<br>പടിഞ്ഞാറ് - കൂമ്പൻ പാറ<br>വടക്ക് - ലക്ഷ്മി മുടി |
| 8. | ജനസംഖ്യ | : 16,585 (1991 കനേഷുമാരി) |
| | a. പുരുഷന്മാർ | : 8502 |
| | b. സ്ത്രീകൾ | : 8083 |
| | c. ജനസാന്ദ്രത | : 246 |
| | d. അക്ഷരാഭ്യാസമുള്ളവർ | 12318 |
| 9. | വാർഡുകളുടെ എണ്ണം | : 9 |
| 10. | പ്രസിഡൻറിൻെറ പേര് | ശ്രീ. ഏ. എസ്. ചെല്ലദുരൈ |
| 11. | വൈസ് പ്രസിഡൻറ് | : ശ്രീ. ഏ. കെ. ദാസപ്പൻ |
| 12. | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : കെ. ബി. വരദരാജൻ |
| 13. | ഭരണസമിതി അംഗങ്ങൾ | ശ്രീ. കെ. പി. കുഞ്ഞുമോൻ<br>ശ്രീ. സാൻറി ജോസഫ്<br>ശ്രീമതി. ടെസ്സി വർഗീസ്<br>ശ്രീ. എസ്. കെ. വിജയൻ<br>ശ്രീമതി. ശിരോമണി പരമശിവൻ<br>ശ്രീമതി. പി. കെ. പ്രസന്നകുമാരി. |



ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ്
ചിത്തിരപുരം സന്ദർശിച്ചതിൻെറ
ഓർമ്മയ്ക്കായുള്ള സ്മാരകശില

# സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ഏതൊരു നാടിനും അതിൻേറതുമാത്രമായ ഒരു ചരിത്രം ഉണ്ടായിരിക്കും. ആനാടിൻെറ ചരിത്രം. മിക്കവാറും ഇത്തരം ചരിത്രങ്ങൾഐതിഹ്യങ്ങളുമായി കെട്ടുപിണഞ്ഞാവും കിടക്കുക. കോളത്തിനും ഭാരതത്തിനും ഒക്കെ ഉള്ളതുപോലെ പള്ളിവാസലിനുമുണ്ട് അത്തരം ഒരു ചരിത്രം.

പണ്ട് പാണ്ഡവന്മാർ വനത്തിലൂടെ തെക്കോട്ടു സഞ്ചരിച്ച് പള്ളിവാസലിൽ എത്തി. അവർ താവളം ഉറപ്പിച്ച സ്ഥലമാണ് പാണ്ഡവർമല. പാണ്ഡവരുടെ പാദസ്പർശമേറ്റ അവിടെ ഒരു ഗുഹയും ഗുഹയിൽ അതിവിശാലമായ ഒറ്റക്കൽത്തറയും ഉണ്ട്. അതിനുസമീപത്തായി ഒരു വലിയ പാറയുടെ ചുവട്ടിൽ ഒരു കോവിലും അതിനോടു ചേർന്ന് നീരൊഴുക്കും കാണുന്നു.

വിശുദ്ധതോമസ്ശ്ലീഹാ തമിഴ്നാട്ടിൽ നിന്നും കോതമംഗലത്തിനുവരുന്നവഴി രാത്രി തങ്ങിയസ്ഥലമാണത്രെ പള്ളിവാസൽ. പരിശുദ്ധ എൽദോമാർ ബസോലിയോസ് ബാവ തിരുമാസ് കുർബാന അർപ്പിച്ച സ്ഥലം പള്ളിവാസൽ എന്ന പേരിൽ പ്രസിദ്ധമായി.

ഒരു കുടിയേറ്റ ഗ്രാമം എന്ന നിലയിൽ പള്ളിവാസലിന് സാമൂഹ്യ സാംസ്ക്കാരിക പൈതൃകത്തെക്കുറിച്ചു വളരെയൊന്നും പറയാനില്ല. എങ്കിലും പള്ളിവാസൽ ഈ നൂറ്റാണ്ടിൻെറ ആരംഭത്തിലും പ്രസിദ്ധമായിരുന്നു.

1877 ജൂലായ് മാസം 11-ാം തീയതിയാണല്ലോ ബ്രിട്ടീഷുകാരായ ജെ. സി. മൺറോ, ഏ.ഡബ്ലിയു. ടർണർ എന്നിവർ പൂഞ്ഞാർ രാജാവിൻെറ പക്കൽ നിന്നും ആയിരം രൂപ പ്രതിഫലവും പ്രതിവർഷം മൂവായിരം രൂപ പാട്ടവും നൽകാമെന്ന വ്യവസ്ഥയിൽ 344 ച.കി.മീ. സ്ഥലം റജിസ്റ്റർചെയ്തു വാങ്ങിയത്. സായ്പുമാരെ വഴികാട്ടിയ കണ്ണൻെറയും തേവൻേറയും ഓർമ അവരുടെ മനസ്സിൽ പച്ചപിടിച്ചു നിന്നിരുന്നു. 1897-ൽ സ്കോട്ടലൻറിൽ വച്ച് കമ്പനി റജിസ്റ്റർ ചെയ്തപ്പോൾ അതിനു നൽകപ്പെട്ട പേര് 'കണ്ണൻദേവൻ ഹിൽ പ്രൊഡ്യൂസസ് കമ്പനി' എന്നായിരുന്നു.

പള്ളിവാസലിലെ പ്രകൃതി സിദ്ധമായ ജലപാതം കമ്പനിയെ ആകർഷിച്ചു. 1906-ൽ കമ്പനി സ്വന്തം ആവശ്യത്തിനുവേണ്ടി 200 കി. വാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. ചരക്കുകൾ കൊണ്ടുപോകുന്നതിനുള്ള റോപ്പ്വേയും സ്ഥാപിച്ചു.

പെരിയാറിൻെറ പോഷകനദിയായ മുതിരപ്പുഴയെ ഹെഡ് വർക്സിൽ തടഞ്ഞുനിർത്തി 3121.67മീറ്റർ നീളമുള്ള ടണൽവഴി തിരിച്ചുവിട്ടു. 2214.3 മീറ്റർ വീതം നീളമുള്ള 4 പെൻസ്റ്റോക്കുകൾ വഴി അതിനെ താഴെക്കൊഴുക്കി. അങ്ങനെ പവർഹൗസിൽ എത്തിച്ചു. അതുപയോഗിച്ചു പവർഹൗസ് പ്രവർത്തിപ്പിച്ചു. 1938-ൽ ആരംഭിച്ച പണി 1940-ൽ പൂർത്തിയാക്കി. ഇതാണ് ചരിത്രപ്രസിദ്ധമായ പള്ളിവാസൽ പവർഹൗസ്.

മുതിരപ്പുഴയിൽ ഒഴുക്കുകുറയുന്നതനുസരിച്ചു കുണ്ടള (സേതുപാർവതീപുരം) മാട്ടുപ്പെട്ടി എന്നിവിടങ്ങളിലും അണക്കെട്ടുകൾ ഉണ്ടാക്കി. തിരുവിതാംകൂർ മഹാരാജാവു പണികഴിപ്പിച്ച ഈ ജല വൈദ്യുത പദ്ധതിയാണ് കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി പള്ളിവാസൽ. തുടർന്നു കണ്ണൻ ദേവൻ കമ്പനിക്കു വൈദ്യുതിനൽകുവാനുള്ള ഉത്തരവാദിത്വം മഹാരാജാവ് ഏറ്റെടുത്തു. ആ ഉത്തരവാദിത്വം കെ. എസ്. ഈ. ബി.യും നിർവഹിച്ചുപോരുന്നു.

സമുദ്രനിരപ്പിൽ നിന്നും രണ്ടായിരം മുതൽ അയ്യായിരം വരെ അടി ഉയരത്തിൽ കിടക്കുന്ന ഒരു മലയോര പഞ്ചായത്താണ് പള്ളിവാസൽ. മാസങ്ങളോളം തോരാതെ നിന്നു പെയ്തിരുന്ന മഴയോടും തണുപ്പിനോടും കാട്ടുമൃഗങ്ങളോടും മാരകമായ രോഗങ്ങളോടും പടവെട്ടി വിജയംവരിച്ച കുടിയേറ്റക്കാരൻെറ ചരിത്രമാണ് ഇന്നത്തെ പള്ളിവാസലിൻെറ ചരിത്രം.

ക്ഷയിനയുടേയും മലേറിയാമരത്തിൻെറയും സഹായത്തോടെ മരണത്തെ തൃണവൽഗണിച്ചുകൊണ്ടുപ്രകൃതിയോടു മല്ലടിച്ച ഈ ഗ്രാമത്തിലെ കർഷകരോടു നീതി കാണിക്കുവാൻ ഭരണാധികാരികൾ തയ്യാറായില്ല. പലപ്പോഴുംത്യാഗോജ്ജ്വലങ്ങളായ സമരങ്ങൾ തന്നെ ചെയ്യേണ്ടിവന്നിട്ടുണ്ട്.

ജാതിമതവിശ്വാസങ്ങൾ സംരക്ഷിച്ചു നിർത്തുമ്പോൾ തന്നെ അതിർവരമ്പുകളുടെ കാഠിന്യം കുറയ്ക്കുവാൻ പരിതസ്ഥിതികൾ മലയോരകർഷകനെ പഠിപ്പിച്ചു. ജാതിമത വിശ്വാസങ്ങൾക്കുപരി നിൽക്കുന്ന മനുഷ്യസ്നേഹം അരനൂറ്റാണ്ടിനുമുമ്പ് അവിടെ അനിവാര്യമായിരുന്നു. അതിൻെറ നിറം ഇനിയും മങ്ങിയിട്ടില്ല.

ശ്രീചിത്തിര തിരുനാൾ പള്ളിവാസലിൽ എത്തി. അതിൻെറ ഓർമയ്ക്കായി ഒരു സ്തംഭം സ്ഥാപിച്ചിട്ടുണ്ട്. ആ സ്ഥലമാണ് ചരിത്രപ്രസിദ്ധമായ ചിത്തിരപുരം.

യുദ്ധാനന്തര പരിതഃസ്ഥിതിയിലുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമത്തെ നേരിടുന്നതിനുവേണ്ടി രൂപം കൊടുത്ത പരിപാടിയാണല്ലോ ജി.എം.എഫ്. സ്കീം (ഗ്രോമോർഫുഡ് സ്കീം) അങ്ങനെ മണ്ണിൽ പണിചെയ്ത് കനകം വിളയിക്കുവാൻ പള്ളവിവാസലിൽ എത്തിച്ചേർന്ന കർഷകരുടെ ഇന്നത്തെ തലമുറ പ്രശ്നങ്ങളുടെ നടുവിലാണ്. കൃഷിത്തൊഴിലാളിക്കു കിട്ടുന്ന കൂലി ജീവിക്കുവാൻ മതിയാകുന്നില്ല. കർഷകനാകട്ടെ മുതൽമുടക്കിനനുസരിച്ചുള്ള ആദായം ലഭിക്കുന്നില്ല. അതുകൊണ്ട് കർഷകനും കൃഷിത്തൊഴിലാളിയും മറ്റുമേഖലകൾ തേടിപ്പോകുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾക്കു ആധ്യാത്മിക ബോധത്തിൻെറ വെളിച്ചം നൽകിപ്പോരുന്ന ദേവാലയങ്ങൾ വിവിധഭാഗങ്ങളിൽ ഉണ്ട്. അവിടങ്ങളിൽ നടക്കുന്ന ആഘോഷങ്ങളിൽ എല്ലാ ജനങ്ങളും ഒന്നുപോലെ സഹകരിക്കുന്നു.

വിവിധങ്ങളായ സാംസ്ക്കാരിക സംഘടനകളും സാമൂഹ്യ സംഘടനകളും സമുദായസംഘടനകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ജനങ്ങൾ വ്യക്തമായ രാഷ്ട്രീയബോധം ഉള്ളവരാണ്. കമ്മ്യൂണിസ്റ്റുപാർട്ടികളും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമാണ് പ്രധാന രാഷ്ട്രീയ കക്ഷികൾ. മറ്റു പ്രാദേശിക പാർട്ടികളും ചിലയിടങ്ങളിൽ ഇല്ലെന്നില്ല.

കക്ഷിരാഷ്ട്രീയം ആദർശപരവും സാമൂഹ്യവീക്ഷണ സംബന്ധിയുമാണെന്നുതിരിച്ചറിഞ്ഞ് അതിനതീതമായി ഉണ്ടാക്കിയ ഐക്യമാണ് പള്ളിവാസലിൻെറ അഭ്യുന്നതിക്കു കാരണം.

പഞ്ചായത്തിൻെറ കിഴക്കുഭാഗം തേയിലത്തോട്ടവും വടക്കുഭാഗം ഏലം, കാപ്പിതോട്ടങ്ങളും മറ്റു ഭാഗങ്ങൾ വിളക്കൃഷി മേഖലയുമാണെന്നുപറയാം. വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കാർഷിക മേഖല മുന്നിട്ടു നിൽക്കുമ്പോൾ തൊഴിലാളി പ്രസ്ഥാനത്തിൻെറ കരുത്തിൻെറ കാര്യത്തിൽ തോട്ടം മേഖലയാണു മുന്നിൽ.

തങ്ങൾക്കു പതിച്ചു കിട്ടിയ സ്ഥലത്ത് ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചതിനെതിരെ ഭരണയന്ത്രത്തിൻെറ കൊടുവാൾ ഉയർന്നപ്പോൾ അതിനെതിരെ സമരം നയിച്ചയാളുകളാണ് എം. കെ. വേലുപ്പിള്ള, പി. സി. ഗോപി, പി.എൻ. പരമേശ്വരൻ നായർ, പി.ഡി. സെബാസ്റ്റ്യൻ കെ. പി. നാരായണ പിള്ള തുടങ്ങിയവർ.

കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ചു തൊഴിലാളി കർഷക പ്രസ്ഥാനങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഉണ്ടാക്കി വളർത്തിക്കൊണ്ടുവരുന്നതിനുവേണ്ടി

പരിശ്രമിച്ച് വിജയം കണ്ടയാളുകൾ ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

സാമൂഹ്യസാംസ്ക്കാരിക രംഗങ്ങളിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹകരിക്കുന്നവരാണ് ഈ പഞ്ചായത്തിലെജനങ്ങൾ. സ്ക്കൂൾ കെട്ടിടങ്ങൾ പണിയുന്നതിൽ, റോഡുകൾ നിർമിക്കുന്നതിൽ, ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ തുടങ്ങി നാടിന്റെ വികസനത്തിന്റെ സമസ്ത മേഖലകളിലും ജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ച കമ്മിറ്റികളെ ഇവിടെ പരിചയപ്പെടുത്തട്ടെ. 1953-ൽ നിലവിൽ വന്ന പഞ്ചായത്തിന്റെ ആദ്യത്തെ കമ്മിറ്റി.

1. ടി. ജി. നാരായണൻ നായർ (പ്രസിഡൻറ്)
2. തോമസ് ചാണ്ടി (വൈസ് പ്രസിഡൻറ്)
3. എം. കെ. ലക്ഷ്മണൻ
4. കെ. എൻ. നൈനാൻ
5. സി. കെ. കുമാരൻ
6. എൻ. പണ്ടാരം
7. ടി. പി. പെരുമാൾ

20-5-1955 ൽ നിലവിൽവന്ന ഭരണസമിതി

1. ശ്രീ. തോമസ് ചാണ്ടി (പ്രസിഡൻറ്)
2. ശ്രീ. കെ. എൻ. നൈനാൻ (വൈസ് പ്രസിഡൻറ്)
3. ശ്രീ. എസ്. പണ്ടാരം
4. ശ്രീ. ചിത്തിരൻകങ്കാണി
5. ശ്രീ. എം. കെ. ലക്ഷ്മണൻ
6. ശ്രീ. സി. കെ. കുമാരൻ
7. ശ്രീ. ടി. ജി. നാരായണൻ നായർ

20-12-1963ൽ നിലവിൽ വന്ന ഭരണസമിതി അംഗങ്ങൾ

1. ശ്രീ. എൻ. ഗണപതി (പ്രസിഡൻറ്)
2. ശ്രീ. പി. ഒ. സ്കറിയ (വൈസ് പ്രസിഡൻറ്)
3. ശ്രീ. സി. ജി. വാസുദേവൻ
4. ശ്രീ. കെ. എൻ. നൈനാൻ
5. ശ്രീ. കെ. കരുണാകരൻ
6. ശ്രീ. പി. ഷണ്മുഖവേൽ
7. ശ്രീ. സി. രാമൻ.

1-2-1964നു വനിതാപ്രതിനിധിയായി ശ്രീമതി അന്നമ്മ മാത്യു നിർദ്ദേശിക്കപ്പെട്ടു. യോഗങ്ങളിൽ തുടർച്ചയായി പങ്കെടുക്കാതിരുന്നതുകൊണ്ട് അത് റദ്ദാക്കപ്പെട്ടു. 23-5-1965ൽ ആസ്ഥാനത്തേക്കു ശ്രീമതി ഓമനകുഞ്ഞുപണിക്കർ നിർദ്ദേശിക്കപ്പെട്ടു.

29-4-1967 മുതൽ ശ്രീ. കെ. എൻ. നൈനാൻ പ്രസിഡൻറായി.

28-9-1979 മുതൽ നിലവിൽ വന്ന ഭരണ സമിതി അംഗങ്ങൾ

1. ശ്രീ. ടി. ആർ. ശശിധരൻ (പ്രസിഡൻറ്)
2. ശ്രീ. എ. കണ്ണൻ (വൈസ് പ്രസിഡൻറ്)
3. ശ്രീ. എ. കെ. ദാസപ്പൻ
4. ശ്രീ. കെ. എൻ. ദാമോദരൻ
5. ശ്രീമതി. എം. കനകമ്മാൾ
6. ശ്രീ. എ. ഭാസ്ക്കരൻ
7. ശ്രീ. കെ. എ. മുഹമ്മദ്
8. ശ്രീ. പി. ഒ. സ്കറിയ


5-2-1988 മുതൽ നിലവിൽ വന്ന ഭരണ സമിതി അംഗങ്ങൾ.

1. ശ്രീ. എ. കെ. ദാസപ്പൻ (പ്രസിഡൻറ്)
2. ശ്രീ. എം. ബി. ജയപ്രകാശ് (വൈസ് പ്രസിഡൻറ്)
3. ശ്രീ. കെ. പി. കുഞ്ഞുമോൻ
4. ശ്രീമതി. ഓമനപണിക്കർ
5. ശ്രീ. പി. എം. ബേബി
6. ശ്രീ. പി. നാരായണൻ കർത്താ
7. കുമാരി. വി. ആർ. കാർമലി
8. ശ്രീ. മാടസ്വാമി
9. ശ്രീ. മൂക്കയ്യ

4-10-1995 മുതൽ നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നു.

നാടിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ തയ്യാറുള്ള ചെറുപ്പക്കാരാണ് ഈ പഞ്ചായത്തിന്റെ വിലപ്പെട്ട വിഭവം. അവരെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഒമ്പതാം പദ്ധതിയിലൂടെ നാടിന്റെ മുഖഛായ തന്നെ മാറ്റിമറിക്കാൻ അവസരം ലഭിച്ചിരിക്കുകയാണ്. നാടിന്റെ ആസൂത്രണ പ്രക്രിയയിൽ മുഴുവൻ ജനങ്ങൾക്കും പങ്കാളിത്തം ലഭിക്കുകയാണ്.

ഈ അവസരം മറ്റൊരു ചരിത്രസൃഷ്ടിക്കുള്ള ദിവ്യമുഹൂർത്തമായി കരുതി നമുക്കു മുന്നോട്ടുപോകാം.



## കൃഷിയും ജലസേചനവും

തേയില-ഏലത്തോട്ടം തൊഴിലാളികളും കർഷകരും ഇടകലർന്നു ജീവിക്കുന്ന ഒരു ഗ്രാമമാണ് പള്ളിവാസൽ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ വടക്കും കിഴക്കും സഹ്യന്റെ നിരകളിൽ പ്രധാനപ്പെട്ട ലക്ഷ്മി, മുത്തൻമുടി മലകൾ അതിരിടുന്നു. സമുദ്ര നിരപ്പിൽ നിന്നും 2000 മുതൽ 5200 അടിവരെ ഉയരത്തിലാണ് പഞ്ചായത്തിന്റെ സ്ഥാനം. പെരിയാറിന്റെ പോഷക നദിയായ മുതിരപ്പുഴയാർ പഞ്ചായത്തിന്റെ കിഴക്കുവശത്തു കൂടിയും മദ്ധ്യഭാഗത്തുകൂടി കല്ലാറും ഒഴുകുന്നു. 7,8. വാർഡുകളുടെ ഭൂരിഭാഗം പ്രദേശവും ടാറ്റാ-ടി എസ്റ്റേറ്റ് വക തേയിലത്തോട്ടങ്ങളാണ്. 1,3,4,5,8, വാർഡുകളിൽ വ്യാപകമായ ഏലം കൃഷിയും, 2,3,5,6,9 വാർഡുകളിൽ കുരുമുളക്. തെങ്ങ്, കമുക്, കൊക്കോ, വാഴ, റബ്ബർ തുടങ്ങിയ കൃഷികളും ചെയ്തുവരുന്നു. ലക്ഷ്മി, മുത്തൻമുടി തുടങ്ങിയ പർവ്വത നിരകളിൽ നിന്ന് ഒഴുകിവരുന്ന നീർച്ചാലുകൾ ഇവിടുത്തെ കൃഷിക്ക് പ്രയോജനപ്പെടുത്തുന്നുണ്ട്. പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷി സംവിധാനമാണ് നിലവിലുള്ളത്. വാണിജ്യ വിളകളായ ഏലവും കുരുമുളകുമാണ് പ്രധാന കൃഷികൾ.

ഏതാണ്ട് 10 വർഷങ്ങൾക്കു മുമ്പ് 100 ഹെക്ടറോളം സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നു. ഈ കൃഷി ആദായകരമല്ലാത്തതിനെത്തുടർന്ന് ഇവിടെ കുരുമുളക്, വാഴ തുടങ്ങിയ കൃഷികൾ ചെയ്തുവരുന്നു.

30 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടെന്ന് കൃഷിഭവൻ രേഖകളിൽ കാണുന്നുവെങ്കിലും അത്രയും സ്ഥലത്ത് കൃഷി ചെയ്യുന്നില്ല. നെൽകൃഷി ആദായകരമായി നടത്തുവാൻ കഴിയുന്ന സാഹചര്യം സൃഷ്ടിച്ചാൽ നെല്ലുൽപ്പാദന രംഗത്ത് ഒരു മുന്നേറ്റം നടത്തുവാൻ കഴിയും.

മരച്ചീനി, പച്ചക്കറികൾ ഇവ ധാരാളമായി കൃഷിചെയ്തു വരുന്നു.

1500 ഹെക്ടർ സ്ഥലത്ത് കുരുമുളകാണ് കൃഷി ചെയ്യുന്നത്. ദ്രുതവാട്ടം അടക്കമുള്ള രോഗങ്ങൾ കാരണം കുരുമുളകു കൃഷി തകർച്ചയെ നേരിടുന്നു. കൃഷി ഭവനുകളിൽ നിന്നു ചില സമിതികൾ വഴി നൽകുന്ന തുരിശും കുമ്മായവും യഥാർത്ഥ കർഷകരിൽ എത്തിച്ചേരുന്നില്ലെന്നു മാത്രമല്ല ലഭിക്കുന്ന തുരിശു ബോർഡോ മിശ്രിതവും സി.ഒ.സി. യും കൊണ്ട് രോഗത്തെ തടയുവാൻ കഴിയുന്നില്ല.

കുരുമുളകു കൃഷി സംരക്ഷണത്തിന് ഗഹനമായ ഗവേഷണ പരിപാടികൾ നടത്തേണ്ടിയിരിക്കുന്നു. 1100 ഹെക്ടർ സ്ഥലത്ത് ഏലം കൃഷി ചെയ്തുവരുന്നു.

ചില കാലങ്ങളിലുണ്ടാകുന്ന ഉല്പാദനക്കുറവും വില ഇടിവും, വളങ്ങളുടെ വില വർദ്ധനവും കർഷകരെ തളർത്തുന്നു. കൂട്ടത്തിൽ ജല ലഭ്യതയുടെ അപര്യാപ്തതയും, കീടനാശിനികളുടെ വില വർദ്ധനവും.

ഉൽപ്പാദനച്ചിലവുമായി ഏലത്തിനു തറവില നിശ്ചയിച്ചാൽ മാത്രമെ വിദേശനാണ്യം നേടിത്തരുന്ന ഈ കൃഷിക്ക് അഭിവൃദ്ധി ഉണ്ടാവുകയുള്ളൂ. കുറച്ചു കാലങ്ങളായി കണ്ടുവരുന്ന വരൾച്ച ഉൽപ്പാദനത്തെ ബാധിക്കുന്നു. കുളങ്ങൾ കുഴിച്ചും, നീർച്ചാലുകളിൽ ചെക്ഡാമുകൾ നിർമ്മിച്ചും ജലധാര പദ്ധതികളിൽ നിർമ്മിച്ചിട്ടുള്ള വിവിധ ജലസേചന പദ്ധതികൾ ഉപയോഗപ്പെടുത്തിയും ജലസേചന പദ്ധതികൾ വ്യാപകമാക്കാനുള്ള സൗകര്യം ധാരാളമുണ്ട്.

വിവിധ ഇനം വൈറസ് രോഗങ്ങളും അതുമൂലം ചീയലും വ്യാപകമാണ്.

ഭൂരിഭാഗം കർഷകരും നാമമാത്ര ദരിദ്ര ഇടത്തരം കർഷകരാണ്. വിശദവിവരം താഴെനൽകുന്നു.

ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റെ 0.07 ഹെക്ടറാണ്. ആദ്യകാലത്ത് തേയില. ഏലം മേഖല ഒഴിച്ചുള്ള കൃഷികൾ തന്നാണ്ടു വിളകൾ മാത്രമാണ് ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ അവ ഇടവിളകളായി കൃഷി ചെയ്തുവരുന്നു. തെരുവ (ഇഞ്ചിപ്പുൽ) സർവ്വസാധാരണമായി കൃഷി ചെയ്തിരുന്നെങ്കിലും അവ നാമമാത്രമായി അവശേഷിക്കുന്നു.

**ഭൂവിനിയോഗം:**

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 67.47 ച. കി. മീ. ഇത്, ഉയർന്ന കുന്നുകൾ, കുന്നിൻ ചെരുവുകൾ. താഴ്വര, ചതുപ്പ്. പാറക്കെട്ട്, ഇങ്ങനെ അഞ്ച് ഭാഗങ്ങളായി തിരിക്കാം. ചരൽ ചേർന്ന ചുമന്നമണ്ണ്, കറുത്ത മണ്ണ്. ചെമ്മണ്ണ്. വന മണ്ണ്. പാറക്കെട്ട്, ഇങ്ങനെ വിവിധ ഇനം മണ്ണുകൾ കൊണ്ട് അനുഗ്രഹീതമാണ്. തേയിലകൃഷി ഭൂമിയിൽ കറുത്തമണ്ണും ഏലം മേഖലയിൽ കറുത്തതും മണൽകലർന്ന മണ്ണും, മറ്റു വിവിധ കൃഷി മേഖലയിൽ പലതരം മണ്ണുകളും കാണാം.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| വില്ലേജ് | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | സെൻറ് 1-10 | സെൻറ് 10-25 | സെൻറ് 25-50 | ഏക്കർ 50-100 | ഏക്കർ 1-2 | ഏക്കർ 2-5 | 5 ഏക്കറിനുമേൽ | ആകെ |
| പള്ളിവാസൽ | 5263.31 | 76.81 | 102.84 | 2830.82 | 114 | -- | 241 | 281 | 336 | 379 | 118 | 8273.88 |
| ആനവിരട്ടി | 1239.05 | 2 83 | 7.56 | 1235 | 220 | 65 | 50 | 161 | 172 | 237 | 646 | 2485 |
| കുഞ്ചിത്തണ്ണി | 3214.17 | 129.65 | -- | 3021.53 | 375 | -- | 743 | 738 | 726 | 132 | 31 | 6366.42 |

## ഭൂവിനിയോഗം:

## വിള വിസ്തീർണ്ണവും ഉൽപ്പാദനവും :

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് ഒന്നാംവിള | 30 ഹെക്ടർ | 75 ടൺ | 2500kg. |
| നെല്ല് രണ്ടാംവിള | 30 ഹെക്ടർ | 80 ടൺ | 2800kg. |
| കുരുമുളക് | 1500 ഹെക്ടർ | 1125 ടൺ | 750 kg. |
| ഏലം | 1100 ഹെക്ടർ | 165 ടൺ | 150 kg. |
| കമുക് | 240 ഹെക്ടർ | 868 മില്യൻ നട്സ് | 3.62 മില്യൻ നട്സ് |
| വാഴ | 170 ഹെക്ടർ | 748 ടൺ | 4.4 ടൺ |
| തെങ്ങ് | 110 ഹെക്ടർ | 495000 നട്സ് | 30 നട്സ് ഒരു മരത്തിന് |
| മരച്ചീനി | 100 ഹെക്ടർ | 3000 ടൺ | 30 ടൺ |
| റബ്ബർ | 30 ഹെക്ടർ | 36 ടൺ | 1200 kg. |
| പച്ചക്കറി | 10 ഹെക്ടർ | 50 ടൺ | 5 ടൺ |

**ജലസേചനം :**

പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷി രീതിയാണെന്നു മുമ്പ് സൂചിപ്പിച്ചുവല്ലോ.

**തോടുകൾ :**

പഞ്ചായത്തിലാകെ 31 തോടുകളും വലിയ 2 (രണ്ട്) ആറുകളുമുണ്ട്. ചെറുകിട ജലസേചനത്തിനായി ആറ് അണക്കെട്ടുകളും അഞ്ച് ക്രോസ് ബാറുകളും നിലവിലുണ്ടെങ്കിലും അവയിൽ പലതും സ്വകാര്യ ഉപയോഗത്തിലൊതുങ്ങിപ്പോകുന്നു. പൊതുവായി ഉപയോഗിക്കുന്നവ ചില മേഖലകൾക്കു മാത്രം പ്രയോജനപ്പെടുന്നു.

**കുളങ്ങൾ :**

നമ്മുടെ പഞ്ചായത്തിൽ മൂന്നു കുഴൽക്കിണറുകളും 190 കുളങ്ങളും, 1800 പൊതു ജലസേചനക്കിണറുകളും മൈനർ ഇറിഗേഷനിൽ ജലധാരയിൽ 4 കുളങ്ങളും ഉണ്ടെന്നാണ് രേഖ.

ഇതിൽ പീച്ചാട്- പ്ലാമല ഭാഗത്തുള്ള രണ്ട് ജലധാരാ സ്കീമിലുള്ള കുളങ്ങളും, കുരിശുപാറ- കോട്ടപ്പാറയിലുള്ള ഒരു ചെക്ഡാമും, ഭൂമിയുടെ ഉടമസ്ഥർ സ്വന്തമായി ഉപയോഗിച്ചു വരുന്നു. ഇവ സ്ഥിരമായി ജലം ലഭിക്കുന്നവയുമാണ്. ഇവകൾ പഞ്ചായത്ത് ഏറ്റെടുത്ത് പൊതുവായി ഉപയോഗിച്ചാൽ 1,4. വാർഡുകളിലുള്ള കൃഷികൾക്കുള്ള ജലം ലഭ്യമാകും.

വേനൽക്കാലമാകുന്നതോടെ ബാക്കിയുള്ളതിൽ ഭൂരിപക്ഷവും അശാസ്ത്രീയ വീക്ഷണത്താൽ നിർമ്മിയ്ക്കപ്പെട്ടവയായതുകൊണ്ട് വറ്റി വരണ്ടുപോകുന്നു.

വൻ ജല സ്രോതസ് ഉള്ള പഞ്ചായത്താണെങ്കിലും അവ വേണ്ടവിധം ജലസേചനത്തിനും കുടിജലത്തിനുമായി ഉപയോഗിക്കുവാൻ മുൻകാലങ്ങളിൽ കഴിഞ്ഞിട്ടില്ല.

**കൃഷിഭവൻ :**

തോക്കുപാറ കേന്ദ്രമാക്കി കൃഷിഭവൻ പ്രവർത്തിക്കുന്നു. നടീൽ വസ്തുക്കൾ, വളം, കീടനാശിനി, പമ്പുസെറ്റ് തുടങ്ങിയവയും മണ്ണു സംരക്ഷണത്തിന്റെ ഭാഗമായി കയ്യാലക്കുള്ള സബ്സിഡിയും കൃഷിഭവൻ വഴി നൽകിവരുന്നു. എന്നാൽ എല്ലാ അർഹതയുള്ള കർഷകർക്കും അവ ലഭിക്കുന്നില്ല, എന്നുള്ള പരാതിയും കർഷകർക്കുണ്ട്.

കീടനാശിനികളും അവ തളിക്കുന്നതിനു വേണ്ടിയുള്ള പമ്പുസെറ്റുകളും പല കർഷകർക്കും ലഭിക്കുന്നില്ല.

## നടീൽ വസ്തുക്കളുടെ വിതരണം:

| ഇനം | 1993 - 94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങ് | 360 | 1200 | 500 |
| കശുമാവ് | ഇല്ല | --- | --- |
| കുരുമുളക് | 10000 | 12500 | 45000 |
| കമുക് | ഇല്ല | --- | 1850 |
| കൊക്കോ | ഇല്ല | 500 | ഇല്ല |
| പച്ചക്കറി വിത്ത് | 1300 കിറ്റ് | 1240 കിറ്റ് | 490 കിറ്റ് |
| ജാതി | 730 | 150 | --- |
| കൊക്കോ | ഇല്ല | 500 | --- |
| | | | |

## തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ :

| കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ |
|---|---|---|---|
| 140 ഹെക്ടർ | 2500 | 22000 | 24,500 |

പ്രശ്നങ്ങൾ :

1. മണ്ണൊലിപ്പ് മൂലം കൃഷി ഭൂമിയുടെ ഫലഭൂയിഷ്ടി നഷ്ടമാകുന്നു.
2. ഏലം, കുരുമുളക്, തെങ്ങ് മുതലായ വിളകൾക്കുള്ള കീടബാധ.
3. ഏലത്തിനുണ്ടാകുന്ന ചീയൽ രോഗം.
4. കുരുമുളകു ചെടിയ്ക്കുണ്ടാകുന്ന 'ധ്രുതവാട്ടം' തുടങ്ങിയ രോഗങ്ങൾ.
5. തെങ്ങ്, കമുക് ഇവകൾക്കുണ്ടാകുന്ന 'മഞ്ഞളിപ്പ് രോഗ'വും കൂമ്പു ചീയലും
6. ജലസേചനത്തിന്റെ അപര്യാപ്തത
7. ശാസ്ത്രീയ കൃഷിരീതിയുടെ അഭാവം. ഗുണമേന്മയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ്.
8. മണ്ണു പരിശോധനയുടെ അഭാവം.
9. ഉൽപ്പാദന ക്ഷമതക്കുറവ്
10. വളം, കീടനാശിനി. ഇവകളുടെ വിലവർദ്ധനവ്
11. കൃഷിച്ചിലവു വർദ്ധനവ്
12. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം
13. വിപണി സൗകര്യക്കുറവ്
14. ഇടത്തട്ടുകാരുടെ ചൂഷണം
15. കൃഷിഭവനിൽ നിന്നുള്ള സഹകരണമില്ലായ്മ
16. ഗതാഗത അസൗകര്യം - കർഷകത്തൊഴിലാളികളുടെ കുറവ്
17. രാസവളങ്ങളുടെയും, കീടനാശിനികളുടെയും പ്രയോഗം മൂലമുള്ള മണ്ണിന്റെ ഘടനാ വ്യത്യാസം.
18. ശാസ്ത്രീയ വള പ്രയോഗത്തിന്റെ അഭാവം.
19. സാമ്പത്തിക സഹായത്തിന്റെ കുറവ്
20. നെൽപ്പാടങ്ങൾ നികത്തി മറ്റു വിളകൾ കൃഷിചെയ്യുന്നു.

നിർദ്ദേശങ്ങൾ :

1. മണ്ണൊലിപ്പ് തടയുന്നതിന് കൃഷിഭവൻ ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് 'ഇടക്കയ്യാല'കൾ വെക്കുന്നതിനു സഹായിക്കുക.
2. വിവിധ കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങൾക്കും കീടങ്ങൾക്കുമെതിരേ ഇന്നത്തേക്കാളും മെച്ചപ്പെട്ട രീതിയിൽ കൃഷി ഭവനിൽ നിന്നും പ്രതിരോധ നടപടികളും സാമ്പത്തിക സഹായവും ഉണ്ടാകണം.
3. വാട്ടർഷെഡ് പദ്ധതിയും താഴെപറയുന്ന സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ജലസേചന പദ്ധതികളും പ്രയോജനപ്പെടുത്തുക.

   കുരിശുപാറ - ചെക്ഡാം-ഹരിജൻ കോളനിയിലും മറ്റുപ്രദേശത്തും പൂർണ്ണമായി പ്രയോജനപ്പെടും.

   പീച്ചാട് - പ്ലാമല- 2 കുളങ്ങൾ (ചെങ്ങാം തടം)


   പുതിയവ നിർമ്മിക്കുക-

   നാലാം വാർഡിൽ വി. റ്റി. എസ്റ്റേറ്റിനോട് ചേർന്ന് ചെക് ഡാം നിർമ്മിക്കുക.

   രണ്ടാം മൈൽ പാറപ്പുറം ഭാഗത്ത് ചെക്ഡാം നിർമ്മിച്ചാൽ ജലസേചനവും, കുടിവെള്ളവും ധാരാളമായി ലഭിക്കും.

   മുത്തൻ മുടിയിൽ വാട്ടർ അതോറിട്ടി തുടങ്ങിവെച്ച സ്കീം പൂർത്തിയാക്കുക.

   പവ്വർഹൗസ് ഭാഗത്ത് കളരിയ്ക്കൽ നാരായണ പിള്ളയുടെ സ്ഥലത്തിനടുത്ത് ഒരു വാട്ടർ ടാങ്ക് നിർമ്മിക്കുക. കല്ലാർ പുഴയിൽ നിന്നും കനാൽ വഴി കാണ്ട്യാംപാറ ഹരിജൻ കോളനിയിൽ വെള്ളമെത്തിക്കുക.
4. മണ്ണ് പരിശോധിക്കുവാനുള്ള സംവിധാനം (കാലാകാലങ്ങളിൽ) 'സോയിൽ കൺസർവേഷൻ' മുഖേന നടപ്പിലാക്കുകയും ശാസ്ത്രീയ കൃഷിരീതി ഏർപ്പെടുത്തുകയും ചെയ്യുക.
5. ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക.
6. ഉൽപ്പാദനക്ഷമമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക.
7. വിള ഇൻഷുറൻസ് വ്യാപകമായി ഏർപ്പെടുത്തുകയും പ്രകൃതി ക്ഷോഭത്തിന്നിരയാകുന്ന കർഷകരെ സഹായിക്കുകയും ചെയ്യുക.
8. പഞ്ചായത്തിൽ ഒരു ചന്ത സ്ഥാപിച്ച് ഇടനില വ്യാപാരികളെ ഒഴിവാക്കുക.
9. ഗ്രാമീണ റോഡുകൾ ടാറുചെയ്യുകയും അതുമൂലം കാർഷിക വിളകൾ മാർക്കറ്റിൽ എത്തിക്കുവാനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.
10. സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ ഇവകൾ മുഖേന ചുരുങ്ങിയ പലിശ നിരക്കിൽ കൃഷിക്കാവശ്യമായ സാമ്പത്തിക സഹായം നൽകുക.
11. നെല്ലുൽപ്പാദന കർഷകരെ നിലനിർത്തുവാനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ കൈക്കൊള്ളുക.
12. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിത്ത്, വളം, ജലസേചനം ഇവ നൽകിയാൽ സ്വയം പര്യാപ്തത നേടുകയും പുറത്ത് വിൽപ്പന നടത്തുകയും ചെയ്യും.
13. ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുക.
14. പുഷ്പഫല കൃഷികൾ പ്രോത്സാഹനം അർഹിക്കുന്നവയാണ്.
15. കുരുമുളക്, ഏലം എന്നിവയുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന -ജില്ലാ- താലൂക്ക് -പഞ്ചായത്ത് അടിസ്ഥാനത്തിൽ 'എസ്സൻസ് ഫാക്ടറി' തുടങ്ങുകയും, ഉൽപ്പാദന ക്ഷമത വർദ്ധിക്കുകയും ചെയ്താൽ കൃഷിയോടൊപ്പം വ്യവസായവുമാക്കി മാറ്റാം.
16. കല്ലാറിൽ ഏലം 'ഓപ്ഷൻ സെൻറർ' തുടങ്ങുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.
17. കല്ലാർ പുഴയിൽ തടയണ കെട്ടി എട്ടേക്കർ - കമ്പിലൈൻ, ഇരുട്ടുകാനം, ആനവിരട്ടി വഴി ഒരു കനാൽ നിർമ്മിയ്ക്കുകയും അത് കാണ്ട്യാംപാറ വഴി അമ്പഴച്ചാലിലേക്ക് നീട്ടുകയും ചെയ്താൽ ഈ പഞ്ചായത്തിന്റെ ഒരു ഭാഗം പ്രദേശം മുഴുവൻ ജലസേചനം പൂർണ്ണമാക്കാൻ കഴിയും.




18. മൂന്നാം വാർഡിൽ വട്ടയാറിൽ നിലവിലുള്ള ചെക്ഡാം പ്രയോജനകരമല്ല. അതുകൊണ്ട് ഒരു ചെക്ഡാം അതിനു മുകളിലേയ്ക്ക് ഏതാണ്ട് ഒന്നര കിലോമീറ്റർ ഉയരത്തിൽ നിർമ്മിച്ചാൽ കർഷകർക്ക് പ്രയോജനമുണ്ടാകും. ചുണ്ട ക്കാട്ടിലുള്ള 'ചെക്ഡാം' കെട്ടിപ്പൊക്കിയാൽ ജലം സംഭരിച്ച് കനാൽ വഴി കാണ്ട്യാംപാറയിൽ എത്തിക്കുവാൻ കഴിയും.

19. രണ്ടാം മൈൽ ജംഗ്ഷനു മുകളിൽ പി. എസ്. മാടസ്വാമി യുടെ വീടിനു സമീപം കുളം പണിയുക. രണ്ടാം മൈലിൽ ബേബി ആട്ടകുഴിയുടേയും, കെ. വാസുക്കുട്ടന്റെയും വീടിനു സമീപത്തായി കുളം നിർമ്മിച്ചാൽ കർഷകർക്കു പ്രയോജനകരമാകും.

20. തോക്കുപാറ ഇറിഗേഷന്റെ പ്രവർത്തനം മെച്ചപ്പെടു ത്തണം.

21. 8-ാം വാർഡിൽ വാഴത്തോപ്പു ഭാഗത്തു 'ചെക്ഡാം' നിർമ്മിച്ചാൽ ആയിരത്തിലധികം ഏക്കർ ഏലം കൃഷിക്ക് പ്രയോജനപ്പെടുത്താം.

22. മുത്തന്മുടി ഭാഗത്ത് കനാലും ചെക്ഡാമും നിർമ്മിക്കുക.

23. ജലസേചനത്തിനായി മുത്തന്മുടി, തണ്ണിപ്പാറ, ആഡിറ്റ്, പവ്വർഹൗസ്, തുടങ്ങിയ പ്രദേശങ്ങളിൽ കുളങ്ങളും ആഡി റ്റിൽ ഒരു ചെക്ഡാമും സ്ഥാപിക്കുക.

24. കാർഷികാഭിവൃദ്ധി ലാക്കാക്കി വൈദ്യുതി എല്ലാ മേഖല കളിലും എത്തിക്കുകയും കർഷകന് പ്രയോജനകരമായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.



പ്രകൃതി മനോഹരി....
(പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ
തേയില തോട്ടങ്ങളുടെ ഒരു ദൃശ്യം.)

## മൃഗസംരക്ഷണം

പള്ളിവാസൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രതീക്ഷകളുള്ളൊരു മേഖലയാണു കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട മേഖല. കർഷകരും കർഷകത്തൊഴിലാളികളും പൊതുവെ പാലുല്പാദകരായിമാറിക്കൊണ്ടിരിക്കുകയാണ്. കർഷക ജന സാമാന്യത്തെ സംബന്ധിച്ചിടത്തോളം ധാരാളം പ്രതീക്ഷകളും സാധ്യതകളും ഇക്കാര്യത്തിൽ ഉണ്ട്. ഉപജീവനമാർഗം ആണ് ഇത്.

പഞ്ചായത്തിൽ പൊതുവെ സങ്കരയിനം പശുക്കളാണ് കാണപ്പെടുന്നത്. ആനച്ചാൽ, തോക്കുപാറ, കല്ലാർ, കുരിശുപാറ, പോതമേട്, തണ്ണിപ്പാറ, കുഞ്ചിത്തണ്ണി തുടങ്ങിയ ഭാഗങ്ങളിൽ കൂടുതലായി കാലിവളർത്തൽ കാണപ്പെടുന്നു. പട്ടിക 4-2-1 കാണുക.

ഗോവർഗ്യാസ് പ്ലാൻറുകളെകുറിച്ചു പഞ്ചായത്തിൽ വേണ്ടത്ര ബോധവൽക്കരണം ഉണ്ടായിട്ടില്ല. നാലുവീടുകളിൽ ഗോവർഗ്യാസ് പ്ലാൻറുണ്ട്.

കന്നുകാലികൾക്കുപ്രധാനമായും പുല്ലാണു തീറ്റയായി നൽകുന്നത്. അതൊഴികെ കാലിത്തീറ്റ വിലകൊടുത്തുവാങ്ങിയാണു നൽകുന്നത്. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയാണുള്ളത്. അകിടു വീക്കം, പനി, മഞ്ഞപ്പിത്തം, വന്ധ്യത, എന്നിവയാണു സാധാരണയായികണ്ടുവരുന്ന രോഗങ്ങൾ.

തോക്കുപാറ, കുഞ്ചിത്തണ്ണിഭാഗങ്ങളിൽ രണ്ടു വീതം മിൽക്ക് ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ടാംമൈൽ, ഡൌബിപ്പാലം, പീച്ചാട്, പോതമേട്, ആറ്റുകാട് എന്നിവിടങ്ങളിൽ ഡിപ്പോകൾ ഇല്ല.

ശുദ്ധജല മത്സ്യക്കൃഷിക്കു സകല വിധ സാധ്യതകളും ഉള്ള ഒരു പഞ്ചായത്താണു പള്ളിവാസൽ. ശാസ്ത്രീയമായ കൃഷിക്കുവേണ്ട ജ്ഞാനം കർഷകർക്കു നൽകുകയും വിപണന സൗകര്യം ഉണ്ടാക്കുകയും ചെയ്താൽ അത് ധാരാളം കുടുംബങ്ങൾക്കു ഉപജീവനമാർഗം ആകും.

പഞ്ചായത്തിലെ മിക്കവാറും വീടുകളിൽ കോഴിവളർത്തലുണ്ട്. എന്നാൽ ഗ്രാമത്തിൻെറ ആവശ്യം നിറവേറ്റാൻ കഴിയുന്ന തരത്തിലുള്ള കോഴിവളർത്തൽ കേന്ദ്രങ്ങൾക്കു സാധ്യതയുണ്ട്.

കോഴിവസന്തയാണ് പൊതുവെ കാണപ്പെടുന്ന രോഗം. വ്യാവസായിക അടിസ്ഥാനത്തിൽ കോഴിവളർത്താൻ താത്പര്യമുള്ളവർ എല്ലാ വാർഡുകളിലും ഉണ്ട്. ആവശ്യമായ സമ്പത്തും പരിശീലനവും ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന് ഇക്കാര്യത്തിൽ വളരെയേറെ കാര്യങ്ങൾ ചെയ്യാൻ കഴിയണം.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ പ്രധാനപ്പെട്ട പലഭാഗങ്ങളിലും മിൽക്ക് സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല.
2. മൃഗാശുപത്രിയും, ബീജസങ്കലനകേന്ദ്രങ്ങളും കന്നുകാലി വളർത്തൽ കേന്ദ്രപ്രദേശങ്ങളോടു ചേർന്ന് ഇല്ല.
3. കന്നുകാലികൾക്കാവശ്യമായ മരുന്നുകൾ ആശുപത്രികളിൽ നിന്നും ലഭ്യമല്ല. കാലിത്തീറ്റയുടെ വില കർഷകർക്കു താങ്ങാനാവുന്നില്ല.
4. തൊഴിലില്ലാത്ത ചെറുപ്പക്കാരെ ഈ മേഖലയിലേക്കു ആകർഷിക്കുവാൻ കഴിയും.
5. മത്സ്യകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങളിൽ അതിനെ പ്രോത്സാഹിപ്പിക്കണം. തൊഴിലില്ലായ്മയ്ക്കു അങ്ങനെ പരിഹാരം ഒരു പരിധിവരെ കാണാൻ കഴിയും.
6. മൃഗസംരക്ഷണം, ഗോവർഗ്യാസ്, വിളക്കൃഷി ഇവയെ പരസ്പരം ബന്ധിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
7. കോഴിവളർത്തലിൽ ആവശ്യമായ പരിശീലനവും സഹായവും നൽകിയാൽ അതൊരു തൊഴിൽ മേഖലയാക്കിവളർത്തിക്കൊണ്ടു വരുവാൻ കഴിയും.


### സാധ്യതകൾ :

1. രണ്ടാം മൈൽ, പോതമേട്, ആറ്റുകാട്, പള്ളിവാസൽ, ലക്ഷ്മി ഹരിജൻ കോളനി, ഡോബിപ്പാലം, പീച്ചാട് എന്നിവിടങ്ങളിൽ മിൽക്ക് സൊസൈറ്റികൾ സ്ഥാപിക്കുക.
2. തോക്കുപാറകേന്ദ്രീകരിച്ചു മൃഗാശുപത്രിയും, രണ്ടാം മൈലിൽ ബീജസങ്കലന കേന്ദ്രവും സ്ഥാപിക്കുക.
3. കാലിത്തീറ്റയ്ക്കു സബ്സിഡി കൂടുതൽ നൽകി കർഷകർക്കു ആശ്വാസം നൽകുക.
4. കന്നുകാലികൾക്കു ആവശ്യമായ മരുന്നുകൾ ആശുപത്രി വഴി വിതരണം ചെയ്യുക.
5. പാലിന് ന്യായമായ വില കർഷകനു ലഭിക്കുന്ന അവസ്ഥ ഉണ്ടാക്കുക.
6. തൊഴിലില്ലാത്ത ചെറുപ്പക്കാർക്കു സബ്സിഡി നിരക്കിൽ കന്നുകാലി ആട് തുടങ്ങിയവ വിതരണം ചെയ്യുക.
7. സഹകരണാടിസ്ഥാനത്തിൽ ആട്, പന്നി, തുടങ്ങിയവയെ വളർത്തുന്നതിനുള്ള കേന്ദ്രങ്ങൾ തുടങ്ങുന്നതിനു പ്രോത്സാഹിപ്പിക്കുക.
8. പുൽക്കൃഷി, മൃഗസംരക്ഷണം, ഗോവർഗ്യാസ്, വിളക്കൃഷി എന്നരൂപത്തിലുള്ള ഒരു ആശയത്തിൽ പ്രചാരണം നൽകണം.
9. ക്ഷീരോല്പാദകർക്കു ഗ്രൂപ്പ് ഇൻഷ്വറൻസ്, പെൻഷൻ എന്നിവ ഏർപ്പെടുത്തുക.
10. കല്ലാർ, കുരിശുപാറ, പീച്ചാട്, കമ്പിലൈൻ, ഡോബിപാലം, 2-ാം മൈൽ തോക്കുപാറ, കുഞ്ചിത്തണ്ണി എന്നിവിടങ്ങളിൽ കുളങ്ങൾ നിർമിച്ച് മത്സ്യക്കൃഷി നടത്തുക.
11. വ്യവസായാടിസ്ഥാനത്തിൽ മീൻ വളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ എന്നിവ കുരിശുപാറ, കല്ലാർ, തണ്ണിപ്പാറ എന്നിവിടങ്ങളിൽ നടത്തുക.
12. എല്ലാ വീടുകളിലും രണ്ടുപശുക്കളെ വീതം വളർത്തുവാനും ഗോവർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാനും പ്രോത്സാഹിപ്പിക്കുക.

## പള്ളിവാസൽ ഗ്രാമപഞ്ചായത്ത് വളർത്തുമൃഗങ്ങൾ

### പട്ടിക -4-2-1

| | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | -- | -- | 3 | -- | -- | -- | 390 | 125 | 10 | 2 | 3 | 130 | 400 | |
| II | -- | -- | 4 | -- | -- | -- | 410 | 80 | 8 | 3 | 1 | 110 | 420 | |
| III | -- | | 4 | -- | -- | -- | 315 | 85 | 6 | 4 | 2 | 160 | 310 | |
| IV | -- | -- | 5 | -- | -- | -- | 215 | 60 | 2 | 1 | 1 | 85 | 210 | |
| V | -- | -- | 6 | -- | -- | -- | 220 | 55 | 3 | 1 | 2 | 80 | 200 | |
| VI | -- | -- | 8 | -- | -- | -- | 385 | 130 | 7 | 2 | 3 | 140 | 390 | |
| VII | -- | -- | 7 | -- | -- | -- | 375 | 130 | 6 | 1 | 2 | 160 | 395 | |
| VIII | -- | -- | 6 | -- | -- | -- | 390 | 135 | 5 | 2 | 1 | 180 | 380 | |
| IX | -- | -- | 8 | -- | -- | -- | 395 | 140 | 4 | 3 | 2 | 190 | 410 | |
| ആകെ | | | 51 | | | | 3095 | 940 | 51 | 19 | 17 | 1235 | 3115 | |



## വിദ്യാഭ്യാസം

ഒരു കുടിയേറ്റ മേഖല എന്ന നിലയിൽ വിദ്യാഭ്യാസ രംഗത്ത് അതതിൻെറതായ പ്രത്യേകതകളുള്ള ഒരു മേഖലയാണല്ലോ ഹൈറേഞ്ച്. 1953ലാണ് പള്ളിവാസൽ പഞ്ചായത്തു രൂപീകൃതമായത്.

തോട്ടം മേഖലയിൽ തമിഴ്ഭാഷ സംസാരിക്കുന്നവരും കാർഷിക മേഖലയിൽ മലയാള ഭാഷ സംസാരിക്കുന്നവരും കൂടുതലായി അധിവസിക്കുന്നുവെന്നു പറയാം. എന്നാൽ തോട്ടം മേഖലയിൽ ഭാഷയിൽ കാണുന്ന തമിഴ്-മലയാളം സങ്കരസ്വഭാവം എടുത്തുപറയാതെ വയ്യ.

ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറു ജീവനക്കാരുടെ കുട്ടികളെയും കുടിയേറ്റക്കാരുടെ കുട്ടികളെയും തോട്ടം തൊഴിലാളികളുടെ കുട്ടികളെയും ഉദ്ദേശിച്ചാണ് പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ വിദ്യാലയങ്ങൾ ഉയർന്നുവന്നത്. ചിത്തിരപുരത്ത് ഒന്നാമത്തെ വിഭാഗത്തിനുവേണ്ടിയും കുഞ്ചിത്തണ്ണിയിലും പിന്നെ കല്ലാറിലും രണ്ടാമത്തെവിഭാഗത്തെ ഉദ്ദേശിച്ചും പള്ളിവാസലിൽ മൂന്നാമത്തെ വിഭാഗത്തിനുവേണ്ടിയും ആണ് വിദ്യാലയങ്ങൾ ഉണ്ടായത് എന്നുപറയാം.

ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറു സ്റ്റാഫിൻെറ കുട്ടികൾക്കു വേണ്ടി 1945-ൽ ചിത്തിരപുരത്ത് ആരംഭിച്ച ഗവ: എൽ. പി. സ്ക്കൂളാണ് പള്ളിവാസൽ പഞ്ചായത്തിലെ ആദ്യത്തെ പൊതുവിദ്യാഭ്യാസ കേന്ദ്രം. പള്ളിവാസൽ പഞ്ചായത്തുകമ്മിറ്റിയുടെ അഭ്യർത്ഥന കൂടി കണക്കിലെടുത്ത് 1955-ൽ തോക്കുപാറ, ആനവിരട്ടി, കല്ലാർ-വട്ടിയാർ എന്നിവിടങ്ങളിൽ ഗവ: എൽ. പി. സ്ക്കൂളുകൾ ആരംഭിച്ച കൂട്ടത്തിൽ ചിത്തിരപുരം എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്തു യു. പി. സ്ക്കൂളായി. 1952-ൽ കുഞ്ചിത്തണ്ണി ഗവ: എൽ. പി സ്ക്കൂൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. 1980 ലാണ് പള്ളിവാസൽ എ. എൽ. പി. സ്ക്കൂൾ ആരംഭിച്ചത്.

1964-ൽ ചിത്തിരപുരം ഗവ: ഹൈസ്ക്കൂൾ രൂപം കൊള്ളുമ്പോൾ ചിത്തിരപുരം പ്രശസ്തിക്കു കൊടുമുടിയിലായിരുന്നു. 1958-ൽ കുഞ്ചിത്തണ്ണിസ്ക്കൂൾ ഒരു ഗവ: യു. പി. സ്ക്കൂളായി ഉയർത്തപ്പെട്ടു. അതിനുമുമ്പുതന്നെ ആഡിറ്റിൽ നിന്നും കുഞ്ചിത്തണ്ണിയിൽ ഭജന സംഘത്തിനുവേണ്ടി മാറ്റിയിടപ്പെട്ട സ്ഥലത്തേക്കു സ്ക്കൂൾ മാറ്റിസ്ഥാപിക്കപ്പെട്ടിരുന്നു. തുടർന്ന് 1968-ൽ ഹൈസ്ക്കൂളായും 1991-ൽ ഹയർ സെക്കണ്ടറി സ്ക്കൂളായും അത് ഉയർന്നു.

തോട്ടം മേഖലയ്ക്കും കാർഷിക മേഖലയ്ക്കും മധ്യേയാണ് ചിത്തിരപുരം ഗവ: സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. പൊയ്പോയ പ്രതാപങ്ങൾ അയവിറക്കി കൊണ്ടുനിൽക്കുന്ന ആസ്ഥാപനത്തിന് വൈദ്യുതി ബോർഡ് ജീവനക്കാരുടെ കുട്ടികളെപ്പോലും ആകർഷിക്കുവാൻ ഇന്നു കഴിയുന്നില്ല.

പള്ളിവാസൽ എ. എൽ. പി. സ്ക്കൂളിൽ ആറ്റുകാട്ടിൽ ഒരു ശാഖാസ്ക്കൂൾ ഉണ്ട്. തോട്ടം മേഖലയിലെ പ്രത്യേക സാഹചര്യത്തിൽ ഇന്നും അത് ഒരു എൽ.പി. സ്ക്കൂളായിത്തന്നെതുടരുന്നു.

ഒരു കാലഘട്ടത്തിൽ അധ:പതനത്തിൻെറ പടുകുഴിയിലേക്ക് ആണ്ടു തുടങ്ങിയിരുന്ന ഒരു സ്ഥാപനമാണ് കുഞ്ചിത്തണ്ണി ഗവ:ഹയർ സെക്കണ്ടറി സ്ക്കൂൾ. സാധ്യമായ സാഹചര്യങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് സ്ക്കൂൾ നിലവാരം മെച്ചപ്പെടുത്താൻ കെ.എസ്.ടി.എ. എന്ന അധ്യാപക സംഘടന തീരുമാനിച്ചു. അധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും നാട്ടുകാരും മാത്രമല്ല ബഹുജനപ്രസ്ഥാനങ്ങളും അതിനോടു സഹകരിച്ചു. അതോടെ കുഞ്ചിത്തണ്ണി സ്ക്കൂളിൻെറ മുഖഛായ തന്നെ മാറി. ഇന്ന് ഇടുക്കി ജില്ലയിലെ ഉന്നത നിലവാരം പുലർത്തുന്ന സ്ക്കൂളുകളിൽ ഒന്നാണ് ഈ സ്ഥാപനം. കുഞ്ചിത്തണ്ണിയിൽ ഒരു സഹകരണ കോളേജ് പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്ക്കാരികവളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ഗ്രന്ഥശാലകളും വായനശാലകളും ക്ലബ്ബുകളും ധാരാളമുണ്ട്. 1946-ൽ കല്ലാറിൽ ആരംഭിച്ച വൈ.എം.സി.എ. ലൈബ്രറിയാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ പബ്ലിക്ലൈബ്രറി. ഇപ്പോഴും ഇത് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ചിത്തിരപുരം കെ. എസ. ഈ. ബി. ലൈബ്രറിയും ക്ലബ്ബും ഒരു കാലഘട്ടത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്നു. മീൻ കട്ട് കെ. എസ്. ഈ. ബി. ലൈബ്രറി ഇപ്പോഴും നല്ല നിലയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്.

ആനവിരട്ടി വിജ്ഞാനപോഷിണിലൈബ്രറി പിന്നീട് പഞ്ചായത്ത് ഏറ്റെടുത്തു. ഇപ്പോൾ അത് പഞ്ചായത്തു സാംസ്ക്കാരിക നിലയത്തോടു ചേർന്ന് പ്രവർത്തിച്ചുവരുന്നു.

ഡോബിപാലം പൗർണമി, കുഞ്ചിത്തണ്ണി എസ്. എൻ. എന്നിവ വളർന്നുകൊണ്ടിരിക്കുന്ന ലൈബ്രറികളാണ്. കുരിശുപാറയിലുള്ള പഞ്ചായത്തു സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുലൈബ്രറി, യുവദേശാഭിമാനി കമ്പിലൈൻ പ്രതിഭ കുരുിശുപാറ, കവിത തോക്കുപാറ എന്നിവ അതതുപ്രദേശങ്ങളിലെ സാംസ്ക്കാരിക ജീവിതത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു.

കുഞ്ചിത്തണ്ണിയിലെ സാസ്, സുരഭി, എന്നിവ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട സാംസ്ക്കാരിക സംഘടനകളാണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ പാരലൽ കോളേജ് ടൈപ്പ്റൈറ്റിംഗ് സെൻററുകൾ, സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയും ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി 1971 കുട്ടികൾ പഠനം നടത്തുന്നു. പട്ടിക 4-3-1 കാണുക. 1997 മാർച്ച് എസ്. എസ്.എൽ. സി. പരീക്ഷയ്ക്കുവേണ്ടി 149 കുട്ടികൾ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. സ്ക്കൂളിലെ സൗകര്യങ്ങൾ പഠന വിധേയമാക്കേണ്ടതാണ്. പട്ടിക 4-3-2 കാണുക.

ഈ പഞ്ചായത്തിൽ നിന്നും നൂറുകണക്കിനു വിദ്യാർത്ഥികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസം തേടി കിലോമീറ്ററുകൾ താണ്ടി സമീപസ്ഥ പഞ്ചായത്തുകളിലുള്ള സ്ക്കൂളുകളിലേക്കു പോകുന്നുണ്ട്.

രാജാക്കാട്, ബൈസൺവാലി, വെള്ളത്തൂവൽ പഞ്ചായത്തുകളിൽ നിന്നും നൂറുകണക്കിനു വിദ്യാർത്ഥികൾ കുഞ്ചിത്തണ്ണി ഗവ:ഹയർ സെക്കണ്ടറി സ്ക്കൂളിൽ വന്നു പഠനം നടത്തുന്നുണ്ട്. സാമ്പത്തികമായി ഉയർന്നനിലവാരമുള്ളവരും സാമൂഹ്യമായി അങ്ങനെധരിച്ചിരിക്കുന്ന വരും തങ്ങളുടെ കുട്ടികളെ അകലെയുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുലേക്കു അയച്ചു പഠിപ്പിക്കുന്നുണ്ട്.

കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ കണക്കുകൾ കാണിക്കുന്നത് എല്ലാ വിദ്യാലയങ്ങളിലും ഒന്നാം ക്ലാസ്സിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ്.

**പ്രശ്നങ്ങൾ:**

1. മാതൃഭാഷയിൽ വിദ്യാഭ്യാസം നേടുക എന്നത് കുട്ടികളുടെ മൗലികമായ ഒരു ആവശ്യമാണ്. തമിഴ് ഭാഷ സംസാരിക്കുന്ന കുട്ടികൾക്കു പഠിക്കുന്നതിന് ആവശ്യമായ സ്ക്കൂളുകൾ ഇല്ല. അംഗൻവാടികളും ഉണ്ടാവേണ്ടിയിരിക്കുന്നു.
2. ബൈഫർ ഗേറ്റുചെയ്യേണ്ടസ്ക്കൂളുകൾ അങ്ങനെ ചെയ്യണം.
3. ബ്രാഞ്ച് സ്ക്കൂളുകൾക്കു ഒരു സ്ക്കൂൾ എന്ന രീതിയിൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല.
4. ആവശ്യമായ സ്ഥലങ്ങളിൽ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.
5. പ്രീ-പ്രൈമറി ആവശ്യമായ സ്ക്കൂളുകളോടു ചേർന്ന് ആരംഭിക്കണം.
6. ഹൈറേഞ്ചിൻെറ പ്രത്യേകത കണക്കിലെടുത്ത് ഹൈസ്ക്കൂളുകളോടുചേർന്ന് സാധ്യമായ സ്ഥലങ്ങളിൽ ടെക്നിക്കൽ സ്ക്കൂൾ ആരംഭിക്കണം.
7. ചുറ്റുമതിലും ഗേറ്റും ആവശ്യമായ സ്ക്കൂളുകളിൽ അവ നിർമിച്ചു നൽകണം.

# പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

### പട്ടിക 4-3-1

| ക്ലാസ്സ് | ആൺകുട്ടികൾ | | | SC/ST കുട്ടികൾ | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | മൊത്തം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 124 | 98 | 222 | 9 | 8 | 17 | – | – | – | – | – | – | 5 | 1 | 6 | 9 | 3 | 12 | 18 |
| II | 92 | 75 | 167 | 6 | 7 | 13 | 1 | 2 | 3 | 3 | – | 3 | 6 | 4 | 10 | 10 | 10 | 20 | 30 |
| III | 98 | 106 | 204 | 9 | 9 | 18 | 2 | 1 | 3 | 1 | 1 | 2 | 3 | – | 3 | 4 | 6 | 10 | 13 |
| IV | 100 | 80 | 180 | 9 | 9 | 18 | – | 1 | 1 | 3 | – | 3 | 1 | 2 | 3 | 7 | 6 | 13 | 16 |
| V | 102 | 106 | 208 | 11 | 19 | 30 | 1 | 4 | 5 | 11 | 5 | 16 | 2 | – | 2 | 4 | 2 | 6 | 8 |
| VI | 125 | 104 | 229 | 12 | 10 | 22 | 1 | 1 | 2 | 10 | 3 | 13 | – | – | – | 2 | 1 | 3 | 3 |
| VII | 115 | 126 | 241 | 11 | 9 | 20 | 2 | 1 | 3 | 12 | 7 | 19 | – | – | – | 4 | 3 | 7 | 7 |
| VIII | 101 | 101 | 202 | 14 | 13 | 27 | 2 | 3 | 5 | 14 | 10 | 24 | – | – | – | 5 | 6 | 11 | 11 |
| IX | 86 | 83 | 169 | 9 | 12 | 21 | 2 | 2 | 4 | 14 | 12 | 26 | – | – | – | 6 | 1 | 7 | 7 |
| X | 74 | 75 | 149 | 5 | 5 | 10 | – | – | – | – | – | – | – | – | – | 4 | 1 | 5 | 5 |
| ആകെ | 1017 | 954 | 1971 | 95 | 101 | 196 | 11 | 15 | 26 | 68 | 38 | 106 | 17 | 7 | 24 | 55 | 39 | 94 | 118 |

# പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

## സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ

### പട്ടിക 4-3-2

| | സ്കൂളിന്റെ പേര് | ആകെ ഡിവിഷൻ | കെട്ടിടങ്ങളം എണ്ണം | | | മുറികളം എണ്ണം | | | ഇനി മുറികളും ആവശ്യമുണ്ടെങ്കിൽ | ആവശ്യമുള്ള കെട്ടിടം മുറികളം നിർമ്മിക്കാനുള്ള സ്ഥലം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസ് | ഉപയോഗശൂന്യമായ കക്കൂസ് | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല - കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ? | ഇനി ആവശ്യമുള്ളവ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡെസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1. | ഗവ.എച്ച്.എസ്.എസ്. കുഞ്ചിത്തണ്ണി | 25 | 2 | 2 | - | 25 | 12 | - | 20 | ഉണ്ട് | 4 | 24 | 2 | 3 | - | കിണർ | ഉണ്ട് | ഉണ്ട് | 1 ഉണ്ട് 1 വേണം | ഇല്ല | 100 | 100 | 10 | 25 | 5 അലമാര |
| 2. | ഗവ. എച്ച്.എസ്. ചിത്തിരപുരം | 10 | 3 | 1 | - | 16 | 6 | - | - | - | - | - | 3 | 2 | 2 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 50 | 15 | 10 | 10 | 2 അലമാര 2 മേശ |
| 3. | ഗവ. യു.പി.സ്കൂൾ കല്ലാർ - വട്ടിയാർ | 10 | 2 | 1 | - | - | - | 6 | 10 | - | 1 | 12 | 2 | - | - | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | - | - | - | 12 | 2 അലമാര |
| 4. | എ.എൽ.പി.എസ്. പള്ളിവാസൽ | 11 | 13 | ഇല്ല | ഇല്ല | 13 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3 | 30 | 2 | 4 | ഇല്ല | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

8. കുടിവെള്ള പ്രശ്നത്തിനു പരിഹാരം കാണണം.
9. പഞ്ചായത്തിൻെറ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനസാന്ദ്രതയിലെ സവിശേഷതകളും കണക്കിലെടുത്ത് അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ അംഗൻവാടികളും സൗകര്യങ്ങളും ഉണ്ടാവേണ്ടിയിരിക്കുന്നു.
10. കായികരംഗത്ത് വേണ്ടത്ര പ്രോത്സാഹനം നൽകുവാൻ കഴിയുന്നില്ല. സാധ്യമായ കാര്യങ്ങൾ സാധ്യമായ സാഹചര്യങ്ങളിൽ ചെയ്തുകൊടുക്കണം.
11. അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിലും മറ്റും ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ചു ആലോചിച്ചു തീരുമാനിക്കണം. അവ പ്രായോഗികതലത്തിൽ കൊണ്ടുവരണം.
12. യാത്രാസൗകര്യത്തിൻെറ അഭാവം ഇന്നൊരു വലിയ പ്രശ്നമാണ്. ഇതിൽ ശാശ്വതമായ പരിഹാരം ഉണ്ടാവേണ്ടിയിരിക്കുന്നു.

സാധ്യതകൾ :

1. പീച്ചാട്, കുരിശുപാറ എന്നിവിടങ്ങളിൽ തമിഴ് മീഡിയം എൽ. പി. സ്ക്കൂളുകൾ ആരംഭിക്കണം.
2. ചിത്തിരപുരം, കല്ലാർ വട്ടിയാർ എന്നിവിടങ്ങളിലുള്ള സ്ക്കൂളുകളിൽ തമിഴ് മീഡിയം ക്ലാസ്സുകൾ തുടങ്ങണം.
3. ആറ്റുകാട് ബ്രാഞ്ച് സ്ക്കൂൾ ഒരു എൽ. പി. സ്ക്കൂളാക്കി മാറ്റണം.
4. കല്ലാർ ഗവ:യു.പി.സ്ക്കൂൾ അപ്ഗ്രേഡ്ചെയ്യണം.
5. ഏ. എൽ.പി. എസ്. പള്ളിവാസൽ അപ്ഗ്രേഡ് ചെയ്യണം.
6. കുഞ്ചിത്തണ്ണിയിലും പരിസരപ്രദേശങ്ങളിലും അംഗൻവാടികളോ നഴ്സറിസ്ക്കൂളുകളോ പ്രവർത്തിക്കുന്നില്ല. കുഞ്ചിത്തണ്ണി സ്ക്കൂളിൽ പ്രീ-പ്രൈമറി ആരംഭിക്കണം.
7. കുഞ്ചിത്തണ്ണി ഗവ: എച്ച്. എസ്. എസ്., ചിത്തിരപുരം ഗവ: എച്ച്. എസ്. എന്നീ സ്ക്കൂളുകളിൽ ടെക്നിക്കൽ സ്ക്കൂൾ ആരംഭിക്കണം.
8. ചിത്തിരപുരം എച്ച്.എസ്.ൽ നിന്നും എൽ. പി. വിഭാഗം വേർപെടുത്തി സ്വതന്ത്രമാക്കണം.
9. ചിത്തിരപുരം ഹൈസ്ക്കൂളിൽ ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കണം.
10. ചിത്തിരപുരം സ്ക്കൂളിനുള്ള കളിസ്ഥലം പ്രയോജനപ്പെടുത്തി ഒരു കായിക പരിശീലന കേന്ദ്രം ചിത്തിരപുരം സ്ക്കൂളിൽ ആരംഭിക്കണം.
11. ആറ്റുകാടിനും പവർഹൗസിനും മധ്യേയും, പോതമേട്ടിലും, കുഞ്ചിത്തണ്ണിയിലും, പള്ളിവാസലിലും, കല്ലാറിലും കളിസ്ഥലങ്ങൾ ഉണ്ടാക്കണം.
12. കുഞ്ചിത്തണ്ണി ഗവ:സ്ക്കൂൾ. കല്ലാർ ഗവ:സ്ക്കൂൾ, ചിത്തിരപുരം ഗവ:സ്ക്കൂൾ എന്നിവയ്ക്കു ചുറ്റുമതിലും ഗേറ്റും ഉണ്ടാക്കണം.
13. കല്ലാർ സ്ക്കൂളിനും കുഞ്ചിത്തണ്ണിസ്ക്കൂളിനും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഓവർ ഹെഡ് വാട്ടർ ടാങ്ക് പണിതു നൽകണം.
14. കല്ലാർ. കുഞ്ചിത്തണ്ണി എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾക്കു പ്രത്യേകം യാത്രാസൗകര്യം ഏർപ്പെടുത്തണം.
15. കുഞ്ചിത്തണ്ണിസ്ക്കൂളിൽ ഹയർ സെക്കണ്ടറിക്കുവേണ്ടി പ്രത്യേകം കെട്ടിടം പണിതു നൽകണം.
16. റഫറൻസ് പുസ്തകങ്ങൾ വാങ്ങി പ്രയോജനപ്പെടുത്താൻ അദ്ധ്യാപകരെ പ്രേരിപ്പിക്കണം.
17. ഡി. പി. ഈ. പി. തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തു കമ്മിറ്റി വഴി ആയിരിക്കണം. അതിൻെറ മേൽനോട്ടവും ഡയറ്റ് പോലുള്ള സ്ഥാപനങ്ങൾക്കായിരിക്കണം.
18. സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനത്തിൻെറ പരിപൂർണചുമതല ഗ്രാമപഞ്ചായത്തുകൾക്കായിരിക്കണം. അധ്യാപകരെയും വിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിക്കുവാൻ ഇതിനുകഴിയണം.
19. ചിത്തിരപുരം, കുഞ്ചിത്തണ്ണിസ്ക്കൂളുകളിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക.
20. സമർത്ഥരായ അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുവാൻ കഴിയുമാറ് പഞ്ചായത്തു കേന്ദ്രത്തിൽ റിസോഴ്സ് സെൻറർ ആരംഭിക്കണം.
21. എ. എൽ. പി. സ്ക്കൂൾ പള്ളിവാസൽ, ഗവ: എച്ച്. എസ്. എസ്. കുഞ്ചിത്തണ്ണി എന്നീ സ്ക്കൂളുകൾക്കു അധ്യാപക ക്വാർട്ടേഴ്സുകൾ പണിതു നൽകുക.
22. 60-ാം മൈൽ, കമ്പിലൈൻ, ആനവിരട്ടി , മീൻകട്ട്, ഡോബിപ്പാലം, ആനച്ചാൽ, പള്ളിവാസൽ, മൂലക്കട. പോതമേട്, ആറ്റുകാട്, എന്നിവിടങ്ങളിൽ അംഗൻവാടികൾക്കു കെട്ടിടങ്ങളും കളിപ്പാട്ടങ്ങളും നൽകണം.
23. തണ്ണിപ്പാറ അംഗൻവാടി കെട്ടിടം പണി പൂർത്തിയാക്കണം.
24. ലക്ഷ്മി. പാറച്ചെരുവ് എന്നിവിടങ്ങളിൽ തമിഴ്മീഡിയം അംഗൻവാടികൾ ആരംഭിക്കണം.
25. ചിത്തിരപുരം, ആറ്റുകാട്, പള്ളിവാസൽ, പോതമേട്, മൂന്നാം മൈൽ, കരടിപ്പാറ, പവർഹൗസ്, കുഞ്ചിത്തണ്ണി. പാറച്ചെരുവ് തട്ടാത്തിമുക്ക് എന്നിവിടങ്ങളിൽ അംഗൻവാടികൾ അനുവദിക്കണം.
26. കുഞ്ചിത്തണ്ണി സ്ക്കൂളിൽ ഒരു ലൈബ്രറി കെട്ടിടം പണിതു നൽകുക.
27. എല്ലാ അംഗൻവാടികൾക്കും കുടിവെള്ളം, കക്കൂസ് എന്നിവ പണിതു നൽകുക.
28. തോക്കുപാറ അംഗൻവാടിയുടെ സമീപത്തുകൂടി ഒഴുകുന്ന തോടിൻെറ ഓരം കെട്ടിയെടുത്ത് അവിടെ കക്കൂസ് പണിയുക.
29. എല്ലാ സ്ക്കൂളുകളിലും ലൈബ്രറികൾക്കു രൂപം നൽകുക.
30. കലാ-കായിക പ്രതിഭകളെ കണ്ടെത്തുന്നതിൽ സ്ക്കൂളുകളെ ഗ്രാമപഞ്ചായത്ത് സഹായിക്കണം.



## കുടിവെള്ളവും പൊതുജനാരോഗ്യവും

'ശുദ്ധമായ വായു ശുദ്ധമായ വെള്ളം ശുചിത്വമുള്ള പാർപ്പിടം' ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85% ജനങ്ങളും നീരുറവകളെയാണു ആശ്രയിക്കുന്നത്. പഞ്ചായത്തും മൈനർ ഇറിഗേഷനും നിർമ്മിച്ചിട്ടുള്ള കിണറുകളിൽ 75% രൂക്ഷമായ ജലക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളിലാണു നിർമ്മിച്ചിട്ടുള്ളത്. ഇത് ജനങ്ങൾക്കു ഉപകാരപ്രദമല്ല കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യയുടെ 60% ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

### ശുദ്ധജലസ്രോതസ്സുകൾ

പഞ്ചായത്തിലെ ഒമ്പതുവാർഡുകളിലും കുടിവെള്ളക്ഷാമം അതിരൂക്ഷമാകുന്നു. മിക്കവാറും പ്രദേശങ്ങളിൽ കുടിവെള്ളം ശേഖരിക്കുന്നതിനായി 2 കിലോമീറ്റർ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നതായ പ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങളും പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാകാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
|---|---|---|
| I. | 8ഏക്കർ, കോട്ടപ്പാറ, കുന്നിൻകുളം SC/ST കോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം | മൈനർ ഇറിഗേഷൻ പദ്ധതിയിൽ പൈപ്പ്‌വഴി ജലമെത്തിക്കുക. 8ഏക്കറിൽ കുളം, വി.സി. എസ്റ്റേറ്റിൽ ടാങ്കും പൈപ്പ്ലൈൻ ഇടുക. |
| II. | കല്ലാർ, കമ്പിലൈൻ, കൂമ്പൻപാറ പർണായി സിറ്റി കുടിവെള്ളക്ഷാമം | കല്ലാർ ആറിനു കരയിൽ പണിത ടാങ്ക് ഉപയോഗ്യമാക്കുക. പർണായി സിറ്റിയിൽ കുളം കുഴിച്ച് പൈപ്പ് ഇടുക. |
| III. | ചുണ്ടക്കാട്, കാണ്ട്യാം പാറ, തോക്കുപാറ, ആനന്ദ വിലാസം കരടിപ്പാറ, കല്ലാർ സ്ക്കൂൾ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം. | ചെക്കുഡാം നിർമ്മിക്കുക കനാലുകൾ നിർമ്മിക്കുക കുളം കുഴിക്കുക പൈപ്പ് ലൈനുകൾ ഇടുക |
| IV. | ലക്ഷ്മി കുരിശുപാറ കുടിവെള്ളക്ഷാമം | ലക്ഷ്മിയിൽ ചെക്കുഡാം നിർമ്മിക്കുക. കൈനഗിരിയിൽ നിർമ്മിച്ച ടാങ്ക് പുതുക്കിപണിയുക. പൈപ്പ് ലൈൻ ഇടുക. |
| V. | 2-ാം മൈൽ, 3-ാം മൈൽ ചിത്തിരപുരം, തോക്കുപാറ പ്രദേശത്ത് കുടിവെള്ളക്ഷാമം | 2-ാം മൈൽ ടാങ്ക് നിർമ്മിക്കുക പൈപ്പ് ഇടുക. |
| VI. | മീൻകെട്ട്, ചെകുത്താൻ മുക്ക് തട്ടാണിമുക്ക്, ആനച്ചാൽ ഡോബിപ്പാലം, ലക്ഷം വീട് കോളനി, ശങ്കുപ്പടി, ആഡിറ്റ് കുടിവെള്ളക്ഷാമം | മീൻകെട്ടിൽവാട്ടർടാങ്ക് ഡോബിപ്പാലത്ത് ചെക്ക് ഡാം തട്ടാണിമുക്കിൽ നിലവിലുള്ള കിണർ പുതുക്കിപണിയുക. പൈപ്പ് ലൈൻ ഇടുക. |
| VII. | പാറച്ചെരുവ് പ്രദേശത്ത് കുടിവെള്ളക്ഷാമം | പള്ളിവാസലിൽടാങ്ക്നിർമ്മിക്കുക. പൈപ്പ് ലൈൻഇടുക. |
| VIII. | പോതമേട് കുടിവെള്ളക്ഷാമം പാണ്ടവൻമല, മുത്തൻമുടി കുടിവെള്ളക്ഷാമം | നിലവിലുള്ള ടാങ്ക് പൈപ്പ് ലൈൻഇടുക. ആറിനു കുറുകെ തടയിണ. |
| IX. | മുത്തൻമുടി, തണ്ണിപ്പാറ പവർഹൗസ്, കുടി വെള്ളക്ഷാമം | മുത്തൻമുടി, തണ്ണിപ്പാറകുളം നിർമ്മിക്കുക.പവർഹൗസിൽ നിലവിലുള്ള ടാങ്ക്പുതുക്കിപണിയുക.പൈപ്പ് ലൈൻഇടുക. |

### കുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1-ാം വാർഡ് : 8 ഏക്കർ കോട്ടപ്പാറ കുന്നിൻകുളം എസ്. സി. / എസ്. ടി. കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പ്ലാമലയിൽ നിർമ്മിച്ചിട്ടുള്ള മൈനർ ഇറിഗേഷൻ പദ്ധതിയിൽ നിന്നും പൈപ്പ് വഴി ജലമെത്തിക്കുക. 8 ഏക്കറിൽ നിലവിലുള്ള കുളം പുതുക്കിപണിയുകയും വി.സി. എസ്റ്റേറ്റിൽ നിർമ്മിച്ചിട്ടുള്ള ടാങ്കിൽ നിന്നും പൈപ്പിടുകയും അഡീഷണൽ ടാങ്ക് നിർമ്മിക്കുകയും കോട്ടപ്പാറ കുന്നിൻകുളം എസ്.സി./ എസ്.ടി. കോളനി കുന്നിൽ മോട്ടർ ഉപയോഗിച്ച് വെള്ളം എത്തിക്കുകയും ചെയ്താൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

2-ാം വാർഡ് : കല്ലാർ സിറ്റിയിൽ പാലത്തിനു മുകൾഭാഗത്ത് ആയി ആറിനുകരയിൽ പണികഴിപ്പിച്ചിട്ടുള്ള ടാങ്ക് ഇപ്പോൾ ഉപയോഗശൂന്യമാണ്. ടാങ്ക് ചോർച്ച കാരണം വെള്ളം നിറയ്ക്കുവാൻ കഴിയുകയില്ല. ഈ ടാങ്ക് പുതുക്കി പണിതാൽ കല്ലാർ മുതൽ കൂമ്പൻ പാറവരെയുള്ള ജനങ്ങൾക്കു പൈപ്പ്‌വഴി കുടിവെള്ളം എത്തിക്കാൻ കഴിയും. കൂമ്പൻ പാറ പർണായി സിറ്റിയിൽ ഒരു കുളം കുഴിച്ച് പൈപ്പ് ഇട്ടാൽ കുടിവെള്ളം കുറ്റമറ്റരീതിയിൽ വിതരണം ചെയ്യുകയാണു പരിഹാരമായി നിർദ്ദേശിക്കുന്നത്.

3-ാം വാർഡ് : കല്ലാർ ചുണ്ടക്കാടിനും കാണ്ട്യാം പാറയ്ക്കും ഇടയിലായി ഒരു ചെക്കുഡാം നിർമ്മിച്ച് കനാൽ പണിത് കാണ്ട്യാംപാറ അമ്പഴച്ചാൽ എന്നീ പ്രദേശങ്ങളിൽ ജലമെത്തിക്കാം. കരടിപ്പാറ ഭാഗത്ത് നിരവത്തു പ്ലാന്റേഷനിൽ കുളം കുഴിച്ച് പൈപ്പിട്ടാൽ തോക്കുപാറ പ്രദേശത്തും കല്ലാർ പുഴയരുകിൽ ടാങ്ക് കെട്ടി വെള്ളം ശേഖരിച്ച് കല്ലാർസ്ക്കൂളിനും, ആപ്രദേശത്തെ ജനങ്ങൾക്കും പൈപ്പിട്ട് വെള്ളമെത്തിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഈ വാർഡിലെ പൊതുകിണറുകൾ നന്നാക്കിയാൽ ഉപയോഗിക്കാം.

4-ാം വാർഡ് : ലക്ഷ്മിഭാഗത്ത് ഒരു ചെക്കുഡാം നിർമ്മിക്കുകയും കൈനഗിരി എസ്റ്റേറ്റിനോട് ചേർന്നു നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്ക് മെയിൻറനൻസ് ചെയ്ത് പൈപ്പിട്ടാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

5-ാം വാർഡ് : രണ്ടാം മൈൽ പാറപ്പുറം ഭാഗത്ത് ദേവരാജിൻെറ വീടിൻെറ മുകൾഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ചാൽ 75 ഓളം കുടുംബങ്ങൾക്കു കുടിവെള്ളം ലഭ്യമാകും. മൂന്നാം മൈൽ ഭാഗത്ത് പണിതുകൊണ്ടിരിക്കുന്ന കുളത്തിൽ നിന്നും പൈപ്പിട്ടാൽ 2-ാം മൈൽ വരെ കുടിവെള്ളം എത്തിക്കുക. 2-ാം മൈൽ ചിത്തിരപുരം ജംഗ്ഷന് മുകളിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ഇട്ടാൽ തട്ടാത്തിമുക്കുവരെ കുടിവെള്ളം എത്തിക്കാം. തോക്കു പാറ കമ്പിലൈൻ വിജയൻെറ വീടിൻെറ ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ഇട്ടാൽ തോക്കുപാറയിൽ കുടിവെള്ളം എത്തിക്കുക. ആനന്ദവിലാസം 15 ഏക്കർ ഭാഗത്ത് നിർമ്മിച്ചിട്ടുള്ള ചെക്കു ഡാമിൽ നിന്നും പൈപ്പ് ഇടുകയും ജാനകി എസ്റ്റേറ്റിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിൻെറ കുറെ കൂടി മുകൾഭാഗത്തായി പുതിയൊരു ടാങ്ക് നിർമ്മിച്ച് നിലവിലുള്ള പൈപ്പ് ലൈനുമായി ബന്ധിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം.

6-ാം വാർഡ് : മീൻകെട്ടിൽ ഒരു വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പിട്ടാൽ മീൻകെട്ട് കാർഷികമേഖലയിലും മീൻകെട്ടിൽ നിന്നു തട്ടാത്തിമുക്ക് വരെ പൈപ്പിട്ടാൽ ചിത്തിരപുരം സ്ക്കൂൾ, ചെകുത്താൻ മുക്ക്, തട്ടാത്തിമുക്ക്, മേഖലയിലും 3 കിലോമീറ്റർ പ്രദേശത്തെ ആളുകളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാം. ഡോബിപ്പാലത്ത് ചെക്കുഡാം നിർമ്മിച്ച് പൈപ്പ് ലൈനിട്ടാൽ ഡോബിപ്പാലം ലക്ഷം വീട് കോളനി, പവർഹൗസ് മുതൽ ആഡിറ്റ് മേഖലവരെയുള്ള പ്രദേശത്തും പൈപ്പിട്ടാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. തട്ടാത്തിമുക്കിൽ നിലവിലുള്ള കിണർ പുതുക്കി പണിതാൽ അവിടെ നിന്നും പൈപ്പിട്ടാൽ ആനച്ചാൽ, ശങ്കുപ്പടി, ആനച്ചാൽ ആൽത്തറ പ്രദേശം, ആൽത്തറയിൽ നിന്നും ആഡിറ്റ്വരെ ജലവിതരണം നടത്താൻ കഴിയും.

7-ാം വാർഡ് : പള്ളിവാസൽ പാറച്ചെരുവ് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈനിട്ട് ജലവിതരണം നടത്തുവാനും കുടിവെള്ളക്ഷാമം

പരിഹരിക്കാനും കഴിയും. ടാറ്റാ ടീ കമ്പനിയുടെ വകസ്ഥലത്തു നിന്നും വെള്ളം പൈപ്പ് വഴി ശ്രീ പാൽദുരൈ നൽകാമെന്ന് സമ്മതിച്ചിട്ടുള്ളസ്ഥലത്ത് ടാങ്ക് നിർമ്മിച്ച് അതിൽ വെള്ളമെത്തിക്കുകയാണെങ്കിൽ പൈപ്പുകൾ വഴി ഓരോവീടുകളിലും എത്തിച്ചു പാറച്ചെരുവിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

8-ാം വാർഡ് : പാണ്ടവൻമല മുത്തൻമുടി ഭാഗത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ചൊക്കൻ മുടിയിൽ നിന്നും ഒഴുകുന്ന ആറിന് കുറുകെ തടയണകെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കാം. പാണ്ടവൻ മലയിൽ 16 ഹരിജനകുടുംബങ്ങൾക്കു കുടിവെള്ളം ലഭ്യമാക്കാൻ കഴിയും. പോതമേട്ടിൽ നിലവിലുള്ള ടാങ്കിൽ നിന്നും പൈപ്പ് ലൈനിട്ട് ജലക്ഷാമം പരിഹരിക്കാം.

9-ാം വാർഡ് : മുത്തൻമുടി, തണ്ണിപ്പാറ എന്നിവിടങ്ങളിൽ ഓരോ കുളം നിർമ്മിച്ച് പൈപ്പ് ലൈനിട്ടും പവർഹൗസിനു മുകൾഭാഗത്ത് ലബ്യാസാറിന്റെ പുരയിടത്തിൽ നിർമ്മിച്ചിട്ടുള്ള ടാങ്ക് മെയിൻറനൻസ് ചെയ്ത് പൈപ്പ് ലൈനിട്ടാൽ കുടിവെള്ളക്ഷാമം പരിഹരിക്കാം. നിലവിൽ മുണ്ടനാട്ടു മാമച്ചന്റെ പറമ്പിലുള്ള ടാങ്കിൽ മുതിരപ്പുഴയാറ്റിൽ നിന്നും വെള്ളം പമ്പുചെയ്താണു കുഞ്ചിത്തണ്ണിയിൽ വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നത്. ഇതിനുപകരം മുറ്റത്താനി മാത്തുക്കുട്ടിയുടെ പറമ്പിൽ കൂടിവരുന്ന തോട്ടിൽ തടയണ കെട്ടി നിലവിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പു ചെയ്യാതെ തന്നെ പൈപ്പുലൈൻ വഴികൊണ്ടുവരാവുന്നതാണ്. ഇങ്ങനെ ചെയ്താൽ ആവശ്യത്തിനു ജലം ലഭിക്കുന്നതു കൂടാതെ പമ്പിങ്ങിനുള്ള ചെലവ് ഒഴിവാക്കുകയും ചെയ്യാം.

### പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

1. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതി വിപുലീകരിക്കുകയും പുതിയ പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.
2. കുഴൽ കിണറുകൾ നിർമ്മിക്കുക.
3. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ നിർമ്മിക്കുക.

## ആരോഗ്യം

1970 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യകുടുംബങ്ങളെയാണു പ്രധാനമായും ആശ്രയിച്ചിരുന്നത്. ആധുനിക ചികിത്സാസ്ഥാപനങ്ങൾ പഞ്ചായത്തിൽ കുറവായിരുന്നു. ചരടു ജപിച്ചുകെട്ടുക, മന്ത്രം ചെയ്ത് ഊതുക ദേവാലയങ്ങളിലേക്കു വഴിപാടുകൾ നേരുക തുടങ്ങിയ അന്ധവിശ്വാസ ജടിലമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃതരീതികൾ അനുവർത്തിക്കുന്നുണ്ട് 1969ൽ ചിത്തിരപുരത്ത് സ്ഥാപിതമായ പ്രാഥമിക ആരോഗ്യ കേന്ദ്രമാണു പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമസ്ഥാനം. ഇന്നു ചിത്തിരപുരം, കല്ലാർ പ്രദേശത്തെ പി. എച്ച്. സെൻറർ അടക്കം 5 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമേ 4 ഹോമിയോ, 2 സ്വകാര്യ ആശുപത്രി, ഒരു പാരമ്പര്യ വൈദ്യനും പഞ്ചായത്തിലെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കുന്നു. ഇത്രയും സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതുആരോഗ്യ സ്ഥിതിയിൽ ഗുണപരമായ വ്യതിയാനം കാണുന്നില്ല എന്നാണ് സ്ഥിതി വിവരക്കണക്ക് കാണിക്കുന്നത്. 1995-96 വർഷത്തിൽ 106 ത്വക്ക്രോഗങ്ങളും 9168 വാതരോഗങ്ങളും 242 പകർച്ചവ്യാധികളും 3105 മറ്റ് രോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടു. പഞ്ചായത്തിലെ ജനനനിരക്ക് 93ഉം മരണനിരക്ക് 69ഉം ആണ്. ശരാശരി കുടുംബ വലിപ്പം 5 മാത്രമാണു. പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള 2 പി. എച്ച്. സെൻററുകൾ ഉണ്ട് എങ്കിലും യാതൊരു വിധ സൗകര്യങ്ങൾ ഇല്ല എന്നുള്ളതാണു വസ്തുത. വിദഗ്ദ്ധ ചികിത്സക്കായി 30 കിലോമീറ്റർ സഞ്ചരിക്കേണ്ടതായിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപൂർണ്ണവുമായ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ കഴിയും.

### സ്ഥാപനങ്ങളും സേവനങ്ങളും

പള്ളിവാസൽ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

പ്രൈമറി ഹെൽത്ത് സെൻറർ - 2

ഐ. പി. പി. - 2

സിദ്ധ ആയുർവേദ ഡിസ്പെൻസറി -1

ഇവയിലെല്ലാം കൂടി 48 ജീവനക്കാർ ആണുള്ളത്.

**പട്ടിക ആരോഗ്യം 1**

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ, ചിത്തിരപുരം | VI | 22-11-69 | 27 |
| 2 | പ്രൈമറി ഹെൽത്ത് സെൻറർ, കല്ലാർ | II | | 17 |
| 3 | ഗവ:സിദ്ധ ആയുർവേദ ഡിസ്പെൻസറി 2-ാം മൈൽ | V | സ്വന്തമായി കെട്ടിടമില്ല | 2 |
| 4 | ഐ.പി.പി. സബ് സെൻറർ കമ്പിലൈൻ | II | 1983 | 1 |
| 5 | ഐ. പി. പി. സബ് സെൻറർ കുരിശുപാറ | I | 1983 | 1 |


പ്രൈമറി ആരോഗ്യകേന്ദ്രങ്ങളിലെ മുഴുവൻ സമയം ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നില്ല. സ്വകാര്യ പ്രാക്ടീസിലെ താത്പര്യം സ്ഥിതികൂടുതൽ ശോചനീയമാക്കുന്നു. ഈ അവസ്ഥ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യസംരക്ഷണ കാര്യത്തിൽ മരുന്നുകളോ ഒരു വേള അതിലധികമോ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ്വർക്കർമാരിൽ ഭൂരിഭാഗത്തിലും കാണുന്ന നിഷ്ക്രിയത ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തു പറയേണ്ടതാണ്. ഇവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കേണ്ടിയിരുന്നു.

### കക്കൂസ്

പൊതുജനാരോഗ്യത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണു ശുചിത്വം. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണു കക്കൂസ്. പഞ്ചായത്തിലെ വീടുകളിൽ നിലവിൽ കക്കൂസ് ഇല്ല. ഇതിനാൽ വിരശല്യം വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. 1995-96 വർഷത്തെ കണക്കു പ്രകാരം പഞ്ചായത്തിൽ 2105 പേർക്ക് ജല ജന്യ രോഗങ്ങൾ ബാധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ ബോധ്യപ്പെട്ടത്. സാമ്പത്തിക പരാധീനത കാരണം കക്കൂസുകൾ നിർമ്മിക്കുവാൻ തടസ്സമുണ്ടായിട്ടുണ്ട്. ആവശ്യകത ബോധ്യപ്പെടാത്തതും ഇതിനു തടസ്സകാരണമാണ്. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി ഇത് പരിഹരിക്കാവുന്നതാണ്.

### പരിസരശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ പരിസരമലിനീകരണം ഗുരുതരമല്ല. എന്നിരിക്കിലും പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിൽ നിന്നും ശുചീകരണത്തിന്റെ




അഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. ഗ്രാമസഭകളിൽ ഈ വിഷയത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്.

തെരുവുകളിൽ മത്സ്യകച്ചവടങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക.

മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക

വില്പനനടത്തുന്ന മത്സ്യത്തിൻെറ ഗുണനിലവാര പരിശോധനയ്ക്കു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച് നടപടികൾ രൂപപ്പെടുത്തുക.


പഞ്ചായത്ത്പ്രദേശത്തേക്ക് അറവുശാല ശുചിത്വമുള്ള താണോ എന്നു പരിശോധിക്കുക.

പരിശോധനയ്ക്കു വിധേയ മായ അറവു മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണപദാർത്ഥ വില്പന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്കു വിധേയമാക്കുക. മലിനജലം കെട്ടിനിൽക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കുന്നു. ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കേണ്ടതാണ്. കോളനികളിലും, മലിന ജലം കെട്ടികിടക്കുന്ന പ്രദേശങ്ങളിലും ഈച്ച നശീകരണം കൊതുക് നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറും കമ്പോസ്റ്റു കുഴികളിൽ സ്ഥാപിക്കുക. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തണം. ഗൃഹപരിസരത്ത് മലിനജലം കെട്ടികിടക്കുന്നതു തടയുകയും ചെയ്യണം.

### പഞ്ചായത്തു തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ.

1. പഞ്ചായത്തിൽ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു കായിക പരിശീലന കേന്ദ്രം സ്ഥാപിക്കുക.
2. ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണു ഹെൽത്ത് കാർഡ്. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെകുറിച്ചുള്ള വിവരങ്ങൾ രോഗ നിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കാൻ സഹായിക്കും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിൻെറ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യുക.
3. രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക. നേത്രദാനത്തിൻെറ മഹത്വം ബോധ്യപ്പെടുത്തുക.
4. വിപണിയിൽ വിറ്റഴിയുന്നതും ഡോക്ടർമാർ നിർദ്ദേശിക്കാത്തതുമായ മരുന്നിൻെറ കാലാവധി കഴിഞ്ഞതും ആയ മരുന്നിനങ്ങൾ നിർത്തൽ ചെയ്യേണ്ടതും വ്യാജ മരുന്നു വിൽപ്പന ഇല്ലാതാക്കേണ്ടതും ആരോഗ്യത്തിന് അനിവാര്യമാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യ രംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ ശുചിത്വഗ്രാമം ആരോഗ്യഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നമുക്ക് കഴിയും. അതിനുള്ളതാകട്ടെ നമ്മുടെ ശ്രമവും.



**നീലക്കുറിഞ്ഞികൾ പൂക്കുമ്പോൾ .....**

## വ്യവസായം

9888 തൊഴിൽ രഹിതരുള്ള ഈ പഞ്ചായത്തിൽ വ്യവസായ വളർച്ച ഉണ്ടായിട്ടില്ല. ഇവിടെ ചെറുതും വലുതുമായ വ്യവസായങ്ങൾ തുടങ്ങുന്നതിനും ലാഭകരമായി പ്രവർത്തിക്കുന്നതിനും സാധിക്കുന്നതാണ്. വ്യവസായ പുരോഗതിക്ക് ആവശ്യമായ ഗതാഗത സൗകര്യങ്ങളും അസംസ്കൃത വസ്തുക്കളും ഇവിടെയുണ്ട്. അവ ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ വ്യവസായ പുരോഗതി ഉണ്ടാക്കുവാനും അതു വഴി തൊഴിൽ മേഖല പുഷ്ടിപ്പെടുത്തുവാനും സാധിക്കും.

ഇവിടെ കാർഷിക ഉല്പന്നങ്ങളായ ഏലം, കുരുമുളക് മുതലായവയുടെ ഓയിൽ നിർമ്മിച്ച് കയറ്റുമതി ചെയ്യുവാൻ ഫാക്ടറികൾ തുടങ്ങുവാൻ കഴിയും. കൊക്കോ കൃഷി കൂടുതൽ ഉള്ളതിനാൽ അതിന്റെ തോടുപയോഗിച്ച് കാലിത്തീറ്റ ഫാക്ടറിയും കൊക്കോ കുരു ഉപയോഗിച്ച് വൻ വ്യവസായ സാദ്ധ്യതയുള്ള ഭക്ഷ്യവസ്തുക്കൾ ഉണ്ടാക്കുന്നതിനും സാധിക്കും. ഈറ്റ, മുള, ചൂരൽ ഇവയുപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനു സാധിക്കും. വനിതകൾക്കായി തയ്യൽ യൂണിറ്റുകൾ സ്ഥാപിച്ച് റെഡിമെയ്ഡ് ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും. വനിതകൾക്കു മാത്രമായി അച്ചാർ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

ടൂറിസം മേഖലയായതിനാൽ ഹോട്ടൽ വ്യവസായത്തിന് വൻസാദ്ധ്യതകൾ ഉണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ ആട്, മാട്, കോഴി, പന്നി. എന്നിവകളെ വളർത്തുന്നതിന് സൗകര്യങ്ങൾ ഉണ്ട്. മീൻവളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്ന വിധത്തിൽ തടാകങ്ങളും കുളങ്ങളും ഉണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ പാലുല്പന്നങ്ങൾ ഉണ്ടാക്കാവുന്നതാണ്. സിമിൻറു ഫാക്ടറി ആരംഭിക്കുന്നതിനും, ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾക്കും സൗകര്യങ്ങളുണ്ട്.

ഈ പഞ്ചായത്തിന്റെ 1-വാർഡിൽ മൈനർ ഇറിഗേഷന്റെ ജലധാരാ പദ്ധതിയിൽ നിർമ്മിച്ചിട്ടുള്ള കുളങ്ങൾ പഞ്ചായത്ത് ഏറ്റെടുത്താൽ മത്സ്യകൃഷിനടത്തുന്നതിന് വളരെ സാദ്ധ്യതയുണ്ട്. അതുപോലെതന്നെ പ്ലാസ്റ്റിക് ഉപകരണങ്ങൾ നിർമ്മിക്കലും പരമ്പരാഗത കുടിൽ വ്യവസായങ്ങളായ ഈറ്റ ഉപയോഗിച്ചുള്ള നെയ്ത് വസ്തുക്കൾ നിർമ്മിക്കലും മറ്റും ചെയ്യുന്നതിന് പരിചയസമ്പന്നരായ ആളുകൾ ഈ വാർഡിലുണ്ട്. അതുപോലെ ഫ്ളവർമിൽ. ബേക്കറി തുടങ്ങിയവയ്ക്കും കുരുമുളക്, ഏലം തുടങ്ങിയവ അച്ചാറാക്കി കയറ്റി അയക്കുന്നതിനും സാദ്ധ്യതയുണ്ട്. അങ്ങനെ ഗ്രൂപ്പായും ഒറ്റക്കും ചെറുകിടവൻകിട വ്യവസായങ്ങൾ നടത്തുന്നതിന് സന്നദ്ധതയുള്ള വനിതായൂണിറ്റുകളും ഇവിടെയുണ്ട്.

പഞ്ചായത്തിന്റെ 3-ാം വാർഡിൽ മീൻവളർത്തൽ, പൂന്തോട്ടകൃഷി. കോഴി. ആട്, പന്നി. പശു മുതലായ വളർത്തുമൃഗങ്ങളെ വളർത്തൽ മുതലായവയ്ക്ക് പഞ്ചായത്തിൽ നിന്നും ധനസഹായം നൽകിയാൽ വളരെയധികം ആളുകൾ ടി. വ്യവസായങ്ങൾ ചെയ്യുന്നതിനു തയ്യാറുള്ളവരാണ്. അതുപോലെ വാർഡിലെ തൊഴിൽ രഹിതർക്കായി അച്ചാർ, ജാം, ബേക്കറി സാധനങ്ങൾ നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കും തയ്യൽ പഠിച്ച പെൺകുട്ടികൾക്ക് തയ്യൽ മെഷീൻ വാങ്ങുന്നതിനുള്ള ധനസഹായവും പഞ്ചായത്തു ചെയ്തു കൊടുത്താൽ ആരംഭത്തും വ്യവസായ വളർച്ച ഉണ്ടാക്കുവാൻ സന്നദ്ധരായ ആളുകൾ ഈ വാർഡിലുണ്ട്.


പഞ്ചായത്തിലെ രണ്ടാംമൈൽ ഭാഗത്ത് ഒരു സിമന്റു ഫാക്ടറി സ്ഥാപിക്കുന്നതിനും, അതുപോലെ കുരുമുളക്, ഏലം തുടങ്ങിയവയുടെ ഓയിൽ നിർമ്മാണ ഫാക്ടറി തുടങ്ങുന്നതിനും, കാലിത്തീറ്റ ഫാക്ടറി തുടങ്ങുന്നതിനും സാദ്ധ്യതയുണ്ട്. അതുപോലെ പഞ്ചായത്തുവക സ്ഥലത്ത് ടൂറിസ്റ്റ് റിസോർട്ടുകൾ പണിയുന്നതിനും തോക്കുപാറ കേന്ദ്രമാക്കി സിനിമാതീയേറ്റർ പണിയുന്നതിനും സാദ്ധ്യതയുണ്ട്. രണ്ടാം മൈലിൽ ബിയർ പാർലർ സ്ഥാപിക്കുന്നതിനും മറ്റു നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള സാദ്ധ്യതകൾ ഉണ്ട്.

ഈ പഞ്ചായത്തിലെ 6-ാം വാർഡിൽ നിരവധിവ്യവസായങ്ങൾക്കുള്ള സാദ്ധ്യതയുണ്ട്. അച്ചാർ, ജാം, ബേക്കറി നിർമ്മാണ പദ്ധതികൾക്കും, തയ്യൽ യൂണിറ്റുകൾ, മെഴുകുതിരി നിർമ്മാണം, ക്ഷീരോല്പന്നങ്ങൾ, കറിപൗഡർ നിർമ്മാണം മുതലായ വ്യവസായങ്ങൾ ഇവിടെ ചെയ്യാവുന്നതാണ്. അതുപോലെ ഹോളോബ്രിക്സ്, സോപ്പുനിർമ്മാണം, കടലാസു കൂടുകളുടെ നിർമ്മാണം, ചെരുപ്പ് നിർമ്മാണം, അലൂമിനിയം പാത്രങ്ങൾ നിർമ്മാണം തുടങ്ങിയ വ്യവസായങ്ങൾക്കും സാദ്ധ്യതയുള്ളതിനു പുറമെ ഏലം കുരുമുളക്, കാപ്പി നഴ്സറികൾ, മീൻവളർത്തൽ, പുഷ്പകൃഷി, കോഴി, ആട്, മാട്, പന്നിവളർത്തൽ മുതലായ വ്യവസായങ്ങളും നടത്താവുന്നതാണ്. കൂടാതെ സഹകരണ മേഖലയിൽ ഉൾപ്പെടുത്തി ഒരു റെസ്റ്റോറൻറിനുള്ള സാദ്ധ്യതയും ഇവിടെയുണ്ട്.

ഏഴാംവാർഡിൽ ആട്, മാട്, കോഴി, എന്നിവയെ വളർത്തുന്നതിനുള്ള സാങ്കേതിക വൈഷമ്യങ്ങൾ എസ്റ്റേറ്റുമായി ബന്ധപ്പെട്ടു നീക്കി അവയെ ആവശ്യാനുസരണം വളർത്താൻ സാഹചര്യമുണ്ടാക്കിയാൽ വളരെ പേർക്ക് ചെയ്യുവാൻ കഴിയുന്ന കാര്യമാണ് മേൽപറഞ്ഞവ. അതുപോലെ ഒരു മിൽക് സൊസൈറ്റിയും തയ്യൽ സെൻററും 7-ാം വാർഡിൽ ആവശ്യമാണ്.

8-ാം വാർഡിൽ സ്ത്രീകൾക്കായി തയ്യൽ കേന്ദ്രം ആരംഭിക്കുന്നതിനും, ചെരുപ്പുനിർമ്മാണം. മീൻവളർത്തൽ, ഏലം സംസ്ക്കരണകേന്ദ്രം മുതലായ വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. മിൽക് സൊസൈറ്റി, റേഷൻ റീടെയിൽ ഷോപ്പ്, ടയർ കമ്പനി, മുതലായവ തുടങ്ങുന്നതിനും ഓട്ടോമോബയിൽ വർക്ക്ഷോപ്പ്, സ്പ്രേപെയിൻറിംഗ്, ഓട്ടോ ഇലക്ട്രിക്കൽ ഷോപ്പ് മുതലായവക്കും സാദ്ധ്യതയുണ്ട്. ഹരിജനങ്ങൾക്ക് പന്നിവളർത്തുന്നതിനുള്ള ധനസഹായം നൽകിയാൽ അതൊരു വ്യവസായമാക്കി മാറ്റാം.

9-ാം വാർഡിൽ തേയില ഫാക്ടറിയും കൊക്കോ സംസ്ക്കരണ ഫാക്ടറിയും സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട്. പാഴ്ത്തടിയിൽ നിർമ്മിക്കാവുന്നതും തൊഴിൽ സാദ്ധ്യത കൂടുതലുള്ളതുമായ പായ്ക്കിങ്ങ് കേയ്സ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ചിരട്ട, മുള, ഈറ്റ മുതലായവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മാണം തുടങ്ങിയവ വളരെ സാദ്ധ്യതയുള്ള വ്യവസായങ്ങളാണ്. അതുപോലെ ആട്, മാട്. കോഴി, പന്നി. തേനീച്ച മുതലായവയെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്തുന്നതിനും, ഓട്ടോ മൊബൈയ്ൽ ലെയ്ത്ത് സ്ഥാപിക്കുന്നതിനും ഇവിടെ സാദ്ധ്യതയുണ്ട്. സഹകരണ മേഖലയിൽ റബ്ബർ അധിഷ്ടിതവ്യവസായവും ഇവിടെ തുടങ്ങാം.



## ഗതാഗതം, ഊർജം, മാർക്കറ്റ്

ഒരു ഗ്രാമത്തെ സംബന്ധിച്ചിടത്തോളം റോഡുകൾ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. റോഡുകളും പാലങ്ങളും വൈദ്യുതിയും മാർക്കറ്റുകളും ഗ്രാമത്തിൽ എല്ലായിടത്തും എത്തിച്ചേർന്നാൽ വികസനമായി എന്ന സങ്കല്പമില്ല. എന്നാൽ ഇവയെ ഒഴിവാക്കിയുള്ള വികസനം അസാദ്ധ്യവുമാണ്.

67.47 കി.മീ. വിസ്തൃതിയുള്ള ഒരു പഞ്ചായത്താണ് പള്ളിവാസൽ. 3652 ഭവനങ്ങളാണ് 1991-ലെ സെൻസസ് അനുസരിച്ചുള്ളത്. ചതുരശ്ര കിലോമീറ്ററിന് ശരാശരി 246 ആളുകൾ താമസിക്കുന്നു. വീടുകൾ 54. കുന്നും ചെരുവുമായുള്ള ഭൂപ്രകൃതി. ഈ വികസ്വര ഗ്രാമപഞ്ചായത്തിൻെറ അവികസിത മേഖലകളിൽ മാത്രമല്ല ഇതര മേഖലകളിലും റോഡുകളും വൈദ്യുതിയുമൊക്കെ ഇനിയും എത്തിച്ചേരേണ്ടിയിരിക്കുന്നു.

സംസ്ഥാനത്തിന് ആദ്യമായി വൈദ്യുതി ഉൽപ്പാദിപ്പിച്ചു നൽകിയ പവ്വർഹൗസ് സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൽ ഇവിടുത്തെ ആവശ്യക്കാർക്ക് മുഴുവനും വൈദ്യുതി നൽകുവാൻ ഇനിയും കഴിഞ്ഞിട്ടില്ല.

ജനസാന്ദ്രത താരതമ്യേന കുറവായ ഈ പഞ്ചായത്തിൽ റോഡിൻെറ ആവശ്യകത അത്രപെട്ടെന്നു ബോദ്ധ്യപ്പെട്ടിട്ടില്ലായിരുന്നു. റോഡിനു വേണ്ടി വിട്ടുകൊടുക്കേണ്ടിവരുന്ന സ്ഥലത്തുകൂടി കൃഷിചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കാമല്ലൊ എന്ന ഒരു സാധാരണ കർഷകൻെറ ചിന്താഗതി പൊതുവേ അടുത്തകാലം വരെ നിലനിന്നിരുന്നു. ഇന്നു സ്ഥിതി ആകെ മാറിയിരിക്കുന്നു.

മധുര- കൊച്ചി ദേശീയപാത 24. കി. മീ. ദൂരം പള്ളിവാസലിലൂടെ കടന്നുപോകുന്നു. കുരിശുപാറയിൽ നിന്നും വരുന്ന റോഡ് കല്ലാറിൽ വച്ചും, കുഞ്ചിത്തണ്ണിയിൽ നിന്നും ആനച്ചാൽ തോക്കുപാറ വഴി ഇരുട്ടുകാനത്തുവച്ചും പവ്വർഹൗസിൽ നിന്നും ചിത്തിരപുരം വഴി രണ്ടാം മൈലിൽ വച്ചും പോതമേട്ടിൽ നിന്നും ഹെഡ്‌വർക്സിൽ വച്ചും ആറ്റുകാടുനിന്നും പള്ളിവാസലിൽ വച്ചും ദേശീയ പാതയുമായി ബന്ധപ്പെടുന്നു. വിശദമായ പട്ടിക കാണുക 4-6-1. പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിൽ നിന്നും പ്രധാന റോഡുകളിൽ എത്തിച്ചേരുവാൻ റോഡുകളും പാലങ്ങളും ഉണ്ടാവേണ്ടിയിരിക്കുന്നു.

(പ്രശ്നങ്ങൾ)

1. പ്രധാന കേന്ദ്രങ്ങളോടു ചേർന്നു കിടക്കുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കണം.
2. ജനതാല്പര്യം കണക്കിലെടുത്ത് പുതിയ റോഡുകൾ ഏറ്റെടുക്കണം.
3. വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര, കംഫർട്ട് സ്റ്റേഷൻ എന്നിവ പ്രധാന കേന്ദ്രങ്ങളിൽ നിർമ്മിച്ചു സംരക്ഷിക്കണം.
4. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം ജനപങ്കാളിത്തത്തോടെ നടത്തണം.
5. ആവശ്യമുള്ള ഭാഗങ്ങളിൽ റോഡിൻെറ സുരക്ഷിതത്വത്തെ കരുതി വശങ്ങൾ കെട്ടി ബലപ്പെടുത്തണം.
6. പഞ്ചായത്തു ബസ് സ്റ്റാൻറുകൾ പണിയണം.
7. റോഡുകൾക്കു നിലവിലുള്ള ഓടകൾ കാലവർഷത്തിൽ തകർന്നുപോകുന്നതുകൊണ്ട് ഓടകൾ കോൺക്രീറ്റ് ചെയ്യണം.
8. ടാക്സി ഓട്ടോ സ്റ്റാൻറുകൾ പ്രത്യേകം പ്രത്യേകമായി ഉണ്ടാക്കണം.
9. കലുങ്കുകളും പാലങ്ങളും ഉണ്ടാക്കേണ്ട സ്ഥലങ്ങളിൽ അവ അത്യാവശ്യമായും നിർമ്മിക്കണം.
10. ആവശ്യമായ സ്ഥലങ്ങളിൽ ഫുട്ട്സ്റ്റെപ് നിർമ്മിക്കണം.
11. അത്യാവശ്യം വേണ്ടസ്ഥലങ്ങളിൽ കുളിക്കടവു നിർമ്മിക്കണം.

സാദ്ധ്യതകൾ.


1. കല്ലാർ - എട്ടേക്കർ റോഡ് 500 മീറ്റർ ടാർ ചെയ്യണം.
2. കുരിശുപാറ കോട്ടപ്പാറ റോഡ് 500 മീറ്റർ ടാർ ചെയ്യണം.
3. കരണംതോട് നൂറാങ്കര റോഡ് 1കി.മീ. ടാർ ചെയ്യുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കു നിർമ്മിക്കുകയും വേണം.
4. പീച്ചാട് - പ്ലാമല ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം.
5. പീച്ചാട്-കമ്പനിക്കുടി ഗിരിജൻ കോളനി റോഡ് 3 കി.മീ. ടാർ ചെയ്യണം.
6. കൂമ്പൻ പാറ റേഞ്ചാഫീസ് പടിക്കൽ നിന്നും 8 ഏക്കർ കൂമ്പൻ പാറ റോഡിലേക്ക് റോഡു വെട്ടണം.
7. കമ്പിലൈൻ-എട്ടേക്കർ റോഡിനെ ആനവിരട്ടി കമ്പിലൈൻ റോഡിലേക്കു ബന്ധിക്കണം.
8. ഇരുട്ടുകാനത്തുനിന്നും ആനവിരട്ടിവില്ലേജാഫീസിനു പുറകുവശത്തു കൂടി 1500 മീറ്റർ റോഡി നിർമ്മിക്കണം.
9. കമ്പിലൈൻ-കാണ്ട്യാംപാറ-അമ്പഴച്ചാൽ റോഡ് 3 കിലോമീറ്റർ 8 മീറ്റർ വീതിയിൽ വെട്ടി ടാർ ചെയ്യണം.
10. തോക്കുപാറ-ആനന്ദവിലാസം-കരടിപ്പാറ റോഡ് 2 ½ കി. മീറ്റർ 8മീറ്റർ വീതിയിൽ വെട്ടി ടാർ ചെയ്യണം.
11. കമ്പിലൈൻ-ചുണ്ടക്കാട് വഴി കല്ലാർ സ്ക്കൂൾറോഡ് വീതിയിൽ വെട്ടി ടാർ ചെയ്യണം.
12. തോക്കുപാറ കരടിപ്പാറ റോഡിൽ നിന്നും കാണ്ട്യാംപാറ റോഡിലേക്കു 5 മീറ്റർ വീതിയിൽ വെട്ടി ടാർ ചെയ്യണം.
13. തോക്കുപാറ മൂന്നാം മൈൽ റോഡ് 2 കി.മീ. വീതികൂട്ടി ടാർ ചെയ്യണം.
14. 60-ാം മൈൽ - ചുണ്ടക്കാട് റോഡ് ടാർ ചെയ്യണം.
15. ഉണ്ണി കോളനിയിലേക്കുള്ള 1 കി.മീ. റോഡ് വീതികൂട്ടി ടാർ ചെയ്യണം.
16. ചുണ്ടക്കാട്ടിൽ നിന്നും പൊതു കിണറിലേക്കുള്ള റോഡ് കല്ലുപതിക്കണം.
17. കല്ലാർ പള്ളിക്കു സമീപത്തുനിന്നും നെയമക്കാടിനുള്ള വഴി നന്നാക്കണം.
18. വെട്ടിച്ചിറ മൂലപ്പിള്ളി റോഡ് നന്നാക്കണം.
19. 12 ഏക്കർ ലക്ഷ്മിറോഡ് നന്നാക്കണം.
20. കുരിശുപാറ വൃന്ദാവൻ റോഡ് നന്നാക്കണം.
21. തട്ടാത്തിമുക്ക് -ചിത്തിരപുരം റോഡ് ടാർ ചെയ്യണം.
22. രണ്ടാംമൈൽ - പാറപ്പുറം റോഡ് ടാർചെയ്യണം.
23. തോക്കുപാറ -ജാനകി എസ്റ്റേറ്റ്-മൂന്നാം മൈൽ റോഡ് വീതികൂട്ടി വെട്ടി ഗതാഗത യോഗ്യമാക്കണം.
24. മീൻകെട്ട് സീനിയേഴ്സ് ഓഫീസ് -ആറ്റുതീരം റോഡ് 2½ കി. മീ. വീതിയിൽ വെട്ടണം.
25. തട്ടാത്തിമുക്ക് തോക്കുപാറ റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം.
26. പാറച്ചെരിവു റോഡ് 1½കി. മീ. ടാർ ചെയ്യണം.
27. ജഡ്ജി ബംഗ്ലാവു ഭാഗത്തുനിന്നും ആറ്റുകാട്ടിലേക്കു നടപ്പാത വേണം.
28. പള്ളിവാസൽ - ആറ്റുകാട് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.
29. പാൽദുരൈ- ഹെഡ്‌വർക്സ് - ആറ്റുകാട് - പള്ളിവാസൽ റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.
30. ആറ്റുകാട് -മുത്തമ്മുടി റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.
31. ആറ്റുകാട്- മരക്കാർ ഭാഗം റോഡ് വെട്ടണം.
32. ആറ്റുകാട് - 32 ഏക്കർ റോഡ് വെട്ടണം.
33. മുത്തമ്മുടി - ഐ. എച്ച്. ഡി. പി. കോളനി 3 കി. മീ. റോഡുവെട്ടണം.
34. ഒറ്റമരം- ശാസ്താം കോവിൽ -ലാക്കാട് റോഡുവെട്ടണം.


35. പോതമേട് ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം.
36. കുഞ്ചിത്തണ്ണി പവ്വർഹൗസ് റോഡ് ടാർ ചെയ്യണം.
37. കുഞ്ചിത്തണ്ണി മുതിരപ്പുഴയാർ റോഡ് സോളിംഗ് ഇട്ട് ഗതാഗത യോഗ്യമാക്കണം.
38. അമ്പലപ്പടി -32 ഏക്കർ റോഡ് വീതികൂട്ടി ടാർ ചെയ്യണം.
39. പവ്വർ ഹൗസ് - കരടിപ്പാറ റോഡ് വെട്ടണം.
40. കുഞ്ചിത്തണ്ണി അമ്പലപ്പടിയിൽ മുതിരപ്പുഴയാറിനു കുറുകെ ഒരു പാലം പണിയണം.
41. മീൻകെട്ട് പൈപ്പ് ലൈൻ ക്രോസ് ചെയ്ത് പാലം പണിയണം.
42. 60-ാം മൈൽ -ചുണ്ടക്കാട് റോഡിൽ തോടിനു കുറുകെ പാലം പണിയണം.
43. കല്ലാർ- ചുണ്ടക്കാട് - കമ്പിലൈൻ റോഡിൽ വട്ടിയാർ തോടിനു കുറുകെ ഒരു പാലം പണിയണം.
44. കമ്പിലൈൻ, കാണ്ട്യാംപാറ, അമ്പഴച്ചാൽ റോഡിൽ 2 കലുങ്ക് 4 സ്ഥലത്ത് ഡി. ആർ. കെട്ട് എന്നിവ വേണം.
45. കല്ലാർവാലി ഐ.പി.പി. സെൻററിലേക്ക് നടപ്പാലം വേണം.
46. കുരിശുപാറ സാംസ്ക്കാരിക നിലയത്തിലേയ്ക്ക് നടപ്പാലം വേണം.
47. മില്ലുംപടിയിൽ പാലം പണിയണം.
48 കല്ലാർ ബ്രിഡ്ജ്-കല്ലാർ വാലിറോഡ്
49. കുരിശുപാറ-മില്ലും പടി റോഡ്
50. കുരിശുപാറ-ലൈബ്രറി റോഡ്
51. കുരിശുപാറ തേർളിറോഡ്
52. യു.സി.എൽ.-ആശാൻ റോഡ്
53. കല്ലാർവാലി - കൊക്കോത്തറ റോഡ്
54. നെല്ലിത്താനം -നൂറാങ്കര റോഡ്
55. കുരിശുപാറ - പാറമട റോഡ്
56. എട്ടേക്കർ -കൂമ്പൻ പാറ റോഡിൽ ഇടശ്ശേരി കുന്നിലേക്ക് ഫുട്ടസ്റ്റെപ്പ് പണിയണം.
57. ആനവിരട്ടി കുരിശുമ്പടിയിൽ നിന്നും മുകളിലേയ്ക്ക് ഫുട്ട്സ്റ്റെപ്പ് പണിയണം.
58. ആനവിരട്ടി ഇവഞ്ചലിക്കൽ പള്ളിയുടെ പരിസരത്ത് ഫുട്ട്സ്റ്റെപ്പ് പണിയണം.
59. ആനവിരട്ടി പഞ്ചായത്തു ലൈബ്രറിയുടെ സമീപത്തുകൂടി പോകുന്ന വഴിയിൽ ഫുട്ട് സ്റ്റെപ്പു പണിയണം.
60. തോക്കുപാറ തുമുള്ളിൽ ഐപ്പിൻെറ പുരയിടം മുതൽ ചീക്കവാറക്കാരുടെ സ്ഥലം വരെ ഫുട്സ്റ്റെപ്പ് പണിയണം.
61. ചെകുത്താന്മുക്ക് -പവ്വർഹൗസ് നടപ്പാത അറ്റകുറ്റപ്പണി നടത്തണം.
62. കരടിപ്പാറ- കാണ്ട്യാംപാറ റോഡിൽ രണ്ടു ചപ്പാത്തു നിർമ്മിക്കണം
63. കുഞ്ചിത്തണ്ണി ടൗണിൽ ഓട നിർമ്മിക്കണം.
64. 32 ഏക്കർ ബൈസൺ വാലി കണക്ടഡ് റോഡ് ടാർ ചെയ്യണം.
65. മൂലക്കട മൂത്തൻ മുടിറോഡ് വീതികൂട്ടി വെട്ടി ടാർ ചെയ്യണം.
66. കുഞ്ചിത്തണ്ണി ടൗൺ - കുഞ്ചിത്തണ്ണി പാലം പഞ്ചായത്തു റോഡ് കോൺക്രീറ്റു ചെയ്യണം.
67. മുത്തന്മുടി പുതുക്കുളം റോഡിൽ പാലം നിർമ്മിക്കണം
68. അമ്പലപ്പടി- ചന്ദ്രമ്പിള്ളപ്പടി റോഡ് ടാർ ചെയ്യണം.
69. പവ്വർഹൗസ് - മുസ്ലീം പള്ളി റോഡിൽ ഫുട്ട്സ്റ്റെപ്പു നിർമ്മിക്കണം.
70. കുഞ്ചിത്തണ്ണിസ്ക്കൂൾ- പറക്കാട്ട് റോഡ് സൈഡ് കല്ലുകെട്ടി മെയിൻറനൻസ് നടത്തണം.
71. കുഞ്ചിത്തണ്ണി തിയേറ്റർ ഭാഗത്തുനിന്ന് കുളിക്കടവിലേക്കുള്ള വഴിയിൽ ഫുട്ടസ്റ്റെപ്പു നിർമ്മിക്കണം.
72. പവ്വർഹൗസ് - കരടിപ്പാറ റോഡിൽ പൈപ്പുലൈനിനു മുകളിൽ പാലം നിർമ്മിക്കുക.
73. കരടിപ്പാറ ചുണ്ടക്കാട് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.
74. കരടിപ്പാറ- ആനന്ദവിലാസം റോഡിൽ ഒരു ചപ്പാത്തു തീർക്കണം.
75. പള്ളിവാസൽ ഫാക്ടറിയുടെ അരികിൽ നിന്നും പാറച്ചെരിവു റോഡിലേക്കുള്ള വഴിയിൽ ഫുട്ടസ്റ്റെപ്പു നിർമ്മിക്കണം.
76. മീൻകെട്ട്- കടുവാവളവു റോഡ് വീതി കൂട്ടി പണിയണം.
77. മീൻകെട്ട് -കടുവാവളവു റോഡിൽ 2 പാലം പണിയണം
78 തട്ടാത്തി മുക്ക് -ജാനകി എസ്റ്റേറ്റ് റോഡ് 1 കി. മീ. വെട്ടി ഗതാഗതയോഗ്യമാക്കണം.
79. പള്ളിവാസൽ-പവ്വർഹൗസ്-ആറ്റുകാട്- പോതമേട് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം
80. 8-ാം വാർഡിൽ കന്നിയമ്മയുടെ വീട്ടിൽ നിന്നും കുഞ്ചിത്തണ്ണിക്കു റോഡുവെട്ടണം.
81. മത്തച്ചൻ മൂലക്കട ഭാഗത്തുനിന്നും 9-ാം വാർഡിലേക്ക് റോഡ് പുതിയതായി വെട്ടണം.
82. കിട്ടപ്പായുടെ സ്ഥലത്തു നിന്നും ചന്ദ്രമ്പിള്ളയുടെ സ്ഥലത്തേക്കു കടക്കുന്ന ഭാഗത്ത് പാലം പണിയണം.
83. പോതമേട് ക്യാപ്റ്റൻെറ തോട്ടത്തിൽ നിന്ന് ആറ്റുകാട് കോഴിക്കാനം വരെ റോഡ് വെട്ടണം.
84. കമ്പിലൈൻ- അമ്പഴച്ചാൽ റോഡ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കണം.

## ഊർജം

1. ഗ്രാമത്തിൻെറ രക്തം വൈദ്യുതിയാണ്. ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത സ്ഥലങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഗിരിജനങ്ങൾക്കും, ഹരിജനങ്ങൾക്കും പോലും വൈദ്യുതി നൽകിയിട്ടില്ലാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.
2. ആവശ്യത്തിനു തെരുവുവിളക്കുകൾ ഇല്ല.
3. മൃഗസംരക്ഷണം പ്രധാന തൊഴിലായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനും, ഊർജ്പ്രതിസന്ധി ഒരു പരിധിവരെയെങ്കിലും തരണം ചെയ്യുവാനും കഴിയേണ്ടതാണ്. ഇക്കാര്യത്തിൽ ബോധവൽക്കരണം സാമ്പത്തിക സഹായ പുനസ്ഥാപനം ഉൾപ്പെടെയുള്ള കാര്യങ്ങളും ആലോചിക്കേണ്ടതാണ്.
4. പുകയില്ലാത്ത അടുപ്പുകൾ ഇന്ധന ക്ഷാമത്തെ ഒരു പരിധി വരെ തരണം ചെയ്യുന്നതിന് സഹായിക്കുന്നു. പല ഏജൻസികൾ നടത്തുന്ന അത്തരം അടുപ്പുകൾ ജനമദ്ധ്യത്തിൽ പ്രചാരം നേടിയിട്ടുണ്ടെങ്കിലും അവ ഉപയോഗിക്കേണ്ടതിൻെറ ആവശ്യകത സാധാരണക്കാരന് ഇനിയും മനസ്സിലായിട്ടില്ല എന്നതാണ് വസ്തുത.
5. ഒരു കാലത്ത് ഇടതൂർന്നവനമായിരുന്നു ഗ്രാമത്തിലെങ്കിൽ ഇന്ന് വനം ഒരു സംരക്ഷിത പ്രതിഭാസമായിരിക്കുന്നു. ആവശ്യത്തിനു വിറകു ലഭിക്കുവാനില്ല.
6. വിറകിനു പകരം ഉപയോഗിക്കാവുന്ന മണ്ണെണ്ണ ആവശ്യത്തിനു പഞ്ചായത്തിൽ ലഭിക്കുന്നില്ല.
7. തൊട്ടടുത്ത രണ്ടു പഞ്ചായത്തിലും ഗ്യാസ് കണക്ഷനുകൾ ഉള്ളപ്പോൾ പള്ളിവാസൽ പഞ്ചായത്തിനു മാത്രം ഗ്യാസ് കണക്ഷൻ നൽകുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

വിറകാകട്ടെ വെട്ടിയെടുത്തുപയോഗിക്കുവാനും സാദ്ധ്യമല്ല.






**നിർദ്ദിഷ്ട ചെറുകിട ജല വൈദ്യുത പദ്ധതികൾ**

1. പീച്ചാട് - പ്ലാമല പദ്ധതി.
2. Sവളവ് പദ്ധതി.
3. കരടിപ്പാറ പദ്ധതി.

8. സൗരോർജ്ജം ഉപയോഗിച്ചുള്ള സോളാർ ഉപകരണങ്ങൾ ഊർജ്ജപ്രതിസന്ധിക്കു പരിഹാരമാണെങ്കിലും ആ രംഗത്തുള്ള ബോധവൽക്കരണം പരിമിതമാണ്. സർക്കാരിൻെറ ബോധപൂർവ്വമുള്ള ഇടപെടൽ ഈ രംഗത്ത് ഉണ്ടായിട്ടില്ല എന്ന വിമർശനവും ഉണ്ട്.

### സാദ്ധ്യതകൾ

1. പീച്ചാടുപ്പാമല ഭാഗത്തു വൈദ്യുതി എത്തിക്കണം
2. ആനവിരട്ടിമുകൾഭാഗം, കൂമ്പൻപാറ മുകൾഭാഗം, ഇരുട്ടുകാനം മുകൾഭാഗം, കമ്പിലൈൻ കാണ്ട്യാംപാറ റോഡിനു വലതു ഭാഗം, ചുണ്ടക്കാട്, 60-മൈൽ ഹരിജൻ കോളനി, മൂന്നാം മൈൽ, മൂലപ്പള്ളി വെട്ടിച്ചിറഭാഗം, പാറപ്പുറം ഹരിജൻ കോളനി, മീൻകെട്ടു സർക്കിൾ ഓഫീസു മുതൽ കടുവാവളവു വരെ. ഐ. എച്ച്.ഡി.പി. മുത്തമ്മുടി കോളനി, പാണ്ഡവർമല, തേവർ കാട്, കരടിപ്പാറ, എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.
3. പവ്വർഹൗസ്പാലം, ആറ്റുകാട്, തേവർകാട്, പോതമേട്, പാൽതുരൈ റോഡ്, ജഡ്ജി ബംഗ്ലാവു ഭാഗം, മൂലക്കട കാളിയാർ കോവിൽ, പള്ളിവാസൽ-ആറ്റുകാട്റോഡ്, തോക്കുപാറ ജാനകി എസ്റ്റേറ്റ് റോഡ്, തട്ടാത്തിമുക്ക് ചിത്തിരപുരം റോഡ്, തോക്കുപാറ മൂന്നാംമൈൽ റോഡ്, കുഞ്ചിത്തണ്ണിസ്ക്കൂൾ -മുതിരപ്പുഴ റോഡ്, രണ്ടാംമൈൽ -മൂന്നാം മൈൽ എൻ. എച്ച്. റോഡ്, കമ്പിലൈൻ- കാണ്ട്യാംപാറ റോഡ്, തോക്കുപാറ ആനന്ദവിലാസം റോഡ്, തുടങ്ങിയ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.
4. ചെകുത്താൻ മുക്ക്, തോക്കുപാറ, രണ്ടാംമൈൽ, മൂന്നാം മൈൽ, തട്ടാത്തിമുക്ക്, ചിത്തിരപുരം, ജംഗ്ഷനുകൾ ഡോബിപ്പാലം, പവ്വർഹൗസ്, പുതുക്കാട്, പോതമേട്, ഒറ്റമരം എന്നിവിടങ്ങളിൽ മെർക്കുറി ലൈറ്റ് സ്ഥാപിക്കുക.
5. പള്ളിവാസൽ പവ്വർഹൗസിൽ നിന്നും 1 കി.മീ. ദൂരെ കരടിപ്പാറയിൽ മുതിരപ്പുഴയാറിൽ മിനി ഹൈഡ്രോ ഇലക്ട്രിക്കൽ പ്രൊജക്ട് സ്ഥാപിക്കുക. സ്വകാര്യ ഏജൻസികൾ അതിനു തയ്യാറായേക്കും.
6. ഹെഡ്വർക്സിൽ നിന്നും ഒഴുകിവരുന്നവെള്ളം പള്ളിവാസലിൽ തടഞ്ഞുനിർത്തി ഒരു മിനിപവ്വർഹൗസ് സ്ഥാപിക്കുക.
7. കൃഷി വികസനത്തിനു വൈദ്യുതി ആവശ്യപ്പെടുന്ന കർഷകർക്ക് അടിയന്തിരമായിത്തന്നെ കണക്ഷൻ നൽകുക.
8. പാവപ്പെട്ടവർക്ക് 1000 രൂപവീതം പഞ്ചായത്തിൽ നിന്നും ധനസഹായം നൽകി സാർവത്രികമായ വൈദ്യുതി വിതരണം നടപ്പിലാക്കുക.
9. 9-ാം വാർഡിൽ ആനയിറങ്ങലിനുപോകുന്ന ലൈനിൽ 20 ഏക്കർ ഭാഗത്തു ട്രാൻസ്ഫോമർ വച്ചാണ് വൈദ്യുതി നൽകുന്നത്. പള്ളിവാസൽ പവർഹൗസ് സ്ഥിതിചെയ്യുന്ന വാർഡായ 9-ാം വാർഡിന് പവ്വർ ഹൗസിൽ നിന്നു തന്നെ നേരിട്ടു സപ്ലൈ നൽകുക.
10. 2,5,6 വാർഡുകളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തിനു പരിഹാരം കാണുക.
11. പള്ളിവാസൽ പഞ്ചായത്തിന് ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കുക.
12. സോളാർ ഉപകരണങ്ങൾ സാധാരണക്കാർക്കു വാങ്ങാൻ കഴിയുന്ന നിരക്കിൽ വിതരണം ചെയ്യുക.
13. കന്നുകാലികൾ കൂടുതൽ ഉള്ള കർഷകർക്ക് ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിന് സൗജന്യ നിരക്കേർപ്പെടുത്തുവാൻ പഞ്ചായത്തു മുൻകയ്യെടുക്കുക.
14. മൂലക്കട-പാറച്ചെരിവ് റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
15. തോക്കുപാറ മൂന്നാംമൈൽ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
16. കമ്പിലൈൻ -അമ്പഴച്ചാൽ റോഡിൻെറ പരിസരങ്ങളിൽ താമസക്കാർക്ക് വൈദ്യുതിയെത്തിക്കുക.
17. കുഞ്ചിത്തണ്ണി -പവ്വർഹൗസ് റോഡിൽ വള്ളക്കടവു മുതൽ പി. എസ്. രാജപ്പൻെറ വീടുവരെ സ്ട്രീറ്റ് ലൈറ്റ് ഇടുക.
18. കുഞ്ചിത്തണ്ണി അമ്പലപ്പടി -ചന്ദ്രൻപിള്ളപ്പടി റോഡിൽ സ്ട്രീറ്റ്ലൈറ്റ് ഇടുക.
19. അമ്പലപ്പടി 32 ഏക്കർറോഡിൽ സ്ട്രീറ്റ് ലൈറ്റ് ഇടുക.
20. മൂലക്കട - മുത്തമ്മുടി റോഡിൽ സ്ട്രീറ്റ് ലൈറ്റ് ഇടുക.

## മാർക്കറ്റ്

സ്വയംസമ്പൂർണ്ണമായ ഗ്രാമങ്ങളാണല്ലൊ നമ്മുടെ ലക്ഷ്യം. ഗ്രാമത്തിലെ ഓരോ പ്രദേശത്തും ഉണ്ടാക്കാൻ കഴിയുന്ന കാർഷികവും വ്യാവസായികവുമായ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ വിപണി സൗകര്യം ഇല്ലാതെപോയാൽ ഉല്പാദനത്തിന് ആരും മിനക്കെടുകയില്ല. ഉൽപാദകർ ധാരാളമുണ്ട്. ഉപഭോക്താക്കൾ അതിനേക്കാൾ എത്രയോ ഇരട്ടിയുണ്ട്. എന്നാൽ അവർക്ക് പരസ്പരം ബന്ധപ്പെട്ട് ഉല്പന്നങ്ങൾ കൈമാറാൻ പഞ്ചായത്തിലെ പ്രദേശങ്ങളുടെ പ്രത്യേകതകൾ അനുസരിച്ചുള്ള മാർക്കറ്റുകൾ അനിവാര്യമാണ്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ സ്വന്തം സ്ഥലമുള്ളിടത്ത് മാർക്കറ്റ് തീർക്കുവാൻ സാധിക്കും.
2. പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർ ധാരാളമുണ്ട്. ഉപഭോക്താക്കളും ധാരാളമുണ്ട്. പ്രാദേശികമായി ഒരു കേന്ദ്രത്തിൽ ധാരാളം പച്ചക്കറികൾ കിട്ടുന്ന അവസ്ഥയുണ്ടെങ്കിൽ ആ പ്രദേശത്തുള്ളവരെല്ലാം ന്യായമായ വിലക്ക് അതുലഭിക്കും എന്നുള്ളതുകൊണ്ട് അങ്ങോട്ടേക്ക് ആകർഷിക്കപ്പെടും. കർഷകനും ഉല്പന്നം ചെലവാകും എന്നതുകൊണ്ട് തൻെറ ഉല്പന്നങ്ങൾ മാർക്കറ്റിലെത്തിക്കും.
3. മത്സ്യം, മാംസം, തുടങ്ങിയവ പഞ്ചായത്തിൻെറ പല ഭാഗങ്ങളിൽ വച്ചു വിതരണം നടത്തുന്നുണ്ട്. ആരോഗ്യ രക്ഷാപ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പല കേന്ദ്രങ്ങളും പ്രവർത്തിക്കുന്നതെന്നതു ശരിയാണ്. നിശ്ചിത കേന്ദ്രങ്ങളിൽ അവ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണമുണ്ടായാൽ പൊതുജനാരോഗ്യത്തിന് അതു ഗുണകരമായിരിക്കും.

### സാദ്ധ്യതകൾ

1. കുരിശുപാറ ടൗണിൽ റോഡു സൈഡിൽ 100 മീറ്റർ നീളത്തിൽ പഞ്ചായത്തുവക സ്ഥലമുണ്ട്. അവിടെ പഞ്ചായത്തുമാർക്കറ്റ് ആരംഭിക്കുക.
2. കല്ലാർ, തോക്കുപാറ, ഡോബിപ്പാലം, കുഞ്ചിത്തണ്ണി എന്നിവിടങ്ങളിൽ പഞ്ചായത്തു മാർക്കറ്റു തുടങ്ങണം.
3. പഞ്ചായത്തിൻെറ നേതൃത്വത്തിൽ പച്ചക്കറി മാർക്കറ്റ് ആരംഭിക്കണം.
4. കുഞ്ചിത്തണ്ണി കേന്ദ്രമാക്കി ആഴ്ച ചന്ത പഞ്ചായത്തു മുൻകൈയ്യെടുത്ത് സ്ഥാപിക്കണം.
5. കുഞ്ചിത്തണ്ണിയിൽ മത്സ്യം, മാംസം എന്നിവയുടെ മാർക്കറ്റുണ്ടാക്കി അവയുടെ വിപണനം അങ്ങോട്ടേക്കു മാറ്റണം.

# പള്ളിവാസൽ ഗ്രാമപഞ്ചായത്ത് റോഡുകൾ

## പട്ടിക 4-6-1

| നമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം കി. മീ. | വീതി മീറ്റർ |
|---|---|---|---|---|
| 1. | I | പീച്ചാട്-പ്ലാമല- എസ്. ടി. കോളനി | 2.5 | 5 |
| 2. | " | കുരിശുപാറ-കോട്ടപ്പാറ- എസ്. സി. കോളനി | 1.5 | 5 |
| 3. | " | പീച്ചാട്-കമ്പനിക്കുടി- എസ്. ടി. കോളനി | 2 | 5 |
| 4. | " | കോട്ടപ്പാറ - മില്ലുംപടി | 0.5 | 4 |
| 5. | " | കരണം തോട് - നൂറാങ്കര | 1 | 4 |
| 6. | II | കമ്പിലൈൻ -കോളനി-എട്ടേക്കർ | 2.5 | 4 |
| 7. | " | 60-ാം മൈൽ - 8 ഏക്കർ | 1 | 4 |
| 8. | " | അമ്പഴച്ചാൽ - കാണ്ടാ്യാംപാറ | 1 | 4 |
| 9. | " | കൂമ്പൻ പാറ - എട്ടേക്കർ സിറ്റി | 3 | 5 |
| 10. | " | കല്ലാർ - എട്ടേക്കർ | 1 | 5 |
| 11. | III | കമ്പിലൈൻ-കാണ്ട്യാമ്പാറ - അമ്പഴച്ചാൽ | 3 | 5 |
| 12. | " | തോക്കുപാറ- ആനന്ദവിലാസം - കരടിപ്പാറ | 2.5 | 5 |
| 13. | " | കമ്പിലൈൻ - കല്ലാർ സ്ക്കൂൾ | 3 | 3 |
| 14. | " | തോക്കുപാറ - കാണ്ട്യാമ്പാറ | 2 | 6 |
| 15. | " | തോക്കുപാറ - കരടിപ്പാറ | 3 | 4 |
| 16. | " | തോക്കുപാറ - മൂന്നാംമൈൽ | 3 | 4 |
| 17. | " | 60-ാം മൈൽ ചുണ്ടക്കാട് | 1 | 4 |
| 18. | IV | കുരിശുപാറ -വൃന്ദാവൻ | 2 | 4 |
| 19. | " | കല്ലാർ - മാങ്കുളം | 9 | 8 |
| 20. | V | തട്ടാത്തിമുക്ക് - ചിത്തിരപുരം | 1.5 | 4 |
| 21. | " | രണ്ടാംമൈൽ - പാറപ്പുറം | 1.5 | 2 |
| 22. | " | തോക്കുപാറ-ജാനകി-മൂന്നാംമൈൽ | 3 | 4 |
| 23. | VI | കടുവാവളവ് -മീൻകട്ട് - ആറ്റുതീരം | 2.5 | 1.5 |
| 24 | " | തട്ടാത്തിമുക്ക് - തോക്കുപാറ | 1.5 | 4 |
| 25. | VII | മൂലക്കട - പാറച്ചെരിവ് | 1.5 | 4 |
| 26. | " | പള്ളിവാസൽ -ആറ്റുകാട് | 4 | 4 |
| 27. | " | പാൽദുരൈ - ഹെഡ്വർക്സ്- ആറ്റുകാട് | 1 | 4 |
| 28. | " | പള്ളിവാസൽ -മുത്തൻ മുടി (32 ഏക്കർ) | 2 | 2 |
| 29. | VIII | പോതമേട് - ഹരിജൻ കോളനി | 1 | 4 |
| 30. | IX | കുഞ്ചിത്തണ്ണി - പവർഹൗസ് | 2 | 8 |
| 31 | " | കുഞ്ചിത്തണ്ണിസ്ക്കൂൾ - മുതിരപ്പുഴയാർ | 0.75 | 4 |
| 32 | " | അമ്പലപ്പടി - 32 ഏക്കർ | 1.50 | 4 |
| 33 | " | കുഞ്ചിത്തണ്ണി ടൗൺ - മുതിരപ്പുഴയാർ | 0.30 | 2½ |
| 34 | " | അമ്പലപ്പടി - ചന്ദ്രൻ പിള്ള പടി | 3 | 4 |
| 35 | " | 32ഏക്കർ - ബൈസൺ വാലി റോഡ് (ലിങ്ക്) | 0.75 | 4 |
| 36. | " | മൂലക്കട - മുത്തൻ മുടി | 1 | 4 |
| 37. | VI | മീൻകട്ട് - കടുവവളവ് | 2 | 3 |
| 38. | " | മീൻകട്ട് - പൈപ്പ് ലൈൻ | 2 | 8 |

## പാർപ്പിടവും സാമൂഹ്യക്ഷേമവും

### പാർപ്പിടം

പള്ളിവാസൽ പഞ്ചായത്ത് പള്ളിവാസൽ, ആനവിരട്ടി, എന്നീ വില്ലേജും കുഞ്ചിത്തണ്ണി വില്ലേജിൻെറ കുറച്ചുഭാഗവും ചേരുന്നതാണ്.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണു പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ ഭൂരിഭാഗവും ഇടത്തരം വീടുകളുമാണു പഞ്ചായത്തിൽ ഭൂരിഭാഗവും. ഇതിൽ കൂടുതലും കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്നു. പഞ്ചായത്തിൽ 4952 വീടുകളാണു ഉള്ളത്. 1000വീടുകൾ ഭേദപ്പെട്ടതും 952 വീടുകൾ ഇടത്തരവും ബാക്കി 3000 വീടുകൾ കുടിലുകളാണ്. വയൽ നികത്തിവീടുകൾ പണിയുന്നത് വളരെ കുറച്ചു മാത്രമേ ഉള്ളൂ. ഈ പഞ്ചായത്തിൽ കാർഷിക മേഖലയിലാണു കൂടുതൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. അവയിൽ അധികവും ലക്ഷം വീട്, 4 സെൻറുകോളനികളും മറ്റുമാണ്. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ഇല്ല. അടിമാലി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റിയാണു ഉള്ളത്. പട്ടയം ഇല്ലായ്മ ഹൗസിംഗ് ലോൺ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവേ പൊതുപ്രവർത്തനത്തിൽ ഉത്സാഹകുറവ് കാണപ്പെടുന്നു. പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിൻെറ പ്രത്യുൽപ്പാദന രംഗങ്ങ ളിൽ ആത്മാർത്ഥതയോടും ഉത്സാഹത്തോടെയും സമസ്ത ജന വിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | RLE GP | NREP | MWS | IAY | JRY | ആകെ |
|---|---|---|---|---|---|---|
| 89-90 | | | | | 11 | |
| 90-91 | | | | | 4 | |
| 91-92 | | | | | 4 | |
| 92-93 | | | | | NIL | |
| 93-94 | | | | | 18 | |
| 94-95 | | | | | 31 | |
| 95-96 | | | | | 12 | |
| 96-97 | | | | | 9 | |
| ആകെ | | | | | 89 | |
| | | | | | | |

വിവിധസ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1984-85 മുതൽ 1995-96 വരെ 9 വാർഡുകളിലായി 89 വീടുകളാണ് എന്നു കണക്കുകൾ കാണിക്കുന്നു. പാവപ്പെട്ടവൻെറ സ്വന്തമായൊരുവീട് എന്ന ആഗ്രഹം വെറും ആഗ്രഹമായി തന്നെ ശേഷിക്കുന്നു. സ്വന്തമായി വീട് ഇല്ലാത്തവർ ധാരാളമുണ്ട്. 1-ാം വാർഡിൽ 85ഉം 2-ാം വാർഡിൽ 65ഉം മൂന്നാം വാർഡിൽ 150ഉം നാലാം വാർഡിൽ 60ഉം, 5-ാം വാർഡിൽ 115ഉം 6-ാം വാർഡിൽ 148ഉം ഏഴാം വാർഡിൽ 43ഉം 8-ാം വാർഡിൽ 215ഉം ഒമ്പതാം വാർഡിൽ 23ഉം പേർ വീട് ഇല്ലാത്തവരായി ഗ്രാമസഭകളിൽ നിന്നു ഉയർന്നുവന്നു.

കൂലി നിരക്കിലെയും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ബ്ലോക്കു വഴിനൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാനും വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾകൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായികഴിയില്ലെന്നു അനുഭവം നമ്മെ അറിയിക്കുന്നു. വാർഡുതലത്തിൽ ഗുണഭോക്താക്കളേയും സന്നദ്ധസംഘടനകളെയും സംയുക്തമായി വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസിലാക്കി സർക്കാർ ഫണ്ടിന് പുറമേ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.
2. നിർമ്മാണചെലവിൻെറ പരിധി ഏർപ്പെടുത്തുക.
3. ചെലവുകുറഞ്ഞ വീടുകൾക്കു പ്രചാരം നൽകുക.
4. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

   RLEGP, IAY, JRY, MWS എന്നിവ 18,500ൽ നിന്ന് 30,000 രൂപയായി ഉയർത്തുക

   രാജീവ് ദശലക്ഷപാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്നു 50,000 രൂപയായി ഉയർത്തുക.

സർക്കാർ ലഭ്യമാക്കുന്ന വായ്പക്കുള്ള അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക, കാലതാമസം ഒഴിവാക്കുക, സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ പ്രശ്നങ്ങളും സൃഷ്ടിക്കാറുണ്ട്. കൊച്ചു കൂരകളിലെ ജനബാഹുല്യമാണു ഇതിനുകാരണം. വീടുകൾ തൊട്ടു തൊട്ടു കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്, വളരെ ചെറിയ ചെറിയ കുടിലുകൾ പലപ്പോഴും ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മയ്ക്കായി നമുക്ക് ഒന്നിക്കാം. ഒരുമിക്കു.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള വരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതിയും സംഘടിത - അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി -തൊഴിലുടമ സഹകരണത്തോടെ ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻറ് ആപ്പീസിൽ നിന്നാണ്.

### പെൻഷനുകളെ സംബന്ധിച്ച്

**വിധവാപെൻഷൻ**

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

**വികലാംഗപെൻഷൻ**

വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. ജില്ലാ ആശുപത്രിയിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങണമെങ്കിൽ 50 കിലോ മീറ്റർ യാത്ര ചെയ്യണം. വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർക്ക് നൽകണം.

**കർഷകതൊഴിലാളി പെൻഷൻ**

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാകുന്നതിനുള്ള അർഹരായവരെ തെരഞ്ഞെടുക്കാൻ ഉള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

**അങ്കൻ വാടികൾ**

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 9 വാർഡുകളിലായി പ്രവർത്തിക്കുന്നു. പുത്തൻ വിദ്യാഭ്യാസത്തിൻെറ കടന്നുകയറ്റം പഞ്ചായത്തിലും പ്രകടമാണു. നിലവിലുള്ള അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലാത്ത വയാണു. പ്രാഥമിക സൗകര്യത്തിൻെറ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും മാതാപിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. അങ്കൻ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ, എന്നീ രണ്ടു തസ്തികകളാണു ഇതിലുള്ളത്. രാവിലെ 9 മുതൽ 3½ മണിവരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിൻെറ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.


| ക്രമ നമ്പർ | വാർഡ് | അംഗൻവാടികളുടെ എണ്ണം | കെട്ടിടം ഉള്ളത് | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഉള്ളത് | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|
| 1 | 1 | 2 | 1 | 1 | 1 | 1 | Nil | 1 |
| 2 | 2 | 4 | 1 | 3 | 2 | 1 | Nil | 2 |
| 3 | 3 | 2 | 2 | Nil | 2 | Nil | Nil | Nil |
| 4 | 4 | 1 | 1 | Nil | 1 | Nil | Nil | Nil |
| 5 | 5 | 1 | 1 | Nil | 1 | Nil | Nil | Nil |
| 6 | 6 | 3 | Nil | 3 | 2 | 1 | Nil | 2 |
| 7 | 7 | 1 | Nil | 1 | 1 | 1 | Nil | Nil |
| 8 | 8 | Nil | Nil | Nil | Nil | Nil | Nil | Nil |
| 9 | 9 | 2 | 2 | Nil | 2 | Nil | Nil | Nil |
| | | | | | | | | |

### കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കുറെപേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളുടേയും ക്ഷേമനിധിയിൽ അംഗങ്ങൾ ആക്കിയിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ട് തന്നെ തൊഴിൽ മേഖലയിൽ നിന്നു 55 വയസ്സാവുമ്പോഴേക്കും വിട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കണം.

### കൈത്തൊഴിലാളി -വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡി തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിൽ തൊഴിലാളികളെ ഈ പദ്ധതിയിൽ അംഗങ്ങൾ ആക്കിയിട്ടില്ല.





'നിർദ്ദിഷ്ട S വളവ്
ചെറുകിട ജലവൈദ്യുത പദ്ധതി '

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം.

### കർഷകതൊഴിലാളികൾ

ബഹുഭൂരിപക്ഷം വരുന്ന ആളുകളും കൃഷിമേഖലയിൽ കൂലിപ്പണി എടുക്കുന്നവരാണ്. ഇവരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്. ഇവരുടെ ഇടയിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

### പൊതുവിതരണം

പഞ്ചായത്തിലാകെ 9 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. ഇതിൽ 3668 കാർഡുകളുണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ ഈ പഞ്ചായത്തിൽ ആവശ്യമാണ്.

## സംസ്ക്കാരം

ദേശീയപ്രസ്ഥാനങ്ങളും നവോത്ഥാന നായകന്മാരും ഇന്ത്യമഹാരാജ്യത്തെ ആത്മാഭിമാനത്തിന്റെ അഗ്നിജ്വാലകൾ കൊണ്ട് അന്ധകാരം നീക്കി വഴികാട്ടിയപ്പോൾ അതിലൊന്നും പങ്കുകൊള്ളാൻ കഴിയാതെ തണുത്തു മരവിച്ചു കിടക്കുകയായിരുന്നുവല്ലോ ഹൈറേഞ്ച് പൊതുവെ. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമവും അതിനു പരിഹാരം കാണുന്നതിനുവേണ്ടി തിരുവിതാംകൂർ സർക്കാർ ആവിഷ്കരിച്ച പദ്ധതിയും മൂലം ഇവിടെ എത്തിപ്പെട്ട കർഷകരുടെ ചരിത്രവുമായി ബന്ധപ്പെട്ടാണ് പള്ളിവാസൽ പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രം കിടക്കുന്നത്.

ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം ശക്തി പ്രാപിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ പള്ളിവാസൽ പവർ ഹൗസിന്റെ നിർമാണവുമായി ബന്ധപ്പെട്ട് ഇവിടെ എത്തിയ ഉദ്യോഗസ്ഥർ അവരുടെ ദൗത്യം നിർവഹിച്ചതിനുശേഷം തിരിച്ചുപോയെങ്കിലും തൊഴിലാളികളായി എത്തിയവരിൽ ഭൂരിഭാഗവും ഇവിടത്തുകാരായി മാറുകയാണുണ്ടായത്.

നൂറ്റാണ്ടുകളുടെ ചരിത്രം പറയുവാനുള്ള ഒരു ഗ്രാമത്തിൽ കാലം അവശേഷിപ്പിച്ചിട്ടുപോകാറുള്ള വിശ്വാസങ്ങളും ആചാരങ്ങളും അവയിലൂടെയെല്ലാം തലനീട്ടി വരുന്ന സംസ്ക്കാരവും ഒരു കുടിയേറ്റ ഗ്രാമത്തിന് അവകാശപ്പെടാൻ കഴിയില്ല. എന്നാൽ അവയിൽ നിന്നും തികച്ചും വ്യത്യസ്തമായ മഹത്തായ ഒരു സംസ്കാരവും ജീവിത ക്രമവും ഇത്തരം മേഖലകളിലല്ലാതെ മറ്റെങ്ങും കാണണമെന്നുമില്ല. നാനാത്വത്തിൽ നിന്നുണ്ടായ ഏകത്വമുണ്ടല്ലോ, അതാണ് പള്ളിവാസൽ ഗ്രാമത്തിന്റെ സാംസ്കാരികമായ പ്രത്യേകത.

അക്ഷരത്തിന്റെ ദീപം തെളിയാൻ തുടങ്ങിയതോടു കൂടിത്തന്നെ ഇവിടെ ഗ്രന്ഥശാലകളും രൂപം കൊണ്ടിരുന്നു. ഇന്നത്തെ ഗ്രന്ഥശാലാ പ്രവർത്തനവുമായി താരതമ്യം ചെയ്തു കൊണ്ട് അവയെ വിലയിരുത്തുവാൻ കഴിയില്ല. പകൽ മുഴുവൻ പണിചെയ്ത് ഇരുട്ടുന്നതിനുമുമ്പ് ഏറുമാടത്തിൽ അഭയം പ്രാപിച്ചിരുന്ന അവർക്കു വായനയ്ക്കുള്ള സമയം കണ്ടെത്തുക അത്ര എളുപ്പമായിരുന്നില്ല. എന്നാൽ പുസ്തകങ്ങൾക്കും, സാംസ്കാരിക കേന്ദ്രങ്ങൾക്കും മറ്റു വിദ്യാഭ്യാസ ഏജൻസികൾക്കും കഴിയാത്ത രൂപത്തിൽ മനസിനെ മസൃണമാക്കാൻ ജീവിതാനുഭവങ്ങൾക്കുകഴിഞ്ഞിരുന്നു. അതാണ് ഇതിന്റെ സാംസ്കാരികനിലവാരത്തിനു പ്രധാന കാരണവും.

പ്രധാനമായും ഹിന്ദുക്കളും ക്രിസ്ത്യാനികളും പിന്നെ മുസ്ലീംകളുമാണ് ഇവിടെ അധിവസിക്കുന്നത്. എന്നാൽ ഇവിടുത്തെ ജനങ്ങളിൽ മതവിശ്വാസപ്രമാണങ്ങൾക്കുപരിയായ മനുഷ്യബന്ധമാണു തെളിഞ്ഞുകാണുന്നത്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വായനശാലകളും കലാ-കായിക-സാംസ്കാരികസ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തു തന്നെ മുൻകൈയെടുത്ത് കുരിശുപാറയിലും ആനവിരട്ടിയിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

സ്ഥിരമായി പ്രവർത്തിക്കുന്ന നാടക സംഘങ്ങളോ കലാട്രൂപ്പുകളോ ഈ പഞ്ചായത്തിൽ ഉണ്ടെന്നുപറയാൻ മാത്രം ഇല്ല. കലാപരിപാടികൾ കാണുവാനും വിലയിരുത്തുവാനും പോരുന്ന ആസ്വാദന ശേഷിയുള്ളവരാണ് ഈ നാട്ടുകാർ. അതിൽ അവസരം ഉണ്ടാക്കുന്ന സാംസ്കാരിക സംഘടനകൾ ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ :

1. വ്യാപകമായി കണ്ടുവരുന്ന ആർട്ട്സ്, സ്പോർട്ട്സ്, ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
2. പഞ്ചായത്തിന്റെ വിസ്തൃതി കണക്കിലെടുക്കുമ്പോൾ ആളുകൾക്ക് ഒത്തുകൂടുന്നതിനും കാര്യങ്ങൾ ചർച്ചചെയ്യുന്നതിനും സാംസ്കാരിക നിലയങ്ങൾ പോലുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയുണ്ട്.
3. ഇന്നത്തെ പ്രധാനമാധ്യമവും, ജനകീയ വിദ്യാഭ്യാസ ഏജൻസിയും വിനോദോപാധിയും ടെലിവിഷനാണല്ലോ. അത് സാധാരണക്കാർക്കു ഇനിയും അപ്രാപ്യമായിത്തന്നെ അവശേഷിക്കുന്നു.
4. പ്രൊഫഷണൽ അമച്വർ നാടകസംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. കലാകാരന്മാരുടെ അഭാവമല്ല കാരണം. അവരെ സംഘടിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള സംവിധാനം ഇല്ല.
5. പുതിയതായി ഇറങ്ങുന്ന പുസ്തകങ്ങൾ വാങ്ങിശേഖരിക്കുവാനും അവ വായനക്കാർക്കുവിതരണം ചെയ്യുവാനും ഗ്രന്ഥശാലകൾക്കു കഴിയുന്നില്ല. സാമ്പത്തികമായ പിന്നോക്കാവസ്ഥയാണ് ഇതിനു കാരണം.
6. മതാടിസ്ഥാനത്തിൽ നടക്കുന്ന ആഘോഷങ്ങളിലും ഉത്സവങ്ങളിലും ചില വിഭാഗങ്ങൾ മറ്റുള്ളവർക്കു നാമ മാത്രമായെങ്കിലും പ്രാതിനിധ്യം നൽകുന്നുണ്ടെങ്കിലും എല്ലാവർക്കും അത് ഇനിയും ചിന്തിക്കാൻ പോലും കഴിഞ്ഞിട്ടില്ല.
7. അംഗൻവാടികളിൽ ധാരാളം അമ്മമാർ ബന്ധപ്പെടുന്നുണ്ട്. അവയെ ഫലപ്രദമായ ഒരു വിദ്യാഭ്യാസ ഏജൻസിയായി മാറ്റാൻ കഴിയുന്നില്ല; പ്രത്യേകിച്ച് അമ്മമാർക്കുവേണ്ടി.
8. സ്ക്കൂൾവാർഷികാഘോഷങ്ങളെ കുട്ടികളുടെ കലാപരവും മാനസികവുമായ അഭ്യുന്നതിക്കുപകരിക്കുന്ന രൂപത്തിലാക്കി മാറ്റിത്തീർക്കുവാൻ കഴിയുന്നില്ല.
9. നാടൻ കലകൾ ഒന്നും തന്നെ ഇല്ലെന്നുവേണം പറയാൻ.
10. ചെണ്ടമേളം തുടങ്ങിയവ ഒരു കല എന്നതിലുപരി ജീവനോപാധി മാത്രമായി മാറിക്കൊണ്ടിരിക്കുന്നു.
11. നല്ല നിലയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്കു അർഹമായ പ്രോത്സാഹനം ലഭിക്കുന്നില്ല.
12. പഞ്ചായത്തുതലത്തിൽ ഒരു സ്റ്റേഡിയവും കളിസ്ഥലവും ഇല്ല. ഇത് കായിക പ്രതിഭകളെകണ്ടെത്തുന്നതിനു തടസ്സം സൃഷ്ടിക്കുന്നു.

### സാധ്യതകൾ


1. ആർട്ട്സ് ക്ലബ്ബുകൾക്കും വായനശാലകൾക്കും അംഗീകാരം നൽകുക.
2. കുരിശുപാറ, ആനവിരട്ടി എന്നി സാംസ്കാരിക കേന്ദ്രങ്ങളിൽ ടെലിവിഷൻ സെറ്റു സ്ഥാപിക്കുക.
3. കുഞ്ചിത്തണ്ണി, തോക്കുപാറ, ഇരുട്ടുകാനം, കല്ലാർ, പവർ ഹൗസ്, കമ്പിലൈൻ എന്നിവിടങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
4. 9-ാം വാർഡിൽ തറക്കല്ലിട്ടതിനുശേഷം പണിയാതെ കിടക്കുന്ന മിനി സ്റ്റേഡിയം പണി പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യുക.
5. കലാരംഗത്തു പ്രവർത്തിക്കുവാൻ താത്പര്യമുള്ള കലാകാരന്മാരെ ഒത്തുകൂട്ടുക. ഗ്രാമപഞ്ചായത്തു മുൻകൈയെടുത്ത് അവർക്ക് അവസരങ്ങൾ നൽകുക. ഒരു പ്രൊഫഷണൽ നാടക ഗ്രൂപ്പ് സംഘടിപ്പിക്കുക.
6. ഗ്രന്ഥശാലകൾക്കു സ്ഥലസൗകര്യം സാമ്പത്തികസഹായം നൽകുക. ലൈബ്രേറിയന്റെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടി അയാൾക്കു സാമാന്യം തൃപ്തികരമായ വേതനം നൽകുക.
7. അംഗൻവാടികൾ കേന്ദ്രീകരിച്ച് വനിതകളെ സംഘടിപ്പിക്കുകയും വനിതകൾക്കായി പ്രത്യേകം ഗ്രന്ഥശാലകൾ അംഗൻ വാടികളോടനുബന്ധിച്ചു സ്ഥാപിക്കുകയും,


ചെയ്യുക.

8. പഞ്ചായത്തു തലത്തിൽ നടത്തുന്ന കലോത്സവത്തിൽ പഞ്ചായത്തിലെ മുഴുവൻ കലാകാരന്മാർക്കും പങ്കുകൊള്ളുവാൻ അവസരം ഉണ്ടാക്കി എന്ന് ഉറപ്പു വരുത്തുക.

9. മതപരമായ ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഇതര മതസ്ഥരെ സഹകരിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക.

10. സ്കൂൾ തലത്തിൽ നടക്കുന്ന വാർഷികാഘോഷങ്ങൾ ഫലപ്രദമായി നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ഉണ്ടാവണം.





''ചിത്തിരപുരം (പള്ളിവാസൽ) പദ്ധതിയുടെ പൈപ്പുലൈൻ''

11. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട അഭിരുചിയുള്ള കലാകാരന്മാരെ വിളിച്ചു കൂട്ടി കലാസംഘങ്ങൾ രൂപീകരിക്കുകയും പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുകയും ചെയ്യണം.

12. കേരളീയ കലയായ ചെണ്ടമേളത്തെ പ്രോത്സാഹിപ്പിക്കണം.

13. ഗ്രാമപഞ്ചായത്തിൽ ഒരു പൊതു സ്റ്റേഡിയവും കളിസ്ഥലവും നിർമ്മിക്കുക.

14. കെ. എസ്. ഇ. ബി. യുടെ കളിസ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് അവിടെ സ്റ്റേഡിയവും കളിസ്ഥലവും നിർമ്മിക്കുക.

## വനിത

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 48.73% സ്ത്രീകളാണുള്ളത്. 1991-ലെ സെൻസസ് അനുസരിച്ച് 8083 സ്ത്രീകളാണ് ഈ പഞ്ചായത്തിലുള്ളത്. തമിഴ് കുടിയേറ്റ മേഖലയായതിനാൽ ധാരാളം സ്ത്രീകൾ ഏലം തേയിലത്തോട്ടങ്ങളിൽ കൂലിവേല ചെയ്തു വരുന്നവരാണ്. അല്ലാത്തവർ ഗൃഹജോലിയിൽ ഏർപ്പെട്ടിരിക്കുന്നു.

പൊതുവെ നോക്കുമ്പോൾ ബാഹ്യലോകവുമായി വലിയ ബന്ധമില്ലാതെ ഒതുങ്ങി കഴിഞ്ഞു വരുന്നവരാണ് ഈ പഞ്ചായത്തിലെ സ്ത്രീകളിൽ ഭൂരിപക്ഷവും.

കുടിപ്പള്ളിക്കൂടങ്ങളോ, പ്രാഥമിക വിദ്യാലയങ്ങളോ സമീപകാലം വരെ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ നെഴ്സറികളോ, അംഗൻവാടികളോ ഉണ്ടായതിനു ശേഷമാണ് ഈ തലമുറയിലെ പെൺകുട്ടികളിൽ ഭൂരിപക്ഷവും അക്ഷരാഭ്യാസം നേടിയത്. സാക്ഷരതാ പ്രവർത്തനത്തിലൂടെ ധാരാളം സ്ത്രീകൾ എഴുതുവാനും വായിക്കുവാനും അഭ്യസിച്ചു. നിലവിൽ ഹൈസ്ക്കൂളുകളിലും കോളേജിലും പഠിയ്ക്കുന്ന പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നു.

തൊഴിൽ മേഖലയിലും സാമൂഹ്യ സാംസ്ക്കാരിക രംഗത്തും സ്ത്രീകൾ പൊതുവെ പിന്തള്ളപ്പെടുന്നു. പുരുഷന്മാരെപ്പോലെ തന്നെ തത്തുല്യ ജോലി സ്ത്രീകളും ചെയ്യുന്നുണ്ടെങ്കിലും തത്തുല്യ വേതനം ലഭിക്കുന്നില്ല. പ്രസവാനുകൂല്യങ്ങൾ തുടങ്ങി പല ആനുകൂല്യങ്ങളും സ്ത്രീകൾക്ക് നൽകേണ്ടിവരുമെന്നുള്ളതുകൊണ്ട് സ്ത്രീകളെ സ്ഥിരം തൊഴിലാളികളായി അംഗീകരിയ്ക്കാത്ത സാഹചര്യവും എസ്റ്റേറ്റ് ഉടമകളിൽ നിന്നും ഉണ്ടാകാറുണ്ട്. സാംസ്ക്കാരിക പ്രവർത്തനങ്ങളിലും, രാഷ്ട്രീയ പ്രവർത്തനങ്ങളിലും സ്ത്രീകൾ വളരെ പിന്നിലാണ്. സ്വയം തൊഴിൽ സ്ഥാപനങ്ങളിലോ പാരമ്പര്യ തൊഴിലുകളിലോ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾ ഈ പഞ്ചായത്തിലില്ല.

സ്ത്രീപീഡനങ്ങളോ, അവർക്കു നേരെയുള്ള അക്രമങ്ങളോ ഈ പഞ്ചായത്തിൽ കുറവാണ്. ചുരുക്കിപ്പറഞ്ഞാൽ കൂലിവേലചെയ്തു കുടുംബം പോറ്റുന്നവരും സാംസ്ക്കാരികമായും, സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവരുമായ സ്ത്രീകളുടെ എണ്ണമാണ് ഈ പഞ്ചായത്തിൽ കൂടുതൽ.

പ്രശ്നങ്ങൾ :

രൂക്ഷമായ തൊഴിലില്ലായ്മ ഈ പഞ്ചായത്തിലെ സ്ത്രീകൾക്കിടയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

സ്ത്രീകളുടെ വേതന നിരക്ക് പുരുഷന്മാരെക്കാൾ തുലോം കുറവാണ്.

സാമൂഹ്യ, സാംസ്ക്കാരിക, ശാസ്ത്രീയ രംഗങ്ങളെപ്പറ്റി സ്ത്രീകൾക്ക് യാതൊരു അറിവും ഇല്ല. ഇവ നേടിയെടുക്കണമെങ്കിൽ ബോധപൂർവ്വമായ സമീപനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഭവനത്തിനുപുറത്തുള്ള കാര്യങ്ങൾ പുരുഷന്മാർ ചെയ്തുതീർക്കേണ്ടവയാണെന്നുള്ള തെറ്റിദ്ധാരണ സ്ത്രീകൾക്കും പൊതുപ്രവർത്തനങ്ങൾ പുരുഷന്മാരുടെ കുത്തകയാണെന്ന് ധരിക്കുന്ന പുരുഷന്മാരും. ഈ ധാരണകൾക്ക് മാറ്റമുണ്ടാകണം. പുരുഷനും സ്ത്രീയും സമത്വമുള്ളവരാണെന്നും നാടിന്റെ ഭാഗധേയത്തിന്റെ പങ്കാളിത്വം തങ്ങൾക്കുമുള്ളതാണെന്നുള്ള അവബോധം സ്ത്രീകളിൽ വളർത്തിയെടുക്കണം.

സ്ത്രീകളെ പൊതുരംഗത്ത് എത്തിയ്ക്കുന്നതിനും അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിനും സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ മുൻ തൂക്കം നൽകുന്നില്ല.

സാദ്ധ്യതകൾ :

വനിതകൾക്കു മാത്രമായിട്ടുള്ള സാമൂഹ്യ സംഘടനകൾക്കു രൂപം നൽകുകയും അവയുടെ നേതൃത്വം സ്ത്രീകളെ ഏൽപ്പിക്കുകയു ചെയ്യണം. വനിതാ സെമിനാറുകൾ, മാതൃസംഗമം, വനിതാ സാംസ്ക്കാരിക സംഘടനകൾ ഇവ മാതൃകാപരമായി സംഘടിപ്പിച്ച് പ്രവർത്തിപ്പിക്കുക.

സ്ത്രീകൾക്കിടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അവർക്കു മാത്രമായി തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും സൃഷ്ടിക്കുക.

കരകൗശല വസ്തുക്കൾ, തയ്യൽ, ഫാമുകൾ, നെയ്ത്, ബേക്കറി, പച്ചക്കറി, കൃഷി, പുഷ്പകൃഷി. മത്സ്യ വളർത്തൽ ഇവകൾ ചെയ്യുന്നതിന് ഈ പഞ്ചായത്തിൽ ധാരാളം സൗകര്യങ്ങളുണ്ട്. പന്നി, പശു, കോഴി വളർത്തലുകൾ ഏർപ്പെടുത്തുക.

ഡി. ഡബ്ല്യൂ.സി. ആർ. എ. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സംഘടനകളുടെ നേതൃത്വമോ അവരുൽപ്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണിയോ നിലവിലില്ല.

പ്രശ്നങ്ങൾ :

1. സ്ത്രീകൾ പൊതു മേഖലയിൽ അവഗണന നേരിടുന്നു.
2. സാമൂഹ്യ രാഷ്ട്രീയ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്വം തുലോം കുറവാണ്.
3. സ്വയം തൊഴിൽ രംഗത്ത് സ്ത്രീകൾ താൽപ്പര്യം കാണിക്കുന്നുണ്ടെങ്കിലും അതിനുള്ള പ്രോത്സാഹനം ലഭിക്കുന്നുമില്ല.
4. തൊഴിലുകൊണ്ട് ജീവിക്കുവാനുള്ള സാഹചര്യം സ്ത്രീകൾക്ക് ഇന്ന് ലഭിക്കുന്നില്ല.
5. തൊഴിൽപരമായി സാങ്കേതിക ജ്ഞാനം വനിതകൾക്കു ലഭിക്കുന്നില്ല.
6. തുല്യജോലിക്ക് തുല്യവേതനം ലഭ്യമാക്കുക.
7. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക ത്തകരാറ്
8. സർക്കാർ പദ്ധതികളെപ്പറ്റിയും, വനിതാക്ഷേമ പ്രവർത്തനത്തെപ്പറ്റിയുമുള്ള അറിവില്ലായ്മ.
9. അംഗനവാടി, ബാലവാടി അദ്ധ്യാപികമാരുടെ സേവന വേതന നിരക്ക് ഗണ്യമായി കൂട്ടുകയും ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക. അംഗന വാടികൾക്ക് വേണ്ടത്ര ബിൽഡിങ്ങ് സൗകര്യങ്ങൾ സൃഷ്ടിക്കുക.
10. സ്ത്രീകളിൽ ശാസ്ത്രീയ, സാഹിത്യബോധം കുറവായതിനാൽ അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു.

പ്രശ്നപരിഹാരം:

1. ശാസ്ത്രീയ, സാമൂഹ്യ, സാംസ്ക്കാരിക ബോധം സ്ത്രീകളിൽ വളർത്തിയെടുക്കുക.
2. ഉൽപ്പാദനാപരമായ സ്വയം തൊഴിൽ പദ്ധതികൾ സ്ത്രീകൾക്ക് ഇടയിൽ വളർത്തി എടുക്കുക.
3. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിലേക്കാവശ്യമായ ശാസ്ത്രീയ പരിശീലനം വനിതകൾക്കു നൽകുക.
4. തൊഴിൽ നിയമങ്ങൾ, തൊഴിലവസരങ്ങൾ ഇവകളെപ്പറ്റി

ബോധവതികളാക്കുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.

6. വിധവാ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, പ്രസവ സഹായനിധി, വിവാഹ സഹായനിധി, കർഷകത്തൊഴിലാളി പെൻഷൻ ഇവകൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും നൽകുന്നതിന് ഏർപ്പാടാക്കുക.

7. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം കുട്ടികൾക്ക് വിനോദത്തിനും ആരോഗ്യത്തിനുമുതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക

8. ഈ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിന് ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് ആശ്രയമായ കല്ലാർ ഗവ:യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും സ്കൂൾ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ പ്രോത്സാഹനം നൽകുകയും ചെയ്യുക.

9. മാതൃഭാഷയോടും സംസ്ക്കാരത്തോടും മാനസിക പ്രതിബദ്ധത ഉണ്ടാക്കുവാൻ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെയും, ഇംഗ്ലീഷ് നഴ്സറികളുടേയും പ്രവർത്തനം നിർത്തലാക്കുക.


10. വിറകിന്റെ ദൗർബല്യം, പരിസര മലിനീകരണം ഇവ തടയുവാൻ എൽ. പി. ജി. ഗ്യാസ്, പ്രഷർകുക്കർ ഇവകൾ സബ്സിഡിയായി നൽകുക.

11. ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ തുടങ്ങുകയും ഉള്ളവ പ്രവർത്തന ക്ഷമതയുള്ളതും ആകർഷകവുമാക്കാം.

12. ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മൈനർ ഇറിഗേഷനിൽ ജലധാര സ്കീമുകളിൽ സബ്സിഡിയായും, പൊതുവായും നിർമ്മിച്ചിട്ടുള്ള ചെക്ഡാമുകൾ കുളങ്ങൾ ഇവ കുടിജല വിതരണം, ജലസേചനം, മത്സ്യവളർത്തൽ ഇവകൾക്കായി പഞ്ചായത്ത് ഏറ്റെടുത്ത് ജലക്ഷാമം പരിഹരിക്കുക.

13. അശ്ലീല ചിത്രങ്ങൾ, പോസ്റ്ററുകൾ, നീലചിത്രങ്ങൾ ഇവ നിർത്തലാക്കുകയും സോദ്ദേശ ചിത്രങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുക.

14. ചാരായ നിരോധനം മൂലം സ്ത്രീകൾക്ക് ശാരീരകവും മാനസികവുമായ നേട്ടങ്ങൾ ഉണ്ടായിട്ടുള്ളതിനാൽ പൂർണ്ണമദ്യ നിരോധനം ഏർപ്പെടുത്തുക.



## സഹകരണ മേഖല

സഹകരണ പ്രസ്ഥാനം കടന്നുചെന്നിട്ടില്ലാത്ത മേഖലകൾ കേരളത്തിൽ ഇല്ല. പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ സഹകരണ പ്രസ്ഥാനങ്ങൾ വളരെ കുറവാണ്. 1962-ൽ പ്രവർത്തനം ആരംഭിച്ച കല്ലാർ സർവീസ് സഹകരണസംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. ഇതിൽ ഇപ്പോൾ 5963 അംഗങ്ങളുണ്ട്. പള്ളിവാസൽ ക്ഷീരോല്പാദക സഹകരണസംഘവും ഇവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്.

കാർഡമം മാർക്കറ്റിംഗ്, വനിതാസഹകരണം, കൺസ്യൂമർ കോ-ഓപ്പറേഷൻ തുടങ്ങിയ മേഖലകളിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങിയ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

50,00,000 രൂപ (അമ്പതുലക്ഷം രൂപ) അംഗീകൃത ഓഹരിമൂലധനമുള്ള കല്ലാർ സർവീസ് സഹകരണബാങ്കിന്റെ (ക്ലിപ്തം നമ്പർ കെ. 180) പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 10,87,700 (പത്തുലക്ഷത്തി എൺപത്തേഴായിരത്തി എഴുനൂറ്) രൂപയാണ്. പൊതുജനങ്ങളിൽനിന്നും 83,72,525 (എൺപത്തിമൂന്നുലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തിയഞ്ച്) രൂപ സ്ഥിരം നിക്ഷേപമായും 52,05,030 (അമ്പത്തിരണ്ടുലക്ഷത്തി അയ്യായിരത്തിമുപ്പത്) രൂപ ഹ്രസ്വകാല നിക്ഷേപമായും സ്വീകരിച്ചിട്ടുണ്ട്.

സഹകാരികളുടെ ക്ഷേമം ലക്ഷ്യമാക്കി ഈ സഹകരണ ബാങ്കു നൽകിയിട്ടുള്ള വായ്പകൾ :-


| | | |
|---|---|---|
| 1. കാർഷികവായ്പ : | | |
| ഹ്രസ്വകാലം | - | 37,68,290.00 |
| മധ്യകാലം | - | 22,408.00 |
| ദീർഘകാലം | - | 6,09,302.00 |
| 2. വ്യാപാരവായ്പ | - | 26,34,165.00 |
| 3. ഗൃഹോപകരണവായ്പ | - | 15,10,302.00 |
| 4. സാധാരണവായ്പ | - | 19,06,939.00 |

ഓൺഫണ്ട്, കന്നുകാലിവായ്പ, സ്വയംതൊഴിൽ വായ്പ, സ്വർണ്ണപ്പണയം തുടങ്ങിയവയും ബാങ്ക് നൽകിവരുന്നു.

ബാങ്ക് അതിർത്തിയിലെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി ചിട്ടി, കുരുമുളകുവ്യാപാരം, ഉല്പന്നവായ്പകൾ, ഓണച്ചന്തകൾ എന്നിവയും നടത്തിവരുന്നു.

പ്രശ്നങ്ങൾ :

1. കല്ലാർ കുരിശുപാറ ഭാഗത്ത് കല്ലാർ സർവീസ് സഹകരണബാങ്കിന്റെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. കുരിശുപാറയിൽനിന്നും 16 കി.മീ. ദൂരം സഞ്ചരിച്ചാലേ ബാങ്കിൽ എത്തിച്ചേരാൻ കഴിയൂ.
2. പള്ളിവാസൽ, പോതമേട്, ആറ്റുകാട് എന്നിവിടങ്ങളിലുള്ള കർഷകർക്ക് പള്ളിവാസൽ ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല.
3. സഹകരണസംഘങ്ങളിൽ അർഹതപ്പെട്ട മുഴുവൻ കർഷകർക്കും അംഗത്വം ലഭിക്കും എന്ന വിശ്വാസം ജനിപ്പിക്കേണ്ടിയിരിക്കുന്നു.
4. ക്ഷീരോല്പാദക സഹകരണസംഘത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ കർഷകർക്ക് സൃഷ്ടിച്ചു നൽകാൻ കഴിയേണ്ടതാണ്.
5. വായ്പകൾ എടുത്തിട്ടുള്ള കർഷകർ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയാതെ വിഷമിക്കുന്നു.
6. ഒൻപതാം വാർഡിലെ കൊക്കോ കൃഷിക്കാരുടെയും പഴംപച്ചക്കറി കൃഷിക്കാരുടെയും സഹകരണം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
7. സഹകരണസംഘങ്ങൾ വഴി പൊതുവിതരണം ഏർപ്പെടുത്തിയാൽ ഒരു പരിധിവരെ ഉപഭോക്താവു ചൂഷണം ചെയ്യപ്പെടുന്നത് ഒഴിവാക്കാൻ കഴിയും.



8. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഗ്രാമപഞ്ചായത്തിൽ യാതൊരു നിയന്ത്രണവും ഇല്ല.
9. രാഷ്ട്രീയ നോമിനികൾ ഒഴിവാക്കപ്പെടേണ്ടതാണ്.
10. തൊഴിൽ വായ്പാപദ്ധതികൾ സഹകരണസംഘങ്ങൾ വഴി നടപ്പിലാക്കുകയും ഒരു മാസത്തിനുള്ളിൽ അപേക്ഷകന് വായ്പ ലഭിക്കുമെന്ന വിശ്വാസം ഉണ്ടാക്കുകയും ചെയ്യുക. ഗ്രാമപഞ്ചായത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ കർമ്മശേഷിയെ പ്രയോജനപ്പെടുത്താൻ കഴിയും.
11. ആരോഗ്യ രംഗത്ത് ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയുന്നില്ല.

സാധ്യതകൾ :

1. കല്ലാർ കുരിശുപാറ ഭാഗത്ത് കല്ലാർ സർവീസ് സഹകരണബാങ്കിന്റെ ഒരു ശാഖ ആരംഭിക്കുക.
2. പള്ളിവാസൽ, പോതമേട്, ആറ്റുകാട് എന്നിവിടങ്ങളിൽ പള്ളിവാസൽ ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ ഓരോ ഡിപ്പോകൾ സ്ഥാപിക്കുക.
3. പാൽ, പാലുല്പന്നങ്ങൾ ഇവ ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമിക്കുന്ന ഫാക്ടറികൾ പഞ്ചായത്തിന്റെ കേന്ദ്രത്തിൽ ആരംഭിക്കണം. ഒട്ടേറെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കും.
4. അമിതമായ പലിശയും കൂട്ടുപലിശാരീതികളും ഒഴിവാക്കുക.
5. കുഞ്ചിത്തണ്ണി കേന്ദ്രമാക്കി പഴംപച്ചക്കറി സഹകരണസംഘം, കൊക്കോ വിപണനകേന്ദ്രം എന്നിവ ആരംഭിക്കുക.
6. കുഞ്ചിത്തണ്ണിയിലുള്ള ഒരു സഹകരണ ആശുപത്രിക്കുള്ള സാധ്യത പ്രയോജനപ്പെടുത്തണം.
7. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ വഴി അത്യാവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
8. സഹകരണസംഘങ്ങളിൽനിന്നും രാഷ്ട്രീയ നോമിനികളെ ഒഴിവാക്കുക.
9. സ്വയംതൊഴിൽ വായ്പകൾക്ക് പ്രത്യേക പ്രാധാന്യം നൽകി നടപ്പിലാക്കണം.
10. കൂട്ടുപലിശാസമ്പ്രദായം സഹകരണസംഘങ്ങളിൽ നിന്നും ഒഴിവാക്കണം.
11. യഥാസമയം വായ്പ അടയ്ക്കാൻ കഴിയാതെ വരുന്ന കർഷകർക്ക് യാഥാർത്ഥ്യം ബോധ്യപ്പെട്ട് കാലാവധി നീട്ടിക്കൊടുക്കണം. അതുവഴി സഹകരണസംഘത്തിനുണ്ടാകുന്ന ബാധ്യത നികത്താനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുക്കണം.
12. സാധാരണക്കാരന് ലഭിക്കുന്നതിനുവേണ്ടി സഹകരണസംഘങ്ങൾ വഴി എത്തുന്ന വായ്പയിൽ ഇടത്തട്ടു സമ്പ്രദായം ഒഴിവാക്കണം. അഥവാ അതിന്റെ ഭാരം കർഷകനിൽനിന്നും ഒഴിവാക്കണം.

●●

## പട്ടികജാതി പട്ടികവർഗക്ഷേമം

പള്ളിവാസൽ പഞ്ചായത്തിൽ മൂന്നു ഹരിജൻ കോളനികളാണ് ഉള്ളത്. 1991-ലെ സെൻസസ് അനുസരിച്ച് 3807 ഹരിജനങ്ങളുണ്ട്. ഇത് ജില്ലയിലുള്ള ആകെ ഹരിജനങ്ങളുടെ 1.84 ശതമാനം വരും. പഞ്ചായത്തിലെ ജനസംഖ്യയുടെ 22.95 ശതമാനം.

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യ സാംസ്ക്കാരികരംഗങ്ങളിലും സാമ്പത്തികരംഗത്തും ഒട്ടേറെ ചൂഷണങ്ങൾക്കു വിധേയമായിട്ടുള്ള ഈ വിഭാഗം ഇനിയും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാഭ്യാസരംഗത്ത് ഒരു പരിധിവരെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്തു വളരെ പിന്നോക്കം തന്നെയാണ്. അതുകൊണ്ട് സാർവത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഈ മേഖലയിൽ സാർവത്രികമായിട്ടില്ല. പണിയെടുത്തു കുടുംബം പോറ്റാൻ വിധിക്കപ്പെട്ട കുട്ടികൾ ധാരാളമുണ്ട്. ലക്ഷ്മി, പോതമേട്, ആറ്റുകാട് തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം വിദ്യാലയത്തിലേക്കുള്ള ദൂരവും ഒരു പ്രധാന കാരണമാണ്.

ജാതിയുടെയോ വർഗത്തിൻെറയോ പേരു ചൊല്ലി വിളിക്കുന്ന അവസ്ഥയോ അകറ്റിനിർത്തുന്ന അവസ്ഥയോ ഇവിടെ നിലവിലില്ല. പരസ്പരം ആഘോഷങ്ങളിലും പൊതുപരിപാടികളിലും പങ്കെടുക്കുകയും, വിവേചന ചിന്തയ്ക്കു ഇടമുണ്ടാകാത്ത രൂപത്തിൽ ഇടപഴകുകയും ചെയ്യുന്നു.

ഈ വിഭാഗത്തിൻെറ ഉയർച്ചയ്ക്കുവേണ്ടി പല പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നുണ്ടെങ്കിലും ബോധവൽക്കരണ രംഗത്തു സംഭവിച്ചിരിക്കുന്ന ച്യുതി അതു പ്രയോജനപ്പെടുത്തുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ സൃഷ്ടിക്കുന്ന തടസ്സം നിസ്സാരമല്ല.

സർക്കാർ നൽകിവരുന്ന നിരവധി സൗജന്യങ്ങളുണ്ടല്ലോ, അവ ഒരു പരിധിവരെ നേട്ടങ്ങൾ ഉണ്ടാക്കുവാൻ സഹായിച്ചിട്ടുണ്ട്. കോളനികൾക്കുവെളിയിൽ താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം അങ്ങനെ പറയുന്നതു പൂർണമായും ശരിയായിരിക്കുകയില്ല.

### വിദ്യാഭ്യാസം

വിദ്യാലയങ്ങളിൽ പോകാതിരിക്കുന്ന കുട്ടികൾ പൊതുവെ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ചില പ്രദേശങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ രക്ഷകർത്താക്കൾ കാണിച്ചുവരുന്ന താത്പര്യം ഈ രംഗത്ത് ഒരു രജതരേഖയാണ്.

1996-97 അധ്യയനവർഷത്തിൽ 1മുതൽ 10വരെ ക്ലാസ്സുകളിൽ 196 കുട്ടികളാണു പഠനം നടത്തിക്കൊണ്ടിരിക്കുന്നത്. 31-10-96 വരെ 24 കുട്ടികൾ പൊഴിഞ്ഞുപോയി. 1997 മാർച്ചിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പരീക്ഷ എഴുതിയ 4 കുട്ടികളിൽ 1 കുട്ടി വിജയിച്ചു. പൊതുവെ എസ്. എസ്. എൽ. സി. ക്കുമേൽ വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം കുറവാണ്.

### തൊഴിൽ

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിലാണു പണിയെടുത്തുവന്നിരുന്നത്. നല്ലൊരു വിഭാഗം തോട്ടം മേഖലയിൽ പണിയെടുക്കുന്നു. കാർഷികമേഖലയിൽ അടുത്തകാലത്തു സംഭവിച്ച തകർച്ച മറ്റു വിഭാഗങ്ങളുടെ എന്നവണ്ണം ഈ വിഭാഗത്തിൻെറയും തൊഴിൽ സാധ്യതകളിൽ വിള്ളൽ വീഴ്ത്തി. പലകുടുംബങ്ങളും മൃഗസംരക്ഷണത്തിനും ചുമടെടുപ്പിനും തയ്യാറായി. കാർഷിക മേഖലയിലുണ്ടായ തകർച്ച സ്ത്രീകളെ തൊഴിൽ രഹിതരാക്കി.

കാർഷികരംഗത്തു നിന്നുണ്ടാകുന്ന വരുമാനത്തിൻെറ തോതും ആ രംഗത്തെക്കുവേണ്ടി വരുന്ന ചെലവിൻെറ തോതും തമ്മിലുള്ള അന്തരം കണക്കിലെടുത്തപ്പോൾ കർഷകത്തൊഴിലാളിക്കുന്യായമായ കൂലികൊടുക്കാൻ കർഷകനു കഴിയാതെ വന്നതും കിട്ടുന്ന കൂലികൊണ്ടു ജീവിക്കാൻ കർഷകത്തൊഴിലാളിക്കു കഴിയാതെവന്നതുമാണ് ഈ രംഗം അനാകർഷകമാകാൻ ഒരു കാരണം.

കാർഷിക മേഖലയിൽ സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ കൃഷിക്കുപ്രയോജനപ്പെടുത്തുകയും കൃഷിപണി ചെയ്യുന്ന തൊഴിലാളികളുടെ ഭാവി ഭദ്രമാണെന്ന ബോധം അവരിൽ ജനിപ്പിക്കുകയും ചെയ്യേണ്ടതാണ്.

### പാർപ്പിടം

നമ്മുടെ പഞ്ചായത്തു നേരിടുന്ന വലിയൊരു പ്രശ്നമാണിത്. സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ ഈ രംഗത്തു ഫലപ്രദമായിട്ടില്ല. മൂന്നു ഹരിജൻ കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഐ. എച്ച്. ഡി. പി. ഹരിജൻ കോളനികൾ ഒരു പരിധിവരെ പ്രശ്നപരിഹാരത്തിനു സഹായകമാണെങ്കിലും സാങ്കേതികത്വം തടസ്സം നിൽക്കുന്നു. പറിച്ചു നടപ്പെട്ട ഹരിജൻ കോളനികളുടെ വികസനമാണു നടക്കുന്നത്. അവരുടെ സ്വാഭാവിക അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സാമൂഹ്യമായ വികസനത്തിൻെറ ഭാഗമായുള്ള വികസനം അവർക്കു നിഷേധിക്കപ്പെടരുത്.

വിവിധ ഏജൻസികളിൽ നിന്നും പണം കടമെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിൽ അകപ്പെട്ടുപോയ കുടുംബങ്ങളുണ്ട്. ഭൂമിയുടെ പ്രമാണം ഓഫീസുകളിൽ പെട്ടുപോയതുകൊണ്ട് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിട്ടുണ്ട്.

വീടു നിർമ്മാണത്തിന് അനുവദിക്കുന്നതുക പലപ്പോഴും അപര്യാപ്തമാണ്. അതുകൊണ്ട് പണിപൂർത്തിയാക്കാൻ കഴിയാതെ പോവുന്നു. വീടുവെയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങളുണ്ട്. അവർക്കു ആവശ്യമായ സ്ഥലം വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുക്കണം. ഒന്നിലേറെ കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്ന ഹരിജൻ കുടുംബങ്ങൾക്കു പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു പ്രത്യേകം പ്രത്യേകം വീടുകൾ നിർമ്മിച്ചു നൽകണം.

പലവീടുകളിലും കക്കൂസ് ഇല്ല. ഒരു വീടിന് ഒരു കക്കൂസ് എന്ന രീതിയിൽ കക്കൂസ് അനിവാര്യമാണ്.

#### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി പ്രതീക്ഷയ്ക്കൊത്തു കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. മുഴുവൻ കുട്ടികളെയും വിദ്യാലയങ്ങളിലേക്കാകർഷിക്കാൻ കഴിഞ്ഞിട്ടില്ല. കൊഴിഞ്ഞുപോക്കു നിലനിൽക്കുന്നു.
2. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. വേതനത്തിൻെറ അപര്യാപ്തത കൊണ്ടു തൊഴിലാളികൾ ഈ മേഖലയിൽ നിന്നും അകന്നുപോകുന്നു. സ്ത്രീകളുടെ തൊഴിൽ സാധ്യതയെ സാരമായി ഇത് ബാധിക്കുന്നു.
3. തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആയുർദൈർഘ്യവും ആരോഗ്യകാര്യങ്ങളും പ്രശ്നമായിത്തന്നെ അവശേഷിക്കുന്നു.

4. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കാൻസ്ഥലമില്ലാത്തവർ നിരവധിയാണ്. വീടുവയ്ക്കുന്നതിനു ലഭിക്കുന്ന ധനസഹായം അപര്യാപ്തമാണ്. അതുകൊണ്ട് പലപ്പോഴും അതു ദുർവിനിയോഗം ചെയ്യപ്പെടുന്നു.
5. പ്രാഥമികസൗകര്യങ്ങൾ ഇല്ല.
6. പൊതുശ്മശാനം ഇല്ല.
7. പൊതുമാർക്കറ്റ് ഇല്ല.
8. കൈവശഭൂമിക്കു പട്ടയം ഇല്ല.
9. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
10. ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
11. ഐ. ആർ. ഡി. പി. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല.
12. പട്ടികജാതി വികസന കോർപ്പറേഷൻ, ഹരിജന ക്ഷേമ വകുപ്പ് എന്നിവ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കു വായ്പകളും ധനസഹായങ്ങളും നൽകുന്നുണ്ടെങ്കിലും അവ ലക്ഷ്യം നേടുന്നില്ല.
13. പട്ടികജാതി, വർഗ-ക്ഷേമത്തിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ല.

**സാധ്യതകൾ**

1. വൈദ്യുതി :- പള്ളിവാസൽ പവർഹൗസ് ഉൾക്കൊള്ളുന്ന പഞ്ചായത്താണിത്. മൂന്നാം മൈലിൽ ഹരിജനങ്ങൾ താമസിക്കുന്നിടം, ചുണ്ടക്കാട്, ഹരിജൻ കോളനി, പാറപ്പുറം ഹരിജൻ കോളനി തുടങ്ങി എല്ലാവീടുകളിലും വൈദ്യുതി എത്തിക്കണം.
2. കുടിവെള്ളം : കുടിവെള്ളപ്രശ്നം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. മലഞ്ചരിവുകളിലെ ഉറവകളിൽ നിന്നും മറ്റും ഹോസുകൾ ഉപയോഗിച്ചും അല്ലാതെയും കൊണ്ടുവരുന്ന വെള്ളം പലപ്പോഴും മാലിന്യം കലർന്നതാണ്. ശുദ്ധജലത്തിനും ശുചിത്വ ബോധനം അനിവാര്യമാണ്.

   നാലാംവാർഡിലെ വി.ടി. എസ്റ്റേറ്റിനോടു ചേർന്ന് ഒരു ചെക്ക്ഡാം നിർമ്മിക്കുക. ലക്ഷ്മി, കുരിശുപാറ, 12 ഏക്കർ, വട്ടിയാർ, കല്ലാർ, കരടിപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിയും.

   രണ്ടാം മൈൽ പാറപ്പുറം ഹരിജൻ കോളനി ഭാഗത്തു ചെക്ക്ഡാം നിർമ്മിച്ചാൽ കുടിവെള്ളം, ജലസേചനം എന്നീ പ്രശ്നങ്ങൾക്കുപരിഹാരം ഉണ്ടാക്കാൻ കഴിയും.

   മുത്തൻ മുടിയിൽ വാട്ടർ അതോറിറ്റി തുടങ്ങിവച്ച സ്കീം പൂർത്തിയാക്കുക. മുത്തൻ മുടി മുതൽ മുതിരപ്പുഴയാറിന്റെ തീരം വരെയുള്ള കുടുംബങ്ങൾക്കു ശുദ്ധജലം നൽകാൻ കഴിയും.

   പവർഹൗസ് ഭാഗത്ത് കളരിക്കൽ നാരായണപിള്ളയുടെ സ്ഥലത്തിനടുത്ത് ഒരു ടാങ്കുകെട്ടുക. പൈപ്പുലൈൻ ഭാഗത്തു ഇവർക്കു ശുദ്ധജലം നൽകാൻ കഴിയും.
3. കല്ലാർപുഴയിൽ നിന്നും കനാൽ മുഖേന കാണ്ട്യാമ്പാറ ഹരിജൻ കോളനിയിൽ വെള്ളം എത്തിക്കുക. കൃഷിക്കു പ്രയോജനപ്പെടുത്തുവാൻ കഴിയും.
4. കല്ലാർ ഗവ: ആശുപത്രി, ചിത്തിരപുരം ഗവ: ആശുപത്രി എന്നിവിടങ്ങളിൽ സ്ഥിരം ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുക. സാങ്കേതിക സൗകര്യങ്ങളും ആവശ്യത്തിനു മരുന്നുകളും ഏർപ്പെടുത്തുക. സൗജന്യ പ്രതിരോധചികിത്സക്കുള്ള സൗകര്യങ്ങൾ ഉറപ്പാക്കുക.
5. ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം അനിവാര്യമാണ്. അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കണമെങ്കിൽ നിബന്ധനകൾ ലളിതമാവണം. ധനസഹായങ്ങളും വായ്പകളും ഗ്രാമപഞ്ചായത്തുകൾവഴി വിതരണം ചെയ്യണം.

   പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധപതിയേണ്ടുന്ന ചില നിർദ്ദേശങ്ങൾ.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക. കൃഷി ആകർഷകമാക്കുക. തൊഴിൽ സാധ്യതവർദ്ധിപ്പിക്കുക.
2. കുട്ട, വട്ടി, പനമ്പുനെയ്ത്ത്ശാലകൾ സ്ഥാപിക്കുക.
3. തയ്യൽ പരിശീലന സ്കൂളുകൾ അനുവദിക്കുക. പരിശീലനം ലഭിച്ചവർക്കു തയ്യൽ മെഷീനുകൾ നൽകുക.
4. ഡയറിഫാം അടിസ്ഥാനലക്ഷ്യമാക്കി ഹരിജൻ സൊസൈറ്റികൾ സ്ഥാപിക്കുക.
5. ഒരു വീടിന് ഒന്ന് എന്ന ക്രമത്തിൽ കറവമാടുകളെ നൽകുക. സർക്കാർ തലത്തിൽ പാൽ ശേഖരണം നടത്തുക.
6. ഹരിജൻ സൊസൈറ്റി വഴി ആട്, മാട്, പന്നി, കോഴി തുടങ്ങിയവ വിതരണം ചെയ്യുക.
7. ഹരിജൻ പെൺകുട്ടികൾക്കുവേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. പരിശീലനം ലഭിച്ചവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ആവശ്യമായ സഹായങ്ങൾ നൽകുക.
8. കുടിവെള്ളപ്രശ്നം പരിഹരിക്കുക.
9. സ്വന്തമായി വീടില്ലാത്തവർക്കും താമസയോഗ്യമായ വീടില്ലാത്തവർക്കും പാർപ്പിടം നിർമ്മിക്കുന്നതിനു സഹായധനം നൽകുക.
10. സ്വന്തമായി ഭൂമിയില്ലാത്തവർക്കു ഭൂമിവാങ്ങുന്നതിനു സഹായധനം നൽകുക.
11. മിച്ച ഭൂമി വിതരണം ചെയ്യുമ്പോൾ അർഹമായ ശതമാനം ഹരിജനങ്ങൾക്കായി മാറ്റിവയ്ക്കുക.
12. സഹകരണ മേഖലയിൽ യുവതീയുവാക്കൾക്കായി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനു പ്രോത്സാഹനം നൽകുക.
13. അഭ്യസ്തവിദ്യർക്കു നൽകുന്ന സഹായധനങ്ങൾ മാനദണ്ഡങ്ങൾ ലഘൂകരിച്ചു പഞ്ചായത്തു വഴിയാക്കുക.
14. യുവതീയുവാക്കൾക്കു വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ തുക പൂർണമായും അനുവദിക്കുക. ഉദ്ദേശിച്ച കാര്യത്തിനുതന്നെ തുക ചെലവാക്കുന്നുവെന്നും ദുരുപയോഗം ഇല്ലെന്നും ഉറപ്പുവരുത്തുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.
15. മെഴുകുതിരി ഫാക്ടറി സഹകരണ ഗ്രൂപ്പായി നടത്തുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുക.
16. കൃഷി ഭൂമി പഞ്ചായത്തുവാങ്ങി പച്ചക്കറിക്കൃഷിക്കുവേണ്ടി പട്ടികജാതി സ്ത്രീകളെ ഏല്പിക്കുക. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ചന്തകൾക്കു രൂപം നൽകുക. കൃഷിഭവൻ മുഖേന സഹായങ്ങൾ നൽകുക.
17. വീടുനിർമാണത്തിനും കക്കൂസ് നിർമാണത്തിനും സഹായം നൽകുക.

18. കർഷകത്തൊഴിലാളികൾക്കും, വിധവകൾക്കും, വൃദ്ധർക്കും, വികലാംഗർക്കും നൽകിവരുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുക. അവരിൽ ആത്മവിശ്വാസം വളർത്തുക.

19. ചുണ്ടക്കാട്, ലക്ഷ്മി, കാണ്ട്യാമ്പാറ, 8 ഏക്കർ, പോതമേട്, ആറ്റുകാട്, പവർഹൗസ് ഡിവിഷൻ, മൂത്തൻ മുടി കോളനി, പിത്തിരപുരം ലക്ഷംവീടു കോളനിക്കു സമീപം എന്നിവിടങ്ങളിൽ ഐ. എച്ച്. ഡി.പി. ഹരിജൻ കോളനികൾ സ്ഥാപിക്കുക.

20. കോട്ടപ്പാറയിലുള്ള ചെക്ക്ഡാമും പീച്ചാട് പ്ലാമലയിലുള്ള കുളങ്ങളും മത്സ്യക്കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുക.

21. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിത വായ്പനൽകുക.

22. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്തു സമിതികളെ ചുമതലപ്പെടുത്തുക. മേൽനോട്ടത്തിനു സംവിധാനം ഉണ്ടാക്കുക.

23. പ്രായപൂർത്തിയായ ഹരിജൻ സ്ത്രീകളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള സാമ്പത്തികസഹായം പഞ്ചായത്തു മുഖേന ചെയ്തുകൊടുക്കുക.

24. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കരകൗശലവസ്തു നിർമ്മാണം, ടയർ റീട്രേഡിംഗ്, ചെരിപ്പുകമ്പനി, ടെയിലറിംഗ്, മെഴുകുതിരി നിർമ്മാണം ഇവയ്ക്കു പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം ഏർപ്പെടുത്തുക.

25. പുകയില്ലാത്ത അടുപ്പു നിർമാണ ഫാക്ടറി ആരംഭിക്കുകയും ഹരിജനങ്ങൾക്കു അതിൽ പരിശീലനം നൽകുകയും ചെയ്യുക.

26. ഹരിജൻ കോളനികളിലേക്കും, ഹരിജനങ്ങൾ താമസിക്കുന്ന ഭാഗങ്ങളിലേക്കും സഞ്ചാരയോഗ്യമായ റോഡു നിർമ്മിക്കുക.

1. ആറ്റുകാട് -മൂത്തൻ മുടി- ദേശീയം റോഡ് ഏറ്റെടുത്തു ടാർ ചെയ്യണം.

2. പള്ളിവാസൽ- ആറ്റുകാട്-ഹെഡ്‌വർക്സ് റോഡ് പഞ്ചായത്ത് ഏറ്റെടുക്കണം.

3. ചന്ദ്രൻപിള്ള തോട്ടത്തിൽ നിന്നും കിട്ടപ്പൻ, മാത്തച്ചൻ, ഇവരുടെ തോട്ടങ്ങളിൽക്കൂടി മൂലക്കടയിലേക്ക് ഒരു റോഡു നിർമിക്കണം.

4. മൂത്താൻ മുടി- ശാസ്താം കോവിൽ - 16-ാം നമ്പർ കൈകാട്ടി റോഡ് ഏറ്റെടുത്തു സഞ്ചാരയോഗ്യമാക്കണം.

5. ആറ്റുകാട് - 32 എക്കർ - ദേശീയം - റോഡ് നിർമ്മിക്കുക.

27. ആറ്റുകാട്- പള്ളിവാസൽ റോഡിൽ പാലത്തിനുമുകൾ ഭാഗത്തുള്ള ജലധാരയിൽ ഒരു മിനി പവർഹൗസ് സ്ഥാപിക്കണം.

28. പോതമേട്, ആറ്റുകാട്, പവർഹൗസ് ഡിവിഷൻ, മൂത്താൻ മുടി കോളനി, പാണ്ഡവർമല, ലക്ഷ്മി എന്നിവിടങ്ങളിൽ തമിഴ് അംഗൻവാടികൾ വേണം.


29. ലക്ഷ്മി പോതമേട് എന്നിവിടങ്ങളിൽ ലൈബ്രറിയും കമ്യൂണിറ്റി ഹാളും നിർമ്മിക്കണം.

30. പോതമേടിനു മുകൾഭാഗത്തുള്ള സർക്കാർ ഭൂമിയിൽ ടൂറിസ്റ്റു റിസോർട്ടുകൾ നിർമ്മിക്കണം.

31. പോതമേട്ടിൽ ഡിസ്പൻസറി സ്ഥാപിക്കണം.

32. ശാസ്താം കോവിലിനുമുകൾ ഭാഗം, പോതമേടിനുമുകൾ ഭാഗം, മൂത്താൻ മുടി, പാണ്ഡവർമല, കിട്ടപ്പനാരായണ സ്വാമിയുടെ പരിസരം എന്നിവിടങ്ങളിൽ മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കണം.

33. ആറ്റുകാട്ടിൽ ഒരു മെക്കാനിക്കൽ വർക്ക് ഷോപ്പ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള സഹായധനം നൽകണം.



## വിഭവസമാഹരണം

നമ്മുടെ ഗ്രാമം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനം കാർഷിക-വ്യവസായ രംഗത്തെ മുരടിപ്പാണ്. ടാറ്റാ കമ്പനിയുടെ ഒരു തേയില ഫാക്ടറി ഒഴിച്ചാൽ കാര്യമായ ഒരു വ്യവസായവും പള്ളിവാസൽ പഞ്ചായത്തിലില്ല. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി സ്ഥിതിചെയ്യുന്ന പള്ളിവാസൽ വൈദ്യുതി തന്നെ ആണ് വ്യവസായ രംഗത്തെ പ്രധാന പ്രശ്നം. മറ്റൊന്ന് കാർഷിക രംഗം നേരിടുന്ന വിവിധ പ്രശ്നങ്ങളും ആണ്. ഈ രണ്ട് രംഗത്തും അഭിവൃദ്ധി ഉണ്ടായാൽ ഈ ഗ്രാമത്തിന് വമ്പിച്ച പുരോഗതി ഉണ്ടാകും. അതുപോലെ ടൂറിസത്തിന് വളരെ സാദ്ധ്യതകളുള്ള ഈ പഞ്ചായത്തിൽ ഇത് ഉപയോഗപ്പെടുത്തുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

സർക്കാർ ഗ്രാന്റുകളെ മാത്രം ആശ്രയിക്കുന്ന ഒരു പഞ്ചായത്താണ് പള്ളിവാസൽ. ഈ ഗ്രാന്റുകൾ യഥാസമയങ്ങളിൽ പഞ്ചായത്തിന് കിട്ടുന്നില്ല. ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽതന്നെ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി ഗ്രാന്റുകൾ, വെഹിക്കിൾ ഗ്രാന്റുകൾ എന്നിവ ഉദാഹരണമായി എടുക്കാം. അതുപോലെ ഏറ്റവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന ഏലം, കുരുമുളക്, തേയില എന്നിവയുടെ വിഹിതവും പഞ്ചായത്തുകൾക്ക് കിട്ടേണ്ടതുണ്ട്.

രെയും നികുതിയുടെ പട്ടികയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. സർട്ടിഫിക്കറ്റുകൾക്കുവേണ്ടി നികുതി അടയ്ക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കുന്നതിലൂടെ തങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

**പ്രശ്നങ്ങൾ :**

1. വരുമാനമുള്ള മുഴുവനാളുകളിൽനിന്നും നികുതി ഈടാക്കാൻ കഴിയുന്നില്ല.
2. നികുതിവരുമാനത്തിൽ നിന്നുള്ള ചെലവിന് സുതാര്യത ഇല്ല.
3. കെട്ടിടനികുതി, വെള്ളനികുതി, തൊഴിൽ നികുതി, വ്യവസായനികുതി, കച്ചവടനികുതി, വിനോദനികുതി തുടങ്ങിയ നികുതികൾ കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല.
4. എന്തെങ്കിലും സർട്ടിഫിക്കറ്റുകൾക്കോ മറ്റ് ആവശ്യങ്ങൾക്കോ വേണ്ടി മാത്രമേ നികുതി അടയ്ക്കാറുള്ളൂ.
5. നികുതിപിരിവിന് നേതൃത്വം കൊടുക്കുന്നതിന് ജനകീയസമിതികളില്ല.
6. തോട്ടം, എസ്റ്റേറ്റ് ഉടമകൾ നികുതി വെട്ടിപ്പ് നടത്തുന്നു.

*പട്ടിക-1 : വരുമാനത്തിലെ വ്യതിയാനം*

| | ഇനം | 91-92 | 1995 | വ്യത്യാസം |
|---|---|---|---|---|
| 1. | തനത്‌വരുമാനം | 835912 | 1508285 | + 672373 |
| | a. കെട്ടിട നികുതി | 197563 | 257431 | + 59868 |
| | b. വിനോദ നികുതി | 7533 | 15210 | + 7677 |
| | c. തൊഴിൽ നികുതി | 166536 | 274400 | + 107864 |
| 2. | എസ്. സി. പി. | | | |
| 3. | ജെ.ആർ.വൈ. | 483261 | 1266792 | 7722 |
| | ഗ്രാന്റുകൾ - സംഭാവനകൾ | 250836 | 249116 | 1720 |
| | ആകെ വരവ് | | | |
| | എസ്റ്റാബ്ലിഷ്മെന്റ് | | | |

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 2241 രൂപ കഴിഞ്ഞ വർഷം വസൂലാക്കിയിട്ടുണ്ട്. പക്ഷെ മുഴുവൻ കച്ചവടക്കാ

**സാദ്ധ്യതകൾ :**

1. കെട്ടിടനികുതി പിരിക്കുന്നത് ശാസ്ത്രീയമല്ല. നികുതി പിരിക്കുമ്പോൾ, വിസ്തീർണ്ണം മാത്രമല്ല.

ആഡംബരത്വവും സൗകര്യങ്ങളും (ഉദാ - റോഡ്, വെള്ളം.) മാനദണ്ഡമാക്കി നികുതി പിരിക്കണം. സ്റ്റാമ്പ് സമ്പ്രദായം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. അസ്സസ്സ്മെൻറ് കമ്മറ്റിയും ഉചിതമാണ്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തണം.

2. തൊഴിലെടുക്കുന്ന മുഴുവൻ ആളുകളെയും വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നികുതി കൊടുക്കുവാൻ നിർബന്ധിതരാക്കണം. അദ്ധ്യാപകർ, കച്ചവടക്കാർ, നിർമ്മാണ തൊഴിലാളികൾ, സംഘടിത തൊഴിലാളികൾ എന്നിവർക്കെല്ലാം ഇത് ബാധകമാക്കണം.

3. വിനോദനികുതി :

ടൂറിസത്തിന് സാദ്ധ്യത കൂടുതലുള്ള ഈ പഞ്ചായത്തിൽ ഹെഡ്വർക്സ് ഭാഗത്ത് ഒരു ടൂറിസ്റ്റ് കോംപ്ലക്സ്, ലക്ഷ്മി മലമുകളിൽ ഒരു നാടുകാണി പവലിയൻ, മുത്തൽമുടി പാണ്ഡവൻപാറ ഭാഗത്ത് ഒരു ടൂറിസ്റ്റ് കോട്ടേജ് എന്നിവ പണിതാൽ ടൂറിസ്റ്റുകളെ വളരെക്കൂടുതൽ ആകർഷിക്കുന്നതിനും പഞ്ചായത്തിന് നല്ല വരുമാനമുണ്ടാക്കുന്നതിനും കഴിയും.

4. പഞ്ചായത്ത് മാർക്കറ്റ് സ്ഥാപിച്ച്, കൊടുക്കൽ വാങ്ങൽ നടത്തിയാൽ ഇടനിലക്കാരെ ഒഴിവാക്കുകയും നികുതിവരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

5. തേയില, ഏലം, കുരുമുളക് എന്നിവയുടെ വിപണനത്തിൽ സർക്കാർ എടുക്കുന്ന സെസിൻെറ ഒരു വിഹിതം പഞ്ചായത്തിനു നൽകണം.

6. വനവിഭവങ്ങൾ :

ഇല്ലി, ഈറ്റ, തേൻ, തെള്ളി, പത്രിപ്പൂവ്, ഇടനത്തൊലി എന്നിവയും ഏലത്തോട്ടങ്ങളിലും വനപ്രദേശത്തും ഒടിഞ്ഞ് കിടക്കുന്ന മരങ്ങൾ എന്നിവയും പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുകയും ലേലം ചെയ്യുന്നതിനുള്ള അവകാശം കൊടുക്കുകയും ചെയ്യണം.


പാറ കോറിയും ട്രഷർമെറ്റൽ കോറികളും പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാക്കുകയും നികുതി ഈടാക്കുന്നതിനും കഴിയണം.

മനുഷ്യാദ്ധ്വാനം :

നൂറുകണക്കിന് മനുഷ്യാദ്ധ്വാനങ്ങളാണ് ദിനംപ്രതി പാഴായി പോകുന്നത്. സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി വിദ്യാർത്ഥികൾ വരെയുള്ളവരുടെ ഒരു വർഷത്തിലെ ഒരു ദിവസമെങ്കിലും നാടിൻെറ വളർച്ചയ്ക്കു വേണ്ടി സേവനദിനമായി മാറ്റണം.

തൊഴിലില്ലായ്മ വേതനം വാങ്ങുന്ന മുഴുവൻ പേരും ഒരു ദിവസമെങ്കിലും മനുഷ്യാദ്ധ്വാനം നാടിനു വേണ്ടി പ്രയോജനപ്പെടുത്തുന്നതിന് ഉറപ്പു വരുത്തണം.

●●



## ഉപസംഹാരം

കേരളത്തിൽ ഒൻപതാമതു പദ്ധതി ജനകീയമായി നടപ്പാക്കുന്നതിന്റെ ഭാഗമാണല്ലോ ഈ വികസനസെമിനാർ. പദ്ധതി പ്രായോഗികമായി യാഥാർത്ഥ്യമാകുന്നതോടെ ഒരു പുതിയ വികസന സംസ്കാരം രൂപം കൊള്ളുന്നു.

ഇതുവരെ നമുക്കുണ്ടായ അനുഭവമെന്താണ്? 'നമുക്കുവേണ്ടി' ആരെല്ലാമോ എവിടെയിരുന്നെല്ലാമോ ചിന്തിച്ചു. പലപ്പോഴും നാടിന്റെ പൊതുനന്മയ്ക്കുപരി ചില പ്രത്യേക താത്പര്യങ്ങൾ ആ ചിന്തകളെ സ്വാധീനിച്ചു. അതിന്റെ ഫലമോ? നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും നിഷ്ക്കരുണം തഴയപ്പെട്ടുപോയി. നമ്മുടെ സേവകന്മാർ സിംഹാസനം കീഴടക്കി. കാണാമറയത്തിരിക്കുന്ന അവരുടെ പേനത്തുമ്പിൽ നമ്മുടെ വികസനം കുരുങ്ങിക്കിടന്നു.

ഒരു തലത്തിൽ ഇരുന്നു ചിന്തിക്കുമ്പോൾ ആ തലത്തെ ആകെത്തന്നെ ഒരു യൂണിറ്റായി കാണാൻ കഴിയണം. വസ്തുനിഷ്ഠമായ കാഴ്ചപ്പാടുകൾക്കു ആത്മനിഷ്ഠമായ കാഴ്ചപ്പാടുകൾ വഴിമാറണം.

വിഭവഭൂപടം, പഠനപര്യടന റിപ്പോർട്ടുകൾ, സർവെ റിപ്പോർട്ടുകൾ ഇവയുടെയെല്ലാം അടിസ്ഥാനത്തിലുള്ള ചർച്ചകൾ വസ്തുനിഷ്ഠമായ തീരുമാനങ്ങളിൽ എത്തിച്ചേരുന്നതിനു സഹായിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ സെപ്തംബർ 29 മുതൽ ഒക്ടോബർ 13 വരെ തീയതികളിലായി ഒൻപതു ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളും ഓഫീസുകളിൽ കയറിയിറങ്ങി ശേഖരിച്ച വിവരങ്ങളും ഗ്രാമപഞ്ചായത്തിന്റെ എല്ലാ മേഖലകളിലൂടെയും പര്യടനം നടത്തി നേടിയ അറിവുകളും കൂട്ടിച്ചേർത്താണ് ഈ രേഖയ്ക്കു രൂപം നൽകിയിട്ടുള്ളത്.

നവംബർ മാസം 13, 14 തീയതികളിലാണ് പഠനപര്യടനം നടത്തിയത്. സർവശ്രീ ഏ.എസ്. ചെല്ലദുരൈ, ഏ.കെ. ദാസപ്പൻ, കെ.ബി. വരദരാജൻ, കെ.വി. ആൻറണി, പി.എൻ. ബാലകൃഷ്ണൻ, സാൻറി ജോസഫ്, ടെസ്സി വർഗീസ്, എസ്.കെ. വിജയൻ, പി.കെ. പ്രസന്നകുമാരി, കെ.പി. ജോസ്, ചുനക്കര രാജൻ, വി.എസ്. രവീന്ദ്രൻ എന്നിവർ പഠനസംഘത്തിൽ ഉണ്ടായിരുന്നു.

വികസനം വിവിധ വകുപ്പുകളുടെ വികസനേതര കാഴ്ചപ്പാടുകളിൽനിന്നും ജനങ്ങളുടെ ഇച്ഛാശക്തിയിലേക്കു മാറുകയാണ്. ജനഹിതമാണിവിടെ പ്രധാനം.

വിവിധ തരത്തിലുള്ള വിഭവങ്ങൾകൊണ്ടു സമ്പന്നമാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്. അതിനെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ നമുക്കു കഴിയണം. പ്രായോഗികബുദ്ധിയും അനുഭവജ്ഞാനവും വിദഗ്ദ്ധരുടെ ഉപദേശവും നമുക്കു വഴികാട്ടിയാവും. ഇതു നടപ്പാക്കാൻ അധികാരമുള്ള നമ്മുടെ ജനപ്രതിനിധികൾക്കു നമ്മുടെ സഹകരണം ആവേശം നൽകും.

സർക്കാർ നൽകുന്ന പദ്ധതിവിഹിതം ഒരു ശരാശരി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വലിയ തുകയാണ്. അതോടൊപ്പം ജനങ്ങളുടെ സഹകരണത്തേയും കൂട്ടിച്ചേർക്കുവാൻ നമുക്കു കഴിയണം. പരിധിയില്ലാത്ത സ്വപ്നങ്ങളല്ല. യാഥാർത്ഥ്യബോധത്തോടെയുള്ള പദ്ധതികളാണ് നമുക്കാവശ്യം. സ്കീം ജനകീയമാവുമ്പോൾ സഹകരണവും ജനകീയമാവും. തീർച്ചയായും ജനോപകാരപ്രദമായ പദ്ധതികൾക്കു രൂപം കൊടുക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും അതു കാരണമായിത്തീരുകതന്നെ ചെയ്യും.

കക്ഷി രാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും ഉപരിയായി വളർന്നുവരുന്ന വികസന രാഷ്ട്രീയത്തെ നാം കണ്ണു തുറന്നു കാണണം. ഇവിടെ പ്രത്യയശാസ്ത്രങ്ങളോ, സാമൂഹ്യവീക്ഷണങ്ങളോ, വിശ്വാസപ്രമാണങ്ങളോ പ്രതിബന്ധം സൃഷ്ടിക്കുകയില്ല. നമ്മുടെ ഇച്ഛാശക്തിക്കു പിന്നിൽ എല്ലാം അണിനിരക്കും.


ഗഹനമായ ചർച്ചയിലൂടെ ഈ രേഖയെ സമ്പുഷ്ടമാക്കിക്കൊണ്ട് പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ഹിതത്തിൽ സമ്പൂർണത കൈവരുത്തും എന്ന പ്രത്യാശയോടുകൂടി ഈ 'വികസന രേഖ' വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

*വിയർപ്പു മുത്തുകൾ പാർത്തിയ മണ്ണിൽ*
*വിതച്ചു കൊയ്യാൻ മോഹങ്ങൾ*
*കരുത്തു നേടുക ഗ്രാമത്തിൻ*
*കരുത്തു നമ്മ, ഇതറിയേണം.*

●●



ഞാൻ ഈ കാടിന്റെ കാവൽക്കാരൻ
(കാട്ടുപോത്ത്)



രാഷ്ട്രപിതാവ്

ഓരോരുത്തരും
അവരവരുടെ നെറ്റി വിയർപ്പാക്കി
പണിയെടുത്ത് ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു.

Printed at Vidya Offset Printers, Veekshanam Road, Ernakulam, Phone : 369447